
# അൽഹഖ്

ഫത്തഹ് 1392 | മുഹറം–സഫർ 1435 | വൃശ്ചികം – ധനു 1189

VOL :21
ISSUE: 12

ALHAQ
DEC- 2013


സൽകർമങ്ങൾ അഥവാ
സന്ദർഭോചിത കർമങ്ങൾ

◆

ഖുർആനിൽ
ഗുലാം അഹ്മദ്

◆

ഇസ്തിഗ്ഫാർ
ഇഹപരലോകത്തിലെ
വിജയത്തിനുള്ള മാർഗം

◆

സംശയം
സർവ ദു:ഖങ്ങൾക്കും ഹേതു

◆

കർമം
വിശ്വാസത്തിന്റെ ഉടയാട

◆

അയൽവാസിയുടെ
സമുദ്ധാരണത്തിനായി
ശ്രമിക്കുക

◆

ശത്രുവിനോട് അനുകമ്പ

◆

ജൽസയിൽ പങ്കെടുക്കേണ്ടത്
വിശ്വാസികൾക്ക് അനിവാര്യം


## നന്മകളെ അടുത്ത തലമുറയിലേക്ക് വ്യാപിപ്പിക്കുക

ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)





എല്ലാ നന്മകളും സ്വന്തം സന്താനങ്ങൾക്ക് നൽകാൻ ശ്രമിക്കുക. അവർ അത് മുന്നോട്ട് നൽകുകയും അവർ അതിനെ വീണ്ടും മുന്നോട്ട് എത്തിക്കുകയും ചെയ്യട്ടെ. അങ്ങനെ ഈ നന്മ ആയിരക്കണക്കിന് വർഷങ്ങളോളം നിലനിൽക്കുകയും അതിന്റെ പ്രതിഫലം നമുക്ക് ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യട്ടെ. കാരണം നബിതിരുമേനി (സ) പറഞ്ഞു, ഏതെങ്കിലും വ്യക്തിയിലൂടെ ഒരു നന്മ സ്ഥാപിക്കപ്പെടുകയാണെങ്കിൽ അത് ലോകത്ത് നിലനിൽക്കുന്നത് വരെ, എത്രയാളുകൾ അത് സ്വായത്തമാക്കികൊണ്ടിരിക്കുന്നുവോ അതിന്റെയെല്ലാം പ്രതിഫലം അയാളുടെ പേരിൽ എഴുതപ്പെടുന്നതാണ്.

*(ഖുതുബ ജുമുആ: 29.11.13)*

ചരിത്രം
ഇഷ്

# ചരിത്രം കുറിച്ച പ്രഥമ
# വാർഷിക ജൽസ

**1891 ഡിസംബറിൽ** ഹദ്റത് മസീഹ് മൗഊദ് (അ) **"ആസ്മാനീ ഫൈസ്‌ലാ"** എന്ന പേരിൽ ഒരു മഹത്തായ ഗ്രന്ഥം പ്രസിദ്ധീകരിച്ചു. പ്രസ്തുത ഗ്രന്ഥത്തിൽ മസീഹ് മൗഊദ് (അ) അനഹ്മദി പണ്ഡിതന്മാരെ ഒരു ആത്മീയ പോരാട്ടത്തിനായി ക്ഷണം നൽകി. അതോടൊപ്പം പ്രസ്തുത പോരാട്ടത്തിന് വിധിനിർണായകമാക്കി തീർക്കുന്നതിനായി പഞ്ചാബിന്റെ തലസ്ഥാനമായ ലാഹോറിൽ ഒരു അഞ്ചുമൻ സ്ഥാപിക്കാനും നിർദേശിച്ചു. അതിൽ ഇരു വിഭാഗത്തിന്റെയും അംഗീകാരമുള്ള വ്യക്തികളെ അംഗങ്ങളാക്കണമെന്നും നിർദേശിച്ചു.








ആസ്മാനീ ഫൈസ്‌ല എന്ന ഗ്രന്ഥത്തിൽ ഹദ്റത് മസീഹ് മൗഊദ്(അ) നിർദേശിച്ച അഞ്ചുമന് രൂപം നൽകുന്നതിനെ സംബന്ധിച്ച് കൂടുതൽ വിശകലനം ചെയ്യുന്നതിനായി അഹ്മദി സുഹൃത്തുക്കളോട് ഡിസംബർ 27ന് ഖാദിയാനിൽ എത്തിച്ചേരുന്നതിനായി വിളംബരപ്പെടുത്തി.

അങ്ങനെ 1891 ഡിസംബർ 27 ന് അഹ്മദികൾ മസ്ജിദ് അഖ്സായിൽ ഒരുമിച്ച് കൂടി. ളുഹർ നമസ്കാരാനന്തരം ജൽസയുടെ കാര്യപരിപാടികൾ ആരംഭിച്ചു. ഏറ്റവും ആദ്യമായി മൗലാനാ അബ്ദുൽ കരീം സാഹിബ് സിയാൽക്കോട്ടി ഹദ്റത് അഖ്ദസ് (അ) ന്റെ പുതിയ ഗ്രന്ഥമായ ആസ്മാനീ ഫൈസ്‌ല വായിച്ചു കേൾപ്പിച്ചു. പിന്നീട് നിർദേശിക്കപ്പെട്ട അഞ്ചുമന്റെ അംഗങ്ങൾ ആരൊക്കെ ആയിരിക്കണം, എപ്രകാരമാണ് അതിനുള്ള നടപടികൾ ആരംഭിക്കേണ്ടത് എന്നതിനെ സംബന്ധിച്ച് ആഭിപ്രായങ്ങൾ ആരാഞ്ഞു. അവിടെ സന്നിഹിതരായിരുന്ന എല്ലാവരും ഐക്യകണ്ഠേന പറഞ്ഞത്, ആദ്യം ഈ പുസ്തകം പ്രസിദ്ധീകരിക്കുക. പിന്നീട് എതിരാളികളുടെ പ്രതികരണം അറിഞ്ഞ ശേഷം ഇരുവിഭാഗക്കാരുടെയും സമ്മതപ്രകാരം അഞ്ചുമനിലെ അംഗങ്ങളെ നിശ്ചയിക്കാം എന്നാണ്. അതിനു ശേഷം ജൽസാ അവസാനിച്ചു. തുടർന്ന് ഹദ്റത് മസീഹ് മൗഊദ് (അ) മായി സുഹൃത്തുക്കൾ ഹസ്തദാനം നടത്തി. ഇതായിരുന്നു അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രത്തിലെ ഏറ്റവും ആദ്യത്തെ വാർഷിക ജൽസ. അതിൽ 75 പേരാണ് പങ്കാളികളായത്.



മൗലാനാ അബ്ദുൽ കരീം സാഹിബ് സിയാൽക്കോട്ട്

ഏതാനും ദിവസങ്ങൾക്കുള്ളിൽ തന്നെ ഹദ്റത് മസീഹ് മൗഊദ് (അ) ഒരു വിജ്ഞാപനത്തിലൂടെ മുഴുവൻ ജമാഅത്തിനും തന്റെ തീരുമാനം അറിയിച്ച് കൊണ്ട് ഇങ്ങനെ വിളംബരപ്പെടുത്തി," ഭാവിയിൽ എല്ലാ വർഷവും **ഡിസംബർ 27,28,29** തീയതികളിൽ ജമാഅത്തിന്റെ ജൽസ ഉണ്ടായിരിക്കുന്നതാണ്.

*(താരീഖെ അഹ്മദിയ്യത്ത്)*






മസ്ജിദ് അഖ്സ

തഫ്സീർ

ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ)



وَبَشِّرِ الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ أَنَّ لَهُمْ جَنَّاتٍ تَجْرِي مِنْ تَحْتِهَا الْأَنْهَارُ (2:26)



# സൽകർമങ്ങൾ അഥവാ സന്ദർഭോചിത കർമങ്ങൾ

ഈ വചനത്തിൽ അല്ലാഹു പറയുന്നു, വിശ്വസിക്കുകയും സന്ദർഭോചിത കർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവർക്ക് സ്വർഗങ്ങൾ ലഭിക്കുന്നതാണ്... സ്വലഹ എന്നതിന്റെ അർഥം സന്ദർഭോചിതം എന്നാണ്. അഅ്മാലെ സ്വാലിഹ എന്നാൽ സന്ദർഭോചിത കർമങ്ങൾ എന്നാകുന്നു.

വിശുദ്ധ ഖുർആനിലും മറ്റ് ഗ്രന്ഥങ്ങളിലും ഉള്ള ഒരു വ്യതിരിക്തത, മറ്റ് ഗ്രന്ഥങ്ങളിൽ സത്പ്രവർത്തികൾ ചെയ്യുന്നതിനുള്ള കല്പനകൾ ഉണ്ട്. സത്പ്രവർത്തികൾ എന്നത് കൊണ്ട് അവ അർഥമാക്കുന്നത് ദൈവാരാധന, മനുഷ്യരോടുള്ള സത്പെരുമാറ്റം, എന്നിവയാണ്. ഉദാഹരണമായി ദാനധർമങ്ങൾ, ക്ഷമിക്കൽ, ഔദാര്യം തുടങ്ങിയവ. എന്നാൽ വിശുദ്ധഖുർആൻ തൽസ്ഥാനത്ത് അമലെ സ്വാലിഹ് ചെയ്യുന്നതിനുള്ള കല്പനയാണ് നൽകുന്നത്. സത്പ്രവർത്തിയേക്കാൾ കൂടുതൽ വിശാലമായ അർഥം ഇത് ഉൾക്കൊള്ളുന്നു.

വിശുദ്ധഖുർആന്റെ അഭിപ്രായത്തിൽ ഒരു കർമത്തിന്റെ പ്രകടമായ നല്ല രൂപം മനുഷ്യനെ ശുദ്ധീകരിക്കുന്നതിന് മതിയായതല്ല. മറിച്ച്, അത് സന്ദർഭോചിതവും ആയിരിക്കേണ്ടത് അനിവാര്യമാകുന്നു. ഉദാഹരണമായി, വിശുദ്ധഖുർആന്റെ അടിസ്ഥാനത്തിൽ ദൈവാരാധനയുടെ പ്രകടമായ രൂപം അനുവർത്തിക്കുക മാത്രം മതിയായതല്ല. അത് കാപട്യത്തിൽ നിന്നും പ്രകടനാത്മകതയിൽ നിന്നും ശുദ്ധമായിരിക്കേണ്ടതുമാണ്.

നമസ്കാരം സത്പ്രവർത്തിയാകുന്നു. എന്നാൽ അതിൽ പ്രകടനാത്മകത കലർന്നാൽ പ്രത്യക്ഷത്തിൽ അത് ദൈവാരാധനയാകുന്നു, എന്നാൽ അല്ലാഹുവിന്റെ പക്കൽ സ്വീകാര്യമല്ല. കാരണം അത് സന്ദർഭോചിത കർമമല്ല. അതുപോലെ ഉദാഹരണത്തിന് ഒരാൾ മുങ്ങിത്താഴുകയാണ്. നീന്തൽ അറിയുന്ന മറ്റൊരു വ്യക്തിക്ക് അതിനെ സംബന്ധിച്ച് അറിവു ലഭിക്കുകയും എന്നാൽ അത് വകവെക്കാതെ നമസ്കരിക്കാൻ തുടങ്ങിയാൽ, നമസ്കാരം നല്ല പ്രവർത്തിയാണെങ്കിലും അന്നേരം അത് സത്കർമമായിരിക്കില്ല. കാരണം അന്നേരത്തെ സന്ദർഭോചിതമായ പ്രവർത്തി മുങ്ങിത്താഴുന്ന വ്യക്തിയെ രക്ഷിക്കുക എന്നതാണ്, നമസ്കാരമല്ല.

അല്ലെങ്കിൽ ഉദാഹരണത്തിന് കാരുണ്യ പ്രകൃതമുള്ള ഒരു വ്യക്തി, മറ്റൊരാളെ ഒരാൾ ആക്രമിക്കുന്നതായി കാണുമ്പോൾ അക്രമിക്ക് പൊറുത്തു കൊടുക്കാൻ ആഗ്രഹിച്ചാൽ, പൊറുത്തു കൊടുക്കുക എന്നത് സത്കർമമാണെങ്കിലും അന്നേരം സന്ദർഭോചിതമായത് ആ അക്രമിയെ എതിരിട്ടു കൊണ്ട് മർദ്ദിതനെ സഹായിക്കുക എന്നതാണ്.

അല്ലെങ്കിൽ ഉദാഹരണമായി ഒരു വ്യക്തി ജഡ്ജിയുടെ കസേരയിൽ ഇരിക്കുന്നു. രാജ്യം അദ്ദേഹത്തെ കുറ്റവാളികളെ ശിക്ഷിക്കുന്നതിനായി നിയമിച്ചിരിക്കുകയാണ്. അദ്ദേഹം സഹജമായ കാരുണ്യത്താൽ ഒരു കള്ളനോ അല്ലെങ്കിൽ കൊള്ളക്കാരനെ മാപ്പ് കൊടുക്കുകയാണെങ്കിൽ, മാപ്പ് കൊടുക്കുന്നത് സത്കാര്യമാണെങ്കിലും അന്നേരം അത് സത്കർമമായിരിക്കില്ല. അല്ലാഹുവിന്റെ പക്കൽ അത് സ്വീകാര്യമായിരിക്കില്ല. കാരണം ജഡ്ജിയായി നിയമിക്കപ്പെട്ട അദ്ദേഹത്തിന്റെ സന്ദർഭോചിത കർമം അദ്ദേഹത്തിൽ അർപിതമായ ഉത്തരവാദിത്വത്തെ നിറവേറ്റുക എന്നതാണ്. നിയമം അനുശാസിക്കുന്ന പരിധി വരെ അദ്ദേഹത്തിന് കാരുണ്യം കാണിക്കാവുന്നതാണ്.

അല്ലെങ്കിൽ ഉദാഹരണമായി, ഒരു വ്യക്തിയുടെ പക്കൽ മറ്റൊരാൾ തന്റെ പൈസ സൂക്ഷിക്കുവാൻ ഏൽപ്പിക്കുന്നു. എന്നാൽ അയാൾ ആ പൈസയെടുത്ത് സാധുക്കൾക്ക് വിതരണം ചെയ്യുന്നതായാൽ, സാധുക്കളെ സഹായിക്കുക നല്ല കാര്യമാണെങ്കിലും അയാളുടെ ആ പ്രവർത്തി സത്കർമമായിരിക്കില്ല. കാരണം സൂക്ഷിപ്പുകാരനെന്ന നിലയിൽ അയാളുടെ സന്ദർഭോചിത പ്രവർത്തി ആ പൈസ സൂക്ഷിച്ചു വെക്കുക എന്നതായിരുന്നു. ഇനി അഥവാ ഏതെങ്കിലും ദരിദ്രനെ സംബന്ധിച്ച് അറിവുണ്ടാകുകയാണെങ്കിൽ തന്നെ പൈസയുടെ ഉടമസ്ഥനെ സത്കർമത്തിനായി പ്രേരിപ്പിക്കാവുന്നതാണ്.

അതു പോലെ ഉദാഹരണമായി, ഒരു വ്യക്തി മറ്റൊരു വ്യക്തിയെ കാവൽക്കാരനായി നിയമിച്ചിരിക്കുകയാണ്. ഭൂനിവാസികൾക്ക് നാശത്തിന് ഹേതുവാകുന്ന എന്തോ വലിയ ആപത്ത് ഭൂമിയിൽ ഉണ്ടാകാൻ പോകുന്നതായി ആ കാവൽക്കാരന് അറിവ് ലഭിക്കുന്നു. അന്നേരം ഒരു സൂക്ഷിപ്പ് കാര്യത്തിനായി ചുമതലപ്പെടുത്തിയതാണെങ്കിലും പ്രസ്തുത ആപത്തിനെ ഇല്ലാതാക്കുന്നതിനായി ശ്രമിക്കുക എന്നതാണ് അയാളുടെ കടമ. കാരണം ചെറിയ നഷ്ടത്തെ ആവഗണിച്ച് വലിയ നഷ്ടത്തിൽ നിന്ന് രക്ഷിക്കാൻ ശ്രമിക്കുക എന്നതാണ് അന്നേരത്തെ സന്ദർഭോചിത കർമം.

ചുരുക്കത്തിൽ അമലെ സ്വാലിഹ് എന്നതിന് സത്കർമം എന്നതിനേക്കാൾ വിശാലമായ അർഥമാണുള്ളത്. പ്രകടമായ നിലയിൽ മാത്രമല്ല മറിച്ച് ആന്തരികമായ നിലയിലും ഉത്തമമായ സൽക്കർമങ്ങളെയാണ് അമലെ സ്വാലിഹ് എന്ന് പറയുന്നത്. മാത്രമല്ല അത് കർമമെന്ന നിലയിൽ മാത്രം ഉത്തമമാകില്ല മറിച്ച്, സന്ദർഭാനുസരണവും ഉത്തമമായിരിക്കും. അമലെ സ്വാലിഹ് ചെയ്യുന്ന വ്യക്തി വാക്കുകളെ അന്ധമായി പിൻപറ്റുകയല്ല ചെയ്യുന്നത് മറിച്ച്, ദൈവദത്തമായ സ്വന്തം ബുദ്ധി ഉപയോഗിച്ച് പ്രസ്തുത കർമം ഏത് നിലയിലാണ് ഏറ്റവും ഉത്തമമായി വെളിപ്പെടേണ്ടത് എന്നും വീക്ഷിക്കുന്നു. അല്ലെങ്കിൽ ഏതെങ്കിലും നല്ലൊരു കർമം ചെയ്യുന്നു എന്നതിൽ മാത്രം തൃപ്തനാകാതെ തന്റെയും മറ്റുള്ളവരുടെയും ആത്മീയ, ഭൗതിക നന്മയ്ക്കായി അനിവാര്യമായത് ചെയ്യുന്നു. വിശുദ്ധഖുർആൻ ഈ വ്യതിരിക്തതയെ വളരെ സുന്ദരമായ നിലയിൽ പരാമർശിക്കുന്നുണ്ട്.

അല്ലാഹു പറയുന്നു, فَمَنْ عَفَا وَأَصْلَحَ فَأَجْرُهُ عَلَى اللَّهِ (42:41) ദ്രോഹത്തിനുള്ള പ്രതികാരം തത്തുല്യമായ ദ്രോഹമാകുന്നു. എന്നാൽ മാപ്പ് ചെയ്യുകയും അത് മുഖേന സമുദ്ധാരണത്തിന് മുൻഗണന നൽകുകയും ചെയ്യുന്നതായാൽ അതിന്റെ പ്രതിഫലം അല്ലാഹുവിന്റെ പക്കലാകുന്നു.

ഈ വചനത്തിൽ ഒരു നന്മയായ മാപ്പ് ചെയ്യലിനെ പ്രശംസിക്കുകയാണ്. എന്നാൽ അതോടൊപ്പം തന്നെ മാപ്പ് ചെയ്യുന്നതിന്റെ ഫലമായി സമുദ്ധാരണം ഉണ്ടാകുന്നെങ്കിൽ മാത്രമേ അത് അല്ലാഹുവിന്റെ പക്കൽ സ്വീകാര്യമായതാകുന്നുള്ളു എന്ന നിബന്ധനയും വെച്ചിട്ടുണ്ട്.

എപ്രകാരമെന്നാൽ ഒരു വ്യക്തി സമീപ ഗ്രാമത്തെ കൊള്ളയടിക്കാനായി പോകുന്ന ഒരു കൊള്ളക്കാരനെ കാണുന്നു. പോകുന്ന വഴി ആ കൊള്ളക്കാരൻ ഈ വ്യക്തിയെയും ദുർബലനാണെന്ന് കരുതി ആക്രമിക്കുന്നു. എന്നാൽ ആ വ്യക്തി ആ കൊള്ളക്കാരനെ കീഴ്പ്പെടുത്തുന്നു. അന്നേരം മാപ്പ് കൊടുക്കുക എന്നത് പ്രത്യക്ഷത്തിൽ നന്മയാണെങ്കിലും തന്നിൽ നിന്ന് എങ്ങനെയെങ്കിലും രക്ഷപ്പെട്ട് മറ്റുള്ളവരെ ആക്രമിച്ച് അവർക്ക് നഷ്ടം വരുത്താനാണ് അയാളുടെ ഉദ്ദേശ്യം എന്ന് മനസ്സിലായാൽ ആ മാപ്പ് നൽകൽ സമുദ്ധാരണത്തിന് ഹേതുവാകുന്നതല്ല മറിച്ച് കൂടുതൽ കുഴപ്പങ്ങൾക്ക് കാരണമാകുന്നതാണ്. അങ്ങനെയുള്ള അവസരത്തിൽ ആ വ്യക്തി കൊള്ളക്കാരന് മാപ്പ് കൊടുക്കുകയാണെങ്കിൽ, അയാൾ ചെയ്തത് നന്മയാണെങ്കിലും അതിനെ അമലെ സ്വാലിഹ് എന്ന് വിശേഷിപ്പിക്കാൻ സാധിക്കില്ല.

(തഫ്സീറെ കബീർ: വാല്യം 1, പേജ് 247-248)

സമ്പാ: ഇബ്നു അശ്റഫ്





# ഖുറൈശികൾ നജ്ജാശിയുടെ ദർബാറിൽ

മുസ്‌ലിംകൾ വളരെ എളുപ്പത്തിൽ ഖുറൈശികളുടെ കൈകളിൽ നിന്നും രക്ഷപ്പെടുകയും അബ്സ്സീനിയയിൽ വളരെ സമാധാനത്തോടു കൂടെ ജീവിക്കുന്നത് കാണുകയും ചെയ്തതോടെ അവരുടെ കോപം ആളിക്കത്തി. ഒടുവിൽ അവർ അംറ് ബ്നു ആസിനെയും അബ്ദുല്ലാ ഇബ്നു റബീഅയെയും അബ്സ്സീനിയയിലേക്ക് അയക്കാൻ തീരുമാനിച്ചു. അവരോടൊപ്പം നജ്ജാശിക്കു വേണ്ടി വിലയേറിയ സമ്മാനങ്ങളും കൊടുത്തയച്ചു, എന്നല്ല, രാജസേവകർക്ക് പോലും ഉപഹാരങ്ങൾ നൽകുകയുണ്ടായി. അറബ് നാട്ടിൽ അന്നു പ്രസിദ്ധമായിരുന്ന തൊലികൊണ്ടുണ്ടാക്കിയ സാധനങ്ങളായിരുന്നു മിക്കതും. ഇങ്ങനെ വളരെ ആർഭാടുകൂടിയാണ് ആ സംഘം അബ്സ്സീനിയയിലേക്ക് പുറപ്പെട്ടത്. മുസ്‌ലിംകളെ അബ്സ്സീനിയയിൽ നിന്നും തിരിച്ചു കൊണ്ടു വന്ന് വീണ്ടും അവരെ പീഡിപ്പിക്കുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. അങ്ങനെ അബ്സ്സീനിയയിലെത്തി അംറ് ബ്നു ആസും കൂട്ടാളിയും ആദ്യം രാജസേവകരുമായി കൂടിക്കാഴ്ച നടത്തുകയും അവർക്ക് ഉപഹാരങ്ങൾ സമർപ്പിക്കുകയും ചെയ്തു. പിന്നീട് അവരിലൂടെ ഖുറൈശി സംഘം നജ്ജാശിയുടെ കൊട്ടാരത്തിലെത്തി ചേർന്നു. ഉപഹാരങ്ങൾ സമർപ്പിച്ചതിന് ശേഷം അവർ നജ്ജാശിയോടപേക്ഷിച്ചു: അല്ലയോ രാജാവേ! ഞങ്ങളുടെ ആളുകളിൽപ്പെട്ട വിവരം കെട്ട ചിലർ തങ്ങളുടെ പൂർവ്വ പിതാക്കളുടെ മതം ഉപേക്ഷിച്ചു കൊണ്ട് ഒരു പുതിയ മതം കൊണ്ടു വന്നിരിക്കയാണ്. അങ്ങയുടെ മതത്തിന്റെയും എതിരാളികളാണവർ. നാട്ടിൽ കുഴപ്പമുണ്ടാക്കിയ അവരിൽ ചിലർ ഇവിടേക്ക് ഒളിച്ചോടി വന്നിരിക്കുകയാണ്. ആയതിനാൽ, അവരെ ഞങ്ങളോടൊപ്പം അയക്കണമെന്ന് അപേക്ഷിക്കുന്നു. രാജസേവകരും അവരെ തുണച്ചു. എന്നാൽ വളരെ ബുദ്ധികൂർമയുള്ള ഭരണാധികാരിയായിരുന്ന നജ്ജാശി ഏകപക്ഷീയമായി തീരുമാനം കൈകൊ ള്ളാൻ തയ്യാറായില്ല.അദ്ദേഹം പറഞ്ഞു: ഇവർ എന്നിൽ അഭയം ചോദിച്ചു കൊണ്ട് വന്നതാണ്. അതു കൊണ്ട് അവർക്ക് പറയാനുള്ളത് കേൾക്കാതെ എനിക്കൊരു തീരുമാനം പറയാൻ സാധിക്കില്ല. അങ്ങനെ മുസ്‌ലിംകളെ കൊട്ടാരത്തിലേക്ക് വിളിപ്പിക്കുകയും അവരോട് ഇപ്രകാരം ചോദിക്കുകയും ചെയ്തു. ഇതെന്താണ് കാര്യം? നിങ്ങളെന്ത് മതമാണ് കൊണ്ടു വന്നിരിക്കുന്നത്? ഹദ്റത്ത് ജാഫർ ഇബ്നു അബീ താലിബ് മുസ്‌ലിംകളെ പ്രതിനിധാനം ചെയ്തു കൊണ്ട് മറുപടി പറഞ്ഞു: അല്ലയോ രാജാവേ! അജ്ഞരും വിഗ്രഹപൂജകരും ശവംതീനികളുമായ ഒരു ജനതയായിരുന്നു ഞങ്ങൾ. നീചവൃത്തികളിൽ ഞങ്ങളേർപ്പെട്ടു. ബന്ധങ്ങൾ വിച്ഛേദിക്കുകയും അയൽവാസികളോട് മോശമായി പെരുമാറുകയും ചെയ്തു. ഞങ്ങളിലെ ശക്തൻ ദുർബലന്റെ അവകാശങ്ങളെ അപഹരിക്കുമായിരുന്നു. ആ അവസ്ഥയിൽ അല്ലാഹു ഞങ്ങളിൽ ഒരു ദൂതനെ അയച്ചു. അദ്ദേഹത്തിന്റെ സ്വഭാവവൈശിഷ്ട്യത്തെയും സത്യസന്ധതയെയും വിശ്വസ്തതയെയും സംബന്ധിച്ച് ഞങ്ങൾക്ക് നന്നായി അറിയാമായിരുന്നു.അദ്ദേഹം ഞങ്ങളെ ദൈവം എകനാണെന്ന് പഠിപ്പിക്കുകയും ബിംബാരാധനയിൽ നിന്ന് ഞങ്ങളെ തടയുകയും ചെയ്തു. സത്യം പറയാനും വിശ്വസ്തത കൈകൊള്ളാനും ബന്ധങ്ങളെ കൂട്ടിയിണക്കാനും അദ്ദേഹം ഞങ്ങളോട് കൽപിച്ചു. അയൽക്കാരോട് നല്ല നിലയിൽ പെരുമാറണമെന്ന അദ്ധ്യാപനം നൽകി. വ്യഭിചാരം,കളവ്, കൊല,അനാഥരുടെ സ്വത്ത് അപഹരിക്കൽ എന്നിവയിൽ നിന്നും അദ്ദേഹം ഞങ്ങളെ തടഞ്ഞു. ദൈവാരാധനയെ സംബന്ധിച്ച കൽപന നൽകി. ഞങ്ങളദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ അനുസരിക്കുകയും ചെയ്തു. എന്നാൽ ഇക്കാരണത്താൽ ഞങ്ങളുടെ സമുദായം ഞങ്ങളെ വെറുക്കാൻ തുടങ്ങി. ഞങ്ങളെ ദു:ഖങ്ങളിലും കഷ്ടപ്പാടുകളിലും അകപ്പെടുത്തി. പല വിധത്തിലും ഞങ്ങളെ അവർ ശിക്ഷിക്കുകയും ബലം പ്രയോഗിച്ച് പുതിയ മതത്തിൽ ചേരുന്നത് തടയാൻ ഒരുമ്പെടുകയും ചെയ്തു. അവസാനം അവരുടെ പീഡനങ്ങൾ സഹിക്ക വയ്യാതെ ഞങ്ങൾ രാജ്യം വിടുകയും അങ്ങയുടെ രാജ്യത്ത് അഭയം പ്രാപിക്കുകയും ചെയ്തിരിക്കുകയാണ്. അത് കൊണ്ട് അല്ലയോ രാജാവേ! അങ്ങയുടെ ഭരണത്തിങ്കീഴിൽ ഞങ്ങളുടെ മേൽ അക്രമങ്ങളുണ്ടാകില്ലെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഈ പ്രസംഗം കേട്ട് നജ്ജാശി വളരെ പ്രഭാവിതനായി. അദ്ദേഹം ഹ: ജാഫറിനോട് പറഞ്ഞു: നിങ്ങളിലവതരിച്ച വചനങ്ങൾ എന്നെ കേൾപ്പിക്കുക. അപ്പോൾ ഹ: ജാഫർ(റ) സൂറ: മർയമിന്റെ ആദ്യവചനങ്ങൾ ഓതിക്കേൾപ്പിച്ചു. ഈ വചനങ്ങൾ കേട്ടപ്പോൾ നജ്ജാശിയുടെ കണ്ണുകൾ ഈറനണിഞ്ഞു. വളരെ വികാരഭരിതനായികൊണ്ട് അദ്ദേഹം പറഞ്ഞു: അല്ലാഹുവാണെ സത്യം, ഈ വചനങ്ങളും ഹ:മസീഹി(ഈസാ നബി)ന്റെ വചനങ്ങളും ഒരേ ഉറവിടത്തിൽ നിന്നുള്ളതാണ്. ഇത് പറഞ്ഞു കൊണ്ടദ്ദേഹം ഖുറൈശി സംഘത്തോട് പറഞ്ഞു: നിങ്ങൾ തിരിച്ചു പോയി കൊള്ളുക. നിങ്ങളോടൊപ്പം ഞാനിവരെ അയക്കില്ല. നജ്ജാശി അവരുടെ ഉപഹാരങ്ങളും തിരിച്ചു നൽകി.

ഹദ്റത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)



# ഇന്നല്ലാഹ യുഹിബ്ബുൽ ഹയാഅ വസ്സിത്റ

ഹദ്റത് യഅൽ (റ) നിവേദനം ചെയ്യുന്നു, നബി (സ പറഞ്ഞു, ഇന്നല്ലാഹ അസ്സ വജല്ല യുഹിബ്ബുൽ ഹയാഅ വസ്സിത്റ (മസ്നദ് അഹ്മദ്) പ്രതാപവാനായ അല്ലാഹു ലജ്ജയെ ഇഷ്ടപ്പെടുന്നു, മറച്ചുവെക്കുന്നതിനെ ഇഷ്ടപ്പെടുന്നു.

പിന്നീട് നബി (സ)യെക്കുറിച്ച് സുനൻ അബൂദാവൂദിൽ ഹദ്റത് മുആവിയ (റ) നിവേദനം ചെയ്യുന്നു: നബി (സ)യെ ഇങ്ങനെ പറയുന്നതായി കേട്ടു: അഥവാ നീ ജനങ്ങളുടെ ന്യൂനതയ്ക്ക് പിന്നാലെ കൂടുകയാണെങ്കിൽ നീ അവരെ വഴികേടിലാക്കുന്നതാണ്. അല്ലെങ്കിൽ അവരിൽ വഴികേടിനുള്ള മാർഗം സൃഷ്ടിക്കുന്നതാണ്. അതിനാൽ ക്ഷമിക്കുക മാത്രമല്ല മറിച്ച്, തെറ്റുകൾ മറച്ചു വെക്കുകയും ചെയ്യേണ്ടതാണ്. അവരുടെ ന്യൂനതകളെ പറഞ്ഞ് പരത്താതെ അതിനെ മറച്ചു വെക്കുക.

വീണ്ടും സഫ്വാമിബിനു യഅൽ (റ) നിവേദനം ചെയ്യുന്നു: നബി തിരുമേനി (സ) പറയുന്നു: പ്രതാപവാനായ അല്ലാഹു വളരെ ലജ്ജയുള്ളവനാകുന്നു. മറച്ചു വെക്കുന്നവനുമാകുന്നു. (സുനൻ നസായീ)

ഇവിടെ സത്തീർ എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. സത്താർ എന്നതിന്റെയും സത്തീർ എന്നതിന്റെയും അർഥങ്ങൾ ഏകദേശം ഒന്നാണെങ്കിലും വ്യത്യാസമുണ്ട്. സത്തീർ എന്നാൽ, നിരന്തരമായി യാതൊരു തടസ്സവുമില്ലാതെ തുടർന്നുകൊണ്ടു പോകുക എന്നതാണ്. ഇത് സത്തീർ എന്ന ഗുണത്തിന്റെ സവിശേഷതയാണ്. ഏതെങ്കിലും കാര്യത്തിൽ, ഏതെങ്കിലും പിഴവിൽ പൊതുവിൽ മറയിടുന്നത് സത്താർ എന്ന ഗുണവുമായി ബന്ധപ്പെട്ടാണ്. എന്നാൽ സ്ഥിരമായി ഒരു നിയമമെന്ന നിലയിൽ ദാസരെ സംരക്ഷിക്കുകയും അവരെ അന്യരുടെ ദൃഷ്ടിയിൽ നിന്ന് സംരക്ഷിക്കുകയും ചെയ്യുക എന്നത് സത്തീർ എന്ന ഗുണവുമായി ബന്ധപ്പെടുന്നു.

പറയുന്നു, നിങ്ങളിലുള്ളവയെ മാത്രം മറച്ചുവെക്കുകയല്ല വേണ്ടത് മറിച്ച്, പുറമെയുള്ളതിനെയും മറച്ചുവെക്കുക. പുരുഷന്മാരുടെയും സ്ത്രീകളുടെയും ശരീരത്തെ മറക്കുന്നതിനെ സംബന്ധിച്ചും ലജ്ജയെ സംബന്ധിച്ചുമുള്ള വിശദമായ എല്ലാ അധ്യാപനങ്ങളും അല്ലാഹുവിന്റെ സത്താർ എന്ന ഗുണവുമായി ബന്ധപ്പെട്ടാണ്. അതായത് സത്തീർ എന്ന നിലയിൽ അവൻ ഈ കല്പന നടപ്പിലാക്കുന്നു.

ഹദ്റത് ഇബ്നു മസ്ഊദ് (റ) നിവേദനം ചെയ്യുന്നു, ഒരു വ്യക്തിയിൽ മോഷണം ആരോപിച്ചു കൊണ്ട് നബി(സ)യുടെ മുന്നിൽ ഹാജരാക്കി. നബി(സ) അദ്ദേഹത്തിന്റെ കൈ വെട്ടാൻ കല്പിച്ചു. ഈ അവസ്ഥ കണ്ടിട്ട് നബി(സ)യുടെ മുഖം വിവർണമായി. മുസ്ലിംകൾ ചോദിച്ചു, അല്ലാഹുവിന്റെ ദൂതരേ, താങ്കൾക്ക് ഇക്കാര്യത്തിൽ എന്തെങ്കിലും അനിഷ്ടം തോന്നുന്നുണ്ടോ? നബി (സ) പറഞ്ഞു, എന്ത് കൊണ്ട് വരില്ല? ഞാൻ എന്റെ സഹോദരന്റെ ശത്രുതയിൽ പിശാചിന്റെ സഹായിയാകാൻ ആഗ്രഹിക്കുന്നില്ല. അല്ലാഹു നിങ്ങളുടെ തെറ്റുകളെ പൊറുത്തു തരണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങൾക്ക് ജനങ്ങളുടെ തെറ്റുകളെ മറച്ചു വെക്കേണ്ടി വരും. കാരണം നിങ്ങൾ പിശാചിന്റെ അടുക്കൽ ചെല്ലുമ്പോൾ വിധി നടപ്പിലേക്കേണ്ടത് അനിവാര്യമായിത്തീരുന്നു.

വളരെ നീതിയുക്തമായ അധ്യാപനമാകുന്നു. ഏതാണ് മറച്ചുവെക്കേണ്ടത്, ഏതാണ് മറച്ചു വെക്കേണ്ടാത്തത്, എവിടെയാണ് പൊറുത്തു കൊടുക്കേണ്ടത്, എവിടെയാണ് ശിക്ഷ നൽകേണ്ടത് എന്നത് സ്പഷ്ടമാക്കപ്പെടുന്നു. ഈ ഹദീസിന്റെ വിഷയത്തിൽ ജമാഅത്ത് പ്രത്യേകമായി ചിന്തിക്കേണ്ടതാണ്. ഏതെങ്കിലും ഒരു വ്യക്തിയിൽ തിന്മ കാണുമ്പോൾ തന്നെ പ്രസ്തുത തിന്മയെ സംബന്ധിച്ച് പരാതിപ്പെട്ട് ശിക്ഷ വാങ്ങിക്കൊടുക്കേണ്ടതാണെന്നത് ഒതു തെറ്റിദ്ധാരണയാകുന്നു. ഇത് നിങ്ങളുടെ കടമയല്ല. നബി തിരുമേനി (സ) ഇതിനെ ഇഷ്ടപ്പെടുന്നില്ല. എന്നാൽ ഏതെല്ലാം തിന്മകളെ സംബന്ധിച്ച് പരാതിപ്പെടണം, ഏതിനെ സംബന്ധിച്ച് പരാതിപ്പെടേണ്ട എന്നത് മറ്റൊരു വിഷയമണ്.

പരാതിപ്പെടേണ്ടാത്ത കാര്യങ്ങളെ സംബന്ധിച്ച് ഹദീസുകളിൽ നിന്നും മാതൃകയിൽ നിന്നും നാം മനസ്സിലാക്കിയത്, വ്യക്തികളുടെ സ്വകാര്യ, വ്യക്തിഗത തിന്മകളാകുന്നു. എന്നാൽ ജമാഅത്ത് വ്യവസ്ഥിതിയ്ക്കോ, ഇസ്ലാമിനോ വിരുദ്ധമായ ഏതെങ്കിലും തിന്മയാണെങ്കിൽ അതിനെ എത്തിക്കേണ്ടിടത്ത് എത്തിക്കുന്നത് നബി (സ) ഒരിക്കലും വിലക്കിയിട്ടില്ല. മറിച്ച് അത്തരം കാര്യങ്ങളെ വളരെ ശ്രദ്ധയൊടും സൂക്ഷ്മതയോടും കൂടി കേൾക്കാറുണ്ടായിരുന്നു. തൽഫലമായി പരാതികൾ മാത്രം കേൾക്കുന്നതിനുള്ള കാതാണെന്ന് അന്യർ ആക്ഷേപിക്കാറുണ്ടായിരുന്നു എന്ന് ഖുർആൻ പറയുന്നു.

ചുരുക്കത്തിൽ നബി (സ)യുടെ മാതൃക ഇക്കാര്യത്തിൽ വ്യതിരിക്തമാക്കി കാണിച്ചിരിക്കുന്നു. സാമൂഹിക നഷ്ടത്തിന് സാധ്യതയുള്ളപ്പോൾ അക്കാര്യത്തെ ബന്ധപ്പെട്ട വിഭാഗത്തിലേക്ക് എത്തിക്കേണ്ടത് വിശ്വാസികളുടെ നിബന്ധനയാകുന്നു.

സ്വകാര്യ തെറ്റുകളെ സംബന്ധിച്ചുള്ള നബി (സ) യുടെ അധ്യാപനം അവയ്ക്ക് നേരെ കണ്ണടയ്ക്കുകയും അതിനെ ജനങ്ങളിലേക്ക് എത്തിക്കുന്നതിൽ ലജ്ജിക്കുകയും ചെയ്യുക എന്നാണ്. ബന്ധപ്പെട്ട വിഭാഗത്തിലേക്ക് അക്കാര്യം എത്തിക്കഴിഞ്ഞാൽ അവർക്ക് ശിക്ഷിക്കാതെ തരമില്ല. കാരണം അത് അല്ലാഹുവിനാൽ അവരിൽ ഏൽപ്പിക്കപ്പെട്ട ചുമതലയാണ്.

(ഖുത്വുബ ജുമുആ: 20.1.1983)

*സമ്പാ: ടി.എം.അബ്ദുൽ മുജീബ്, തമ്മനം.*

അൽഹഖ്
വാർത്താപത്രിക
2013 ഡിസംബർ
പുസ്തകം 21 ലക്കം 12

യുഗനാദം

ഹദ്റത് അഹ്മദ്(അ)



# യഥാർഥ നന്മ

പ്രാകൃതനിലയിൽ കഴിഞ്ഞിരുന്ന ആദിമകാല മനുഷ്യരെ സംസ്കാരമുള്ളവരാക്കി മാറ്റുന്നതിനായി അല്ലാഹു പ്രവാചകന്മാരുടെ ശൃംഘല ആരംഭിച്ചു. മനുഷ്യന്റെ ബുദ്ധിയും യുക്തിയും വികസിക്കുന്നതിനനുസരിച്ച് അവന് നന്മയുടെയും സത്പ്രവൃത്തിയുടെയും പാഠങ്ങൾ പഠിപ്പിക്കാൻ തുടങ്ങി. അങ്ങനെ മത അദ്ധ്യാപനങ്ങളിലൂടെ മനുഷ്യൻ ദൈവത്തെ പ്രാപിക്കാനും അവന്റെ കാരുണ്യങ്ങളെ അനുഭവിച്ചറിയാനും തുടങ്ങി.

എല്ലാ മതങ്ങളും അതിന്റെ അനുയായികളോട് കല്പിച്ചത് നന്മ ചെയ്യുക എന്നായിരുന്നു. നന്മകളിലൂടെ മനുഷ്യന് ആത്മീയതയുടെ ഉന്നത നിലവാരത്തിലേക്ക് ഉയരാൻ കഴിയും എന്ന് അല്ലാഹുവിനാൽ നിയോഗിതരായ പ്രവാചകന്മാരും തങ്ങളുടെ മാതൃകയാൽ സ്ഥാപിച്ചു. പിന്നീട് ആ നന്മയുടെ നിലവാരം ഇല്ലാതാകുകയും മനുഷ്യൻ ദുഷ്കർമങ്ങളിലും തിന്മകളിലും ആണ്ടുപോകുകയും ചെയ്യുമ്പോൾ വീണ്ടും അല്ലാഹുവിന്റെ കാരുണ്യം അലയടിക്കുകയും ആത്മീയതയുടെ പുതിയൊരു യുഗപ്പിറവി ഉണ്ടാകുകയും ചെയ്യുന്നു.

സർവ മനുഷ്യർക്കും സകലമാന കാലഘട്ടത്തിലേക്കും വേണ്ടി അവതരിച്ച വിശുദ്ധഖുർആൻ പക്ഷേ മറ്റുള്ള എല്ലാ വേദഗ്രന്ഥങ്ങളെക്കാളും ഇക്കാര്യത്തിലും വ്യതിരിക്തത പുലർത്തി. മറ്റ് വേദ ഗ്രന്ഥങ്ങളെ പോലെ, നന്മ ചെയ്യുക എന്ന് മാത്രമല്ല അത് പറഞ്ഞത്. മറിച്ച്, നന്മയുടെ ശരിയായ നിർവചനവും അതിലൂടെ അല്ലാഹു നമുക്ക് നൽകുകയുണ്ടായി. എല്ലാ നന്മയും എല്ലാ സമയത്തും സത്പ്രവൃത്തിയായിരിക്കില്ല എന്ന പാഠം വിശുദ്ധ ഖുർആൻ നമുക്ക് നൽകി. സമയത്തിനും സന്ദർഭത്തിനും സാഹചര്യത്തിനും അനുഗുണമാകുമ്പോഴാണ് അത് യഥാർഥ സത്പ്രവൃത്തി അല്ലെങ്കിൽ നന്മ എന്ന് പറയപ്പെടുകയുള്ളു.

മനുഷ്യബുദ്ധിയെ പരിപോഷിപ്പിക്കുകയും അതിനെ ശരിയായ നിലയിൽ ഉപയോഗിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകത വിശുദ്ധഖുർആൻ പഠിപ്പിച്ചു. അങ്ങനെ സത്ക്കർമത്തെയും ബുദ്ധിയെയും പരസ്പരം യോജിപ്പിച്ചു. ഏത് നന്മ എപ്പോൾ ഏതെല്ലാം നിലയിൽ ആരോടെല്ലാം ചെയ്യുമ്പോഴാണ് അത് യഥാർഥ നന്മ എന്ന് പറയപ്പെടുന്നത് എന്ന് നമ്മെ പരിചയപ്പെടുത്തി.

ഇനി നാം അവയെ പ്രായോഗികവൽക്കരിക്കുകയാണ് വേണ്ടത്. നന്മ അല്ലെങ്കിൽ സത്ക്കർമമാണെന്ന് കരുതി സംതൃപ്തരാകാതെ അത് ഗുണകാരിയാണോ സന്ദർഭോചിതമാണോ എന്ന് പരിശോധിച്ചു കൊണ്ട് അത് സ്വായത്തമാക്കാൻ ശ്രമിക്കേണ്ടതാണ്. അല്ലാഹു നമുക്ക് സത്ക്കർമത്തെ അതിന്റെ ശരിയായ നിലയിൽ അല്ലാഹുവിന്റെ തൃപ്തിക്ക് ഹേതുവാകുന്ന തരത്തിൽ നിർവഹിക്കുന്നതിനുള്ള തൗഫീഖ് നൽകട്ടെ. ആമീൻ

- ടി.എം.അബ്ദുൽ മുജീബ്

## യഥാർഥ സത്ക്കർമം

സത്യഹൃദയത്തോടും ആത്മീയതയോടും കൂടി ചെയ്യാത്ത കർമങ്ങൾ സത്പ്രവർത്തികളല്ലെന്നുള്ളത് നല്ല പോലെ ഓർത്തു കൊള്ളുക. അത് യാതൊരു തരത്തിലും ഗുണകാരിയാകുന്നതല്ല. ഈ കർമങ്ങൾ പ്രയോജനപ്പെടുന്നതല്ല. യാതൊരു തരത്തിലുമുള്ള വക്രതകളുമില്ലാത്ത സത്പ്രവർത്തനങ്ങളാണ് യഥാർഥത്തിൽ സത് കർമങ്ങൾ എന്ന് പറയപ്പെടുന്നത്.

(മൽഫൂസാത്ത്, വാല്യം 3, പേജ് 499)

## സത്കർമത്തിന്റെ നിർവചനം

സൽകർമങ്ങളിൽ യാതൊരു തരത്തിലുള്ള വക്രതകളും ഉണ്ടാകരുത്. അതായത് അല്ലാഹുവിന്റെ കൽപനകൾക്കനുഗുണമായിരിക്കണം, പിന്നീട് നബി തിരുമേനി(സ)യുടെ ചര്യകൾക്കനുസരിച്ചായിരിക്കണം, കൂടാതെ അതിൽ യാതൊരു തരത്തിലുള്ള അലസതയോ അഹങ്കാരമോ കാപട്യമോ ഉണ്ടാകരുത്. സ്വയം ആവിഷ്കരിച്ചതുമായിരിക്കരുത്.ഇത്തരത്തിലുള്ള കർമങ്ങളാണ് സത്ക്കർമങ്ങൾ എന്ന് പറയപ്പെടുന്നത്.

(മൽഫൂസാത്ത്, വാല്യം 3, പേജ് 631)

## സത്കർമ്മമില്ലെങ്കിൽ നാശം

നമ്മുടെ ജമാഅത്ത് അത്യധികമായി സത്കർമങ്ങൾ ചെയ്യേണ്ടതാണ്. അവരുടെ അവസ്ഥയും അന്യരുടേത് പോലെ തന്നെയാണെങ്കിൽ പിന്നെന്ത് വ്യതിരിക്തതയാണ്? അല്ലാഹുവിന് അവരെ പരിഗണിക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ട ആവശ്യം എന്ത്?

(മൽഫൂസാത്ത്, വാല്യം 3, പേജ് 589)

## സത്കർമമില്ലാത്ത വിശ്വാസം നിഷ്ഫലം

അക്രമത്തിന്റെയും അഹന്തയുടെയും പ്രകടനാത്മകതയുടെ യും ഗർവിന്റെയും മനുഷ്യാവകാശ ധ്വംസനത്തിന്റെയും ചിന്തയില്ലാത്ത കർമങ്ങളാണ് സത്കർമമെന്ന് അറിയപ്പെടുന്നത്. സത്കർമങ്ങളാൽ മനുഷ്യൻ പരലോകത്തിൽ രക്ഷ പ്രാപിക്കുന്നത് പോലെ ഇഹലോകത്തും രക്ഷ പ്രാപിക്കുന്നു. വീട്ടിൽ ഒരാളെങ്കിലും സത്കർമിയായിട്ടുണ്ടെങ്കിൽ ആ വീട് രക്ഷപ്പെടുന്നു. സത്കർമമില്ലാത്തതു വരെ വിശ്വാസം നിഷ്ഫലമാകുന്നു. വൈദ്യൻ കുറിപ്പടി എഴുതി തന്നാൽ അതിനർഥം അതിലുള്ളത് വാങ്ങി കുടിക്കുക എന്നാണ്. അഥവാ ആ മരുന്നുകളെ ഉപയോഗിക്കുന്നില്ലായെങ്കിൽ ആ കുറിപ്പടി വങ്ങി വെച്ചത് കൊണ്ട് മാത്രം പ്രയോജനം ലഭിക്കുന്നതല്ല.

(മൽഫൂസാത്ത്, വാല്യം 2, പേജ് 576)

## അല്ലാഹു സത്കർമിയുടെ പരിപാലകനാകുന്നു

അല്ലാഹുവിന് വേണ്ടി മാത്രമാകുമ്പോഴാണ് സത്കർമമാകുന്നത്. പിന്നീട് അല്ലാഹു തന്റെ ദാസനെ സ്വയം പരിപാലിക്കുന്നു. അവനായി ജീവിത മാർഗങ്ങൾ സ്വയം വെളിപ്പെടുന്നു. എന്നാൽ ഇത് അല്ലാഹുവിന്റെ അനുഗ്രഹമാകുന്നു.

(മൽഫൂസാത്ത്, വാല്യം 5, പേജ് 84)

ദഅ്വത്തെ ഇലല്ലാഹ്



മുജീബ്

# ഖുർആനിൽ ഗുലാം അഹ്മദ്

**മൗലാനാ ദോസ്ത് മുഹമ്മദ് ശാഹിദ്**

ഒരു അഹ്ലെ ഹദീസ് പണ്ഡിതൻ തന്റെ ഏതാനും ചേലകളെയും കൂട്ടി റബ്വ സന്ദർശിക്കുവാനായി വന്നു. അദ്ദേഹം "തന്റെ ഖുർആനും" കൂടെ കൊണ്ടു വന്നിരുന്നു. വന്ന ഉടൻ തന്നെ പറഞ്ഞു: ഞാൻ ബയ്അത്ത് ചെയ്യുന്നതിനായിട്ടാണ് വന്നിട്ടുള്ളത്. എന്നാൽ ഒരു നിബന്ധനയുണ്ട്. താങ്കൾ "എന്റെ ഖുർആനിൽ" ഗുലാം അഹ്മദിന്റെ നാമം കാണിച്ചു തരണം. ഞാൻ അദ്ദേഹത്തെ സ്വീകരിച്ചിരുത്തി. എന്നിട്ട് പറഞ്ഞു, നിങ്ങൾ ഈ നിബന്ധന എഴുതി രേഖപ്പെടുത്തിയാലും. അയാൾ പറഞ്ഞു, അതിന്റെ ആവശ്യമില്ല. വാക്കാലുള്ള ഏറ്റുപറച്ചിൽ തന്നെ മതിയായതാണ്.
വിനീതൻ ആദ്യം തന്നെ ഹദ്റത് മസീഹ് മൗഊദ് (അ ന്റെ ഒരു ഉദ്ധരണി വായിച്ചു കേൾപ്പിച്ചു.
മസീഹ് മൗഊദ് (അ) എഴുതുന്നു, "*ഈ വിനീതൻ ഒരു സത്യസന്ദേശം ദൈവത്തിന്റെ സൃഷ്ടികൾക്ക് എത്തിക്കുന്നതിന്നായിട്ടാണ് അയക്കപ്പെട്ടിട്ടുള്ളത്.... ആ സന്ദേശം ഇതാകുന്നു, മോക്ഷഗേഹത്തിൽ പ്രവേശിക്കുന്നതിനുള്ള ഏക കവാടം ലാ ഇലാഹ ഇല്ലല്ലാഹു മുഹമ്മദുർ റസൂലുല്ലാഹ് എന്നതാകുന്നു.*"

(ഹുജ്ജത്തുൽ ഇസ്ലാം)

ഞാൻ പറഞ്ഞു, മുഹമ്മദീ മസീഹിന്റെ നിയോഗോദ്ദേശ്യം തന്നെ പരിശുദ്ധകലിമയുടെ പ്രചരണമാകുന്നു. താങ്കൾ താങ്കളുടെ ഖുർആനിൽ നിന്ന് പരിശുദ്ധകലിമയുടെ മുഴുവൻ വാക്കുകളും കാണിക്കുകയാണെങ്കിൽ അതിനു തൊട്ടു ശേഷം ഗുലാം അഹ്മദിന്റെ പേരും ഉണ്ടെന്ന് ഞാൻ തെളിയിച്ചു തരാം. ഈ പേര് സ്വാഭാവികമായും ക്രമമനുസരിച്ച് പരിശുദ്ധ കലിമയ്ക്ക് ശേഷമാണല്ലോ വരേണ്ടത്. ആ വ്യക്തി കുറേ നേരം അദ്ഭുതപരതന്ത്രനായി നോക്കിയിരുന്നു. എന്നിട്ട് പറഞ്ഞു, നിശ്ചയമായും പരിശുദ്ധ കലിമ വിശുദ്ധഖുർആനിൽ ഉണ്ട്. എന്നാൽ രണ്ട് വ്യത്യസ്ത സൂറത്തുകളിൽ വിഭജിക്കപ്പെട്ട നിലയിലാണ്, ഒറ്റ ആയത്തിലല്ല. ഞാൻ പറഞ്ഞു, പരിശുദ്ധ കലിമയെ ഒരു സ്ഥലത്ത് തന്നെ പരാമർശിക്കാത്ത അല്ലാഹു അതിന്റെ വാഹകന്റെ പേര് ഒരു സ്ഥലത്ത് തന്നെ എന്തിന് രേഖപ്പെടുത്തണം? ഗുലാം അഹ്മദ് എന്ന പേരിന് പിന്നിൽ ഇതേ തത്വം തന്നെയാണുള്ളത്. അല്ലാഹു "ഗുലാം" എന്ന വാക്ക് ആലെ ഇംറാനിലും "അഹ്മദ്" എന്ന വാക്ക് സൂറത്ത് സ്വഫ്ഫിലും രേഖപ്പെടുത്തിയിട്ടുണ്ട്. അതിനാൽ നിശ്ചയമായും അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ ഗുലാം അഹ്മദ് എന്ന പേരുണ്ട്. അതിനാൽ താങ്കൾ സ്വന്തം വാഗ്ദാനം അനുസരിച്ച് ഇപ്പോൾ തന്നെ ബയ്അത്ത് ഫോറം പൂരിപ്പിക്കുക. അത് കേട്ട മാത്രയിൽ തന്നെ ആ വ്യക്തി തന്റെ കൂട്ടാളികളോടൊപ്പം അവിടെ നിന്ന് അപ്രത്യക്ഷമായി.

# ഫത്വ പുലിവാലായി

ഒരിക്കൽ വിനീതൻ സാഹിവാലിൽ ഒരു കുതിര വണ്ടിയിൽ യാത്ര ചെയ്യുകയായിരുന്നു. എന്നോടൊപ്പം ഏതാനും ദേവ്ബന്ദി പണ്ഡിതന്മാരും ഉണ്ടായിരുന്നു. സമയം വളരെ കുറവായിരുന്നതിനാൽ എനിക്ക് അവരോട് ഒരേയൊരു ചോദ്യമേ ഉന്നയിക്കാൻ സാധിച്ചുള്ളു. അതിപ്രകാരമായിരുന്നു: ഇന്ന് ഇന്ത്യയിലെ ദേവ്ബന്ദി പണ്ഡിതന്മാർ ഇന്ത്യയിലെ ഹിന്ദു ഭരണകൂടത്തിന്റെ അനുസാരിയാണെന്ന് പറഞ്ഞ് അഭിമാനം കൊള്ളുന്നു. എന്നാൽ ബ്രിട്ടീഷ് ഭരണകൂടത്തിനെതിരിൽ ജിഹാദിനുള്ള ഫത്വ നൽകിയിരുന്നു. ബ്രിട്ടീഷ് ഭരണമാണെങ്കിൽ അതിനെ എതിർക്കുകയും ഹിന്ദുഭരണാധികാരികളുടെ ഭരണമാണെങ്കിൽ അതിനെ അനുസരിക്കുന്നത് ഇസ്ലാമികമാണെന്നും ഖുർആനിൽ എവിടെയെങ്കിലും രേഖപ്പെട്ടു കിടക്കുന്നുണ്ടോ? സൂറ യൂസുഫിൽ നിന്നും സ്പഷ്ടമാകുന്നത്, ഫിർഔനിന്റെ ഭരണമാണെങ്കിലും യൂസുഫ് (അ) പോലുള്ള ധൈര്യശാലിയായ പ്രവാചകൻ അയാളുടെ പ്രജയാണെങ്കിൽ ഫിർഔനി ഭരണത്തിന്റെ നിയമങ്ങളെയും നീതിയെയും ആദരിക്കേണ്ടി വരുമെന്നാണ്. അൽഹംദുലില്ലാഹ്, അഹ്മദിയ്യാ ജമാഅത്ത് 1889 മുതൽ ഇന്നുവരെ ഇതേ ആദർശമാണ് പ്രഖ്യാപിച്ചു കൊണ്ടിരിക്കുന്നത്. എന്നാൽ ബ്രിട്ടീഷ് ഭരണത്തിന്റെ കാലശേഷം നിങ്ങൾക്ക് സ്വന്തം അഭിപ്രായം മാറ്റേണ്ടി വന്നു. അപ്പോൾ ആദ്യത്തെ ഫത്വയായിരുന്നോ അതോ രണ്ടാമത്തേതായിരുന്നുവോ ഇസ്ലമിന് വിരുദ്ധം എന്ന് ഇനി നിങ്ങൾ തീരുമാനിക്കുക. ഇത്രയും പറഞ്ഞപ്പോൾ അവർ ഉടൻ പറഞ്ഞു, ഞങ്ങൾക്കിവിടെയാണ് ഇറങ്ങേണ്ടത്. ഖുദാ ഹാഫിസ്.

(അവ: ദിൽചസ്പ് ഇൽമി വാഖിആത്ത്)

# ഹദ്റത് അബ്ദുല്ലാഹ് (റ) ഇബ്നു റവാഹ

**വംശാവലി:** അൻസാർ ഗോത്രമായ ബനൂ ഖദ്റജ് വംശജൻ. അബൂമുഹമ്മദ് അബൂറവാഹ എന്നീ പേരുകളിൽ അറിയപ്പെടുന്നു. വിശുദ്ധ ഖുർആനിൽ *അസ്സാബിഖൂനൽ അവ്വലൂൻ* എന്ന് പരാമർശിക്കപ്പെട്ട ആദ്യകാല സഹാബാക്കളിൽ അദ്ദേഹവും ഉൾപ്പെടുന്നു.

**ഇസ്ലാം ആശ്ലേഷണം**

ഹദ്റത് അബ്ദുല്ലാഹ് (റ) ന് ഉഖ്ബ സാനിയ യായുടെ അവസരത്തിൽ 70 സഹാബാക്കളോ ടൊപ്പം ബയ്അത്ത് ചെയ്യുന്നതിനുള്ള അവസ രം ലഭിച്ചിരുന്നു. നബിതിരുമേനി(സ) അൻസാ റുകളുടെ വിവിധ ഗോത്രങ്ങളുടെ മേൽനോട്ട ക്കാരായി നിശ്ചയിച്ച 12 നേതാക്കന്മാരിലും അ ദ്ദേഹം ഉൾപ്പെടുന്നു. എഴുതുന്ന ജോലിയിൽ വിദഗ്ധനായിരുന്നു. നബി(സ)യ്ക്കായി എഴു തുന്ന ജോലിയും അദ്ദേഹം നിർവഹിച്ചിരുന്നു.

**യുദ്ധങ്ങളിൽ**

ഇസ്ലാമിന്റെ ശത്രുക്കൾ മുസ്ലിംകളെ ആക്ര മിക്കാൻ തുടങ്ങുകയും മുസ്ലിംകൾ അതിനെ പ്രതിരോധിക്കാൻ ആരംഭിക്കുകയും ചെയ്തതു മുതലുള്ള എല്ലാ യുദ്ധങ്ങളിലും ഭാഗഭാക്കാ കാനുള്ള അവസരം അദ്ദേഹത്തിന് ലഭിച്ചിട്ടു ണ്ട്. തന്റെ ജീവിതത്തിലെ അവസാന യുദ്ധ മായ മുഅ്ത യുദ്ധത്തിൽ വരെ അദ്ദേഹം പങ്കെടുത്തിരുന്നു. ബദ്ർ യുദ്ധവിജയത്തിന്റെ സുവാ ർത്ത പ്രാന്തപ്രദേശങ്ങളിലേക്ക് എത്തി ക്കാൻ നബി(സ) അദ്ദേഹത്തെയായിരുന്നു നിയോഗിച്ചത്. അടുത്ത വർഷം ബദ്റിന് പകരം ചോദിക്കാനായി ശത്രുനീക്കം ഉണ്ടായപ്പോൾ അദ്ദേഹത്തെ മദീനയിലെ തന്റെ പ്രതിനിധിയും അമീറും ആയി നിയമിച്ചിട്ടായിരുന്നു നബി (സ) പോയത്.

**സ്നേഹ വികാരാവേശം**

ബദ്ർ യുദ്ധത്തിന് മുൻപ് ഒരവസരത്തിൽ നബി (സ) ഒരു സഹാബിയുടെ പരിചരണത്തിനായി പോകുകയായിരുന്നു. വഴിയിൽ മുസ്ലിംകളു ടെ യും യഹൂദികളുടെയും വിഗ്രഹാരാധകരു ടെയും ഒരു സദസ്സ് സമ്മേളിച്ചിരുന്നു. അതിൽ കപടവിശ്വാസികളുടെ തലവനായ അബ്ദുല്ലാ ഹിബ്നു ഉബയ്യും ഉണ്ടായിരുന്നു. അബ്ദുല്ലാ ഹ്(റ) ഇബ്നു റവാഹയും അക്കൂട്ടത്തിൽ ഉണ്ടാ യിരുന്നു. നബി(സ) അതിനടുത്തു കൂടെ കടന്ന് പോയത് അബ്ദുല്ലാഹിബ്നു ഉബയ്യിന് രസിച്ചില്ല. അവിടെ അല്പം പൊടിപടലങ്ങളും ഉയർന്നു. ഇബ്നു ഉബയ്യ് വളരെ നീരസത്തോ ടെ പറഞ്ഞു, ഞങ്ങളിൽ പൊടി പറത്തല്ലേ. നബി(സ) അവിടെ നിൽക്കുകയും അല്പം ഖുർആൻ ഓതിക്കേൾപ്പിക്കുകയും ചെയ്ത പ്പോൾ ഇബ്നു ഉബയ്യ് പറഞ്ഞു, ഇതിനെക്കാൾ നല്ലത് പറയാനില്ലെങ്കിൽ തന്നെയും വീട്ടിൽ ഇരുന്നാൽ മതി. അവിടെ വരുന്നവർക്ക് മാത്രം കേൾപ്പിച്ചാൽ മതിയാകുന്നതാണ്. ഞങ്ങളുടെ ഈ മജ്ലിസിൽ വന്നു കൊണ്ട് ഞങ്ങളെ ബുദ്ധിമുട്ടിക്കുകയും ഞങ്ങളുടെ സദസ്സിനെ അലങ്കോലപ്പെടുത്തുകയും ചെയ്യരുത്. അത് കേട്ടപ്പോൾ വികാരാവേശത്താൽ അഹ്ദുല്ലാഹ് (റ) മുഴുവൻ മുസ്ലിംകളുടെയും പ്രതിനിധി യായിക്കൊണ്ട് പറഞ്ഞു, അല്ലാഹുവിന്റെ ദൂതരേ! താങ്കൾ നിശ്ചയമായും ഞങ്ങളുടെ സദ സ്സുകളിൽ വരേണ്ടതാണ്. ഞങ്ങളുടെ ഹുസൂർ ഞങ്ങളെ അഭിമുഖീകരിക്കുന്നത് ഞങ്ങൾക്കത് വളരെ പ്രിയങ്കരമാണ്.

**അത്യുത്തമനായ കവി**

അദ്ദേഹം മഹാനായ ഒരു കവിയും ആയിരു ന്നു. നബി(സ)യുടെ സവിധത്തിലെ മൂന്ന് മഹാ ന്മാരായ കവികളിൽ ഒന്ന് അദ്ദേഹമായിരുന്നു. യുദ്ധവേളകളിൽ അദ്ദേഹത്തിന്റെ കവിതകൾ പടയാളികളിൽ ആവേശം നിറക്കുന്നതായിരു ന്നു. അഹ്സാബ് യുദ്ധവേളയിൽ അദ്ദേഹത്തി ന്റെ ഒരു കവിത എല്ലാവരും ഒന്നിച്ച് ചേർന്ന് ആലപിച്ചിരുന്നു.

**ശത്രുക്കളുടെ മേൽ പ്രഹരം**

ഹുദൈബിയാ സന്ധിക്കു ശേഷം ഉടമ്പടി അനുസരിച്ച് നബി (സ) അടുത്ത വർഷം ഉംറ യ്ക്കായി പുറപ്പെട്ടു. കഅബ പ്രദക്ഷിണം വെച്ച സമയത്ത് അബ്ദുല്ലാഹ് (റ) ആയിരുന്നു നബി (സ) ഒട്ടകത്തിന്റെ കടിഞ്ഞാൺ പിടിച്ചിരുന്ന ത്. അന്നേരം അദ്ദേഹം വളരെ വികാരാവേശ ത്താൽ കവിതകൾ ചൊല്ലിക്കൊണ്ടിരുന്നു. അതിൽ നബി(സ) യുടെ ശ്രേഷ്ഠതയെയും ശത്രുക്കളുടെ നാശത്തെയും സംബന്ധിച്ച് പരാ മർശിച്ചിരുന്നു. അത് കേട്ടപ്പോൾ ഹദ്റത് ഉമർ (റ) അദ്ദേഹത്തെ അത്തരം കവിതാലാപനത്തി ൽ നിന്ന് തടയാൻ ആഗ്രഹിച്ചു. എന്നാൽ നബി (സ) പറഞ്ഞു: നിർത്തേണ്ട. ഇത് ശത്രുക്കളുടെ ഹൃദയത്തിൽ കൂരമ്പുകളേക്കാൾ ശക്തമായ പ്രഹരമാണ് ഏൽപ്പിക്കുന്നത്.

**നബി (സ) യ്ക്കുള്ള വിശ്വാസം**

നബി (സ) തിരുമേനിക്ക് അദ്ദേഹത്തിൽ വലിയ വിശ്വാസമായിരുന്നു. അതിനാൽ അദ്ദേഹത്തെ നബി (സ) വിവിധ ഉദ്യമങ്ങളിൽ നിയോഗിച്ചി രുന്നു.

**ഖൈബറിലേക്ക് ശാന്തി ദൂതനായി**

ഖൈബർ യുദ്ധവിജയത്തിനു ശേഷം യഹൂദി കൾ മറ്റൊരു നേതാവിന്റെ കീഴിൽ മുസ്ലിം കൾക്കെതിരിൽ പടയൊരുക്കം നടത്തിയപ്പോൾ അവരിലേക്ക് നബി(സ) ശാന്തി ദൂതനായി നിയോഗിച്ചത് അബ്ദുല്ലാഹ് (റ) നെയായിരുന്നു. കൂടാതെ യുദ്ധശേഷം ഉണ്ടായ കരാറനുസരിച്ച് വിളവിന്റെ പകുതി മുസ്ലിംകൾക്കുള്ളതായി രുന്നു. നബി(സ) എല്ലാ വർഷവും അതിന്റെ കണക്കെടുക്കാനായി നിയോഗിച്ചിരുന്നത് അദ്ദേ ഹത്തെയായിരുന്നു.


**നബി (സ)യുടെ സ്നേഹം**

നബി(സ) യ്ക്കും തന്റെ ഈ സത്യപ്രേമിയോട് വലിയ സ്നേഹമായിരുന്നു. ഒരിക്കൽ അദ്ദേഹം രോഗിയായപ്പോൾ നബി(സ) ശുശ്രൂഷയ്ക്കാ യി എത്തി. രോഗം മൂർച്ചിച്ചിരിക്കുകയായിരുന്നു. ആ അവസ്ഥ കണ്ട് നബി(സ) ദുആ ചെയ്തു, അല്ലാഹുവേ! അഥവാ ഇത് അദ്ദേഹത്തിന്റെ അവസാനസമയമാണെങ്കിൽ അദ്ദേഹത്തെന്റെ ഈ അവസാന സമയത്തുള്ള പ്രയാസങ്ങളെ ലഘൂകരിക്കേണമേ. അല്ലെങ്കിൽ അല്ലാഹുവേ! നീ അദ്ദേഹത്തിന് വേഗത്തിൽ ശമനം നൽകേ ണമേ. നബി(സ) യുടെ ഈ ദുആ പെട്ടെന്ന് തന്നെ പൂർത്തിയാകുകയും അദ്ദേഹത്തിന് രോഗശാന്തി ലഭിക്കുകയും ചെയ്തു.

**മുഅ്ത യുദ്ധത്തിനായി നിയോഗിക്കപ്പെടുന്നു**

മുസ്ലിംകൾക്കെതിരിൽ ബസ്റയിൽ പടയൊ രുക്കം ഉണ്ടായപ്പോൾ നബി(സ) 3000 പേരട ങ്ങുന്ന സൈന്യത്തെ സൈദ് ഇബ്നു ഹാരി സ്(റ) ന്റെ നേതൃത്വത്തിൽ നിയോഗിച്ചു. എന്നിട്ട് പറഞ്ഞു, അദ്ദേഹം ശഹീദാവുകയാണെങ്കിൽ ജാഫർ (റ) ഇബ്നു ത്വയ്യാർ പടത്തലവനാകു

⇨




# ഇസ്തിഗ്ഫാർ ഇഹപരലോകത്തിലെ വിജയത്തിനുള്ള മാർഗം

ഗുർദാസ്പൂർ ജില്ലയിലെ ഗുൽമഞ്ച് നിവാസിയായ മിയാൻ മുഹമ്മദ് ഖാൻ സാഹിബ് എഴുതുന്നു, പ്രാരംഭകാലഘട്ടത്തിൽ ഹദ്റത് മസീഹ് മൗഊദ് (അ) മസ്ജിദ് മുബാറക്കിൽ സ്വയം ഇമാമായിക്കൊണ്ട് നമസ്കരിപ്പിക്കുമായിരുന്നു. ഒരാൾ അദ്ദേഹത്തിന്റെ വലതു ഭാഗത്തും നാലോ അഞ്ചോ ആളുകൾ പിറകിലെ സ്വഫ്ഫിലും നിൽക്കാനുള്ള സ്ഥല പരിധിയേ ഉണ്ടായിരുന്നുള്ളു. ആരാണോ ആദ്യം വന്നുകൊണ്ട് വലതു ഭാഗത്ത് ഇരിക്കുന്നത് അവർക്ക് മസീഹ് മൗഊദ് (അ ) നോട് എന്തെങ്കിലും സംസാരിക്കാനുള്ള ഭാഗ്യം ലഭിക്കുമായിരുന്നു. ഒരു ദിവസം ഞാൻ നേരത്തേ തന്നെ വുളുചെയ്ത് മസ്ജിദ് മുബാറക്കിലെ വലതു ഭാഗത്ത് ചെന്ന് ഇരുന്നു. കുറച്ച് കഴിഞ്ഞപ്പോൾ ഹദ്റത് മസീഹ് മൗഊദ് (അ) ആഗതരായി. അദ്ദേഹം എന്റെ സമീപത്ത് തന്നെ ഇരുന്നു. അപ്പോഴേക്കും നാലഞ്ച് ആളുകൾ കൂടി വന്നു. കാഴ്ചയിൽ അവർ വളരെ മാന്യന്മാരാണെന്ന് തോന്നിയിരുന്നു. ഞാൻ ഹുസൂർ (അ) ന്റെ കാലുകൾ തടവി കൊടുക്കാൻ തുടങ്ങി. എന്നിട്ട് വളരെ സങ്കോചത്തോടു കൂടി ഹുസൂർ (അ) നോട് ചോദിച്ചു, ഹുസൂർ ഇഹപരലോകങ്ങളിൽ വിജയം കരസ്ഥമാക്കുന്നതിനുള്ള എന്തെങ്കിലും നിത്യകർമം എനിക്ക് പറഞ്ഞു തന്നാലും. ഹുസൂർ (അ) പറഞ്ഞു, “അത്യധികമായി ഇസ്തിഗ്ഫാർ ചെയ്തു കൊണ്ടിരിക്കുക.” ആകയാൽ നാളിതുവരേക്കും അത് തന്നെയാണ് എന്റെ നിത്യകർമം.

## ഒരു സ്വപ്നത്തിന്റെ വ്യാഖ്യാനം

പീർ സിറാജുൽ ഹഖ് സാഹിബ് നുഅ്മാനി (റ) പറയുന്നു; ഹദ്റത് മസീഹ് മൗഊദ് (അ) പറയാറുണ്ടായിരുന്നു, ഒരിക്കൽ മസീഹ് മൗഊദ് (അ) ന്റെ ഉസ്താദ് ആയിരുന്ന ഗുൽ അലി ശാഹ് സാഹിബിനോട് ഒരു സയ്യിദ് വന്ന് പറഞ്ഞു, ഞാൻ സ്വപ്നത്തിൽ (നഊദുബില്ലാഹ്) റസൂൽ (സ) നരകത്തിൽ പതിക്കുന്നതായും, അദ്ദേഹത്തിന്റെ ദേഹമാസകലം മുറിവുകൾ പറ്റിയതായും, അഗ്നി കത്തുന്നതായും, വെള്ളക്കാരോ ഇംഗ്ലീഷ്കാരോ പുറത്ത് കാവൽ നിൽക്കുന്നതായും കണ്ടു. ഈ സ്വപ്നം കേട്ടത് മുതൽ മൗലവി ഗുൽ അലി ശാഹ് സാഹിബ് അത്യന്തം വ്യസനിക്കുകയും അദ്ദേഹത്തിന്റെ വിശ്വാസത്തിൽ വ്യതിയാനം സംജാതമാകുകയും ചെയ്തു. നബി തിരുമേനി (സ) യെ സംബന്ധിച്ച് സംശയവും ജനിച്ചു. ഒരിക്കൽ ഗുൽ അലി ശാഹ് സാഹിബ് ദുഖിതനായി പ്രസ്തുത സ്വപ്നം മറ്റൊരാളോട് വിവരിക്കുന്നതിനിടയിൽ ഹദ്റത് മസീഹ് മൗഊദ് (അ) പഠിക്കുന്നതായി എത്തി. അദ്ദേഹം ഈ സ്വപ്നം ശ്രവിച്ചപ്പോൾ അതിനെ വ്യാഖ്യാനിച്ചു കൊണ്ട് പറഞ്ഞു, ഈ സ്വപ്നം കണ്ട വ്യക്തി സ്വയം അവിശ്വാസി ആയിത്തീരുന്നതാണ്. പിന്നീട് ക്രിസ്ത്യാനി ആയിത്തീർന്നു കൊണ്ട് നരകത്തിൽ പതിക്കുന്നതാണ്. അതങ്ങനെ തന്നെ സംഭവിക്കുകയും ചെയ്തു. അയാൾ ക്രിസ്ത്യാനിയാകുകയും കുഷ്ഠരോഗം ബാധിച്ച് മരണപ്പെടുകയും ചെയ്തു. ഈ സ്വപ്ന വ്യാഖ്യാനം കേട്ട മൗലവി ഗുൽ അലി ശാഹ് സാഹിബ് വളരെയധികം സന്തോഷിക്കുകയും അദ്ദേഹത്തിന്റെ വിശ്വാസം ശരിയാകുകയും ചെയ്തു.

(സീറത്തുൽ മഹ്ദി: വാല്യം 1)

**സമ്പാ: ടി. അമീറുദ്ദീൻ സാജിദ്, മൂവാറ്റുപുഴ**

---

ന്നതാണ്. അദ്ദേഹവും ശഹീദാവുകയാണെങ്കിൽ അതിനു പകരം അബ്ദുല്ലാഹ് (റ) ഇബ്നു റവാഹ പടത്തലവനാകുന്നതാണ്.

**ശഹാദത്തിന്റെ അഭിവാഞ്ജ**

അന്നേരം അദ്ദേഹം കരയാൻ തുടങ്ങി. സഹാബാക്കൾ കാരണം ആരാഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു, എല്ലാവർക്കും ഒരിക്കൽ അഗ്നിയെ അഭിമുഖീകരിക്കേണ്ടി വരുന്നതാണ് എന്ന് ഖുർആനിൽ പറഞ്ഞിട്ടുണ്ട്. എനിക്ക് അങ്ങനെയുള്ള അവസരം വരുമ്പോൾ കാലിടറാതിരിക്കാൻ അല്ലാഹു എന്നെ സഹായിക്കട്ടെ. എനിക്ക് സ്ഥൈര്യം നൽകട്ടെ. തുടർന്ന് അദ്ദേഹം കവിതയിലൂടെ ശഹാദത്തിനുള്ള ആഗ്രഹം പ്രകടിപ്പിക്കുകയുണ്ടായി.

**ശത്രുനീക്കം**

എന്നാൽ മുഅ്തയിൽ എത്തിയപ്പോൾ അറിയാൻ കഴിഞ്ഞത് ശത്രുക്കൾ റോമാ ചക്രവർത്തിയിൽ നിന്നും സഹായം തേടിക്കൊണ്ട് രണ്ട് ലക്ഷം സൈനികരെയാണ് തയ്യാറാക്കിയിരിക്കുന്നത്. മുസ്‌ലിം നേതാക്കൾ ഉടൻ തന്നെ നബി (സ) സയ്ക്ക് വിവരം അറിയിക്കാൻ തീരുമാനിച്ചു. അന്നേരം ആവേശത്തെ ഉദ്ദീപിപ്പിക്കുന്ന തരത്തിലുള്ള അബ്ദുല്ലാഹ്(റ)ന്റെ കവിത മുസ്‌ലിംകളെ ആവേശം കൊള്ളിക്കുകയും രണ്ട് ലക്ഷം വരുന്ന ശത്രു നിരയെ എതിരിടുന്നതിനായി മുവ്വായിരം വരുന്ന സൈന്യം പുറപ്പെടുകയും ചെയ്തു.

**അഭിലാഷം പൂർത്തിയാകുന്നു**

യുദ്ധത്തിൽ ആദ്യത്തെ രണ്ട് പടത്തലവന്മാരും ശഹീദായപ്പോൾ അദ്ദേഹം തന്റെ ആഗ്രഹലബ്ധിക്കുള്ള സമയമിതാ ആസന്നമായിരിക്കുന്നു എന്ന് കവിതാരൂപത്തിൽ ഉരുവിട്ട് കൊണ്ട് ശത്രുപക്ഷത്തിലേക്ക് പാഞ്ഞു കയറി. അദ്ദേഹത്തിന് ശരമേൽക്കുകയും രക്തം വാർന്നൊലിക്കാൻ തുടങ്ങുകയും ചെയ്തു. എന്നാൽ അന്ത്യശ്വാസം വരെ അദ്ദേഹം മുസ്‌ലിംകളെ ആവേശഭരിതരാക്കുന്ന തരത്തിൽ നിർദേശങ്ങൾ നൽകി കൊണ്ടിരുന്നു.

**സ്വർണ സിംഹാസനത്തിൽ വിരാജിക്കുന്നു**

നബി (സ) തിരുമേനി തന്റെ മൂന്ന് പടത്തലവന്മാരെക്കുറിച്ചും പരാമർശിച്ചു കൊണ്ട് പറയുന്നു, ഞാനവരെ സ്വർഗത്തിൽ സ്വർണത്തിന്റെ സിംഹാസനത്തിൽ വിരാജിക്കുന്നതായി കാണുന്നു.


**നബി (സ) യുടെ അംഗീകാരം**

ഹദ്റത് അബ്ദുല്ലാഹ് (റ) ഇബ്നു റവാഹ വളരെ സാത്വികനായ വ്യക്തിയായിരുന്നു. അദ്ദേഹത്തെ സംബന്ധിച്ച് നബി (സ) എപ്പോഴും ഇങ്ങനെ പറയുമായിരുന്നു, **നിഅ്മർറജുലു അബ്ദുല്ലാഹ് ഇബ്നു റവാഹ** അബ്ദുല്ലാഹ് ഇബ്നു റവാഹ എത്ര നല്ല വ്യക്തിയായിരുന്നു.

**- ഇബ്നു അശ്റഫ്**

പുണ്യാത്മാക്കൾ

# ഹദ്റത് ശേഖ് അബ്ദുർ റഹീം ശർമാ സാഹിബ് (റ)



**കുടുംബ പശ്ചാത്തലം:** അദ്ദേഹത്തിന്റെ യഥാർഥ പേര് കിശൻലാൽ എന്നായിരുന്നു. പിതാവ് പണ്ഡിറ്റ് റല്യാറാം. മാതാവ് യമുനാ ദേവി. അദ്ദേഹത്തിന്റെ കുടുംബം പാരമ്പര്യമായി പണ്ഡിതന്മാരായിരുന്നു.

**ജനനം, വിദ്യാഭ്യാസം, ആദ്യ വിവാഹം**

1887ലോ 88 ലോ ആണ് അദ്ദേഹത്തിന്റെ ജനനം. അദ്ദേഹത്തിന്റെ കുടുംബം പാരമ്പര്യമായി ഹിന്ദിയും സംസ്കൃതവുമാണ് അഭ്യസിച്ചിരുന്നത്. കുടുംബ പാരമ്പര്യമനുസരിച്ച് വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ വിവാഹം കഴിഞ്ഞു.

**മാനസിക പരിവർത്തനം**

അദ്ദേഹത്തിന്റെ വലിയ സഹോദരൻ ശാദിറാം പ്രദേശത്തെ ഭക്ത് ജി എന്നാണ് അറിയപ്പെട്ടിരുന്നത്. അദ്ദേഹത്തിൽ ചില ദേവീ ദേവതമാർ പ്രവേശിക്കാറുണ്ട് എന്നതായിരുന്നു അവരുടെ വിശ്വാസം. അദ്ദേഹവും അതിൽ വിശ്വസിച്ചിരുന്നു. അക്കാലഘട്ടത്തിൽ ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ പ്രവചനമനുസരിച്ച് രാജ്യത്ത് പ്ലേഗ് പടർന്നു പിടിച്ചു. എല്ലായിടത്തും മരണം മാത്രമായിരുന്നു ദൃശ്യമായിരുന്നത്. അന്നേരം ആ പ്രദേശത്ത് ഒരു കിംവദന്തി പരന്നു. ഏതോ ഒരു ഭക്തന്റെ ശരീരത്തിൽ പ്രവേശിച്ചു കൊണ്ട് വസന്തി ദേവി പറഞ്ഞു: എന്നെ ജനങ്ങൾ മറന്ന കാരണത്താലാണ് ഈ മാരണം പിടിപെട്ടിരിക്കുന്നത്. രക്ഷ വേണമെങ്കിൽ എന്നെ പൂജിക്കുക. അത് കേട്ട പാതി ജനങ്ങൾ പൂജ ആരംഭിച്ചു. അദ്ദേഹത്തിന്റെ പിതാവ് പ്ലേഗിനാൽ മരണപ്പെട്ടു. വിദ്യാഭ്യാസം പൂർത്തിയാക്കി എത്തിയ അദ്ദേഹവും കുടുംബവും ക്ഷേത്രത്തിൽ അഭയം തേടി. അർഥനയും പൂജയുമായി ദിനങ്ങൾ കഴിച്ചു കൂട്ടാൻ തുടങ്ങി. അന്നേരം അദ്ദേഹം വളരെയധികം സ്നേഹിച്ചിരുന്ന അദ്ദേഹത്തിന്റെ സഹോദര പുത്രനും പ്ലേഗ് പിടികൂടി. അന്നേരം അദ്ദേഹത്തിന്റെ സഹോദരനിൽ വസന്തി ദേവി പ്രവേശിക്കുകയും അതിനോട് അപേക്ഷിച്ചപ്പോൾ ഇന്നേക്ക് എട്ട് ദിവസത്തിനുള്ളിൽ അവൻ പൂർണ ആരോഗ്യം പ്രാപിക്കും എന്ന് ദേവി മറുപടി പറഞ്ഞു. എന്നാൽ എട്ടാം ദിവസം തന്നെ അവൻ മരണത്തിന് കീഴടങ്ങി. ഇത് അദ്ദേഹത്തിൽ വലിയൊരു മാറ്റത്തിന് നാന്ദി കുറിച്ചു.

**കടം മാപ്പാക്കി കൊടുക്കുന്നു**

ആ പ്രദേശത്തുള്ള അധിക മുസ്‌ലിംകളും അദ്ദേഹത്തിന്റെ പിതാവിൽ നിന്ന് പൈസ കടം വാങ്ങിയിരുന്നു. അദ്ദേഹത്തിന്റെ പിതാവ് പലിശയ്ക്ക് പണം കടം കൊടുത്തിരുന്നു. അയാളുടെ കയ്യിൽ നിന്ന് പൈസ കടമായി വാങ്ങുന്നവർ നിത്യകടക്കാരായി മാറിയിരുന്നു. പിതാവിന്റെ മരണശേഷം ഒരിക്കൽ സഹോദരന്റെ നിർദേശാനുസരണം അദ്ദേഹം പൈസ പിരിക്കുന്നതിനായി ഒരു കുടുംബത്തിന്റെ അടുത്തെത്തി. എന്നാൽ അവരുടെ വളരെ പരിതാപകരമായ അവസ്ഥ സ്വന്തം കണ്ണു കൊണ്ട് കണ്ടപ്പോൾ അദ്ദേഹത്തിന് സഹിക്കാൻ കഴിഞ്ഞില്ല. അങ്ങനെ അദ്ദേ ഹം അവരുടെ കടം എഴുതി തള്ളുകയുണ്ടായി. ഈയൊരു സത്കർമമാണ് തന്റെ ഇസ്‌ലാമിന് ഹേതുവായത് എന്ന് അദ്ദേഹം പറയാറുണ്ട്.

**അഹ്മദിയ്യത്തിന്റെ സന്ദേശം**

പിതാവിന്റെ മരണശേഷം സഹോദരൻ സുഖലോലുപനായ കാരണത്താൽ കച്ചവടം നഷ്ടത്തിലാകാൻ തുടങ്ങി. അന്നേരം അദ്ദേഹത്തിന്റെ മാതാവ് അദ്ദേഹത്തിനോട് മറ്റ് വല്ല ജോലിയും അന്വേഷിക്കുന്നതാനായി പറഞ്ഞു. അങ്ങനെ അദ്ദേഹം അന്വേഷിക്കുകയും അവസാനം ചുങ്കം പിരിക്കുന്ന ഓഫീസിൽ ജോലി ലഭിക്കുകയും ചെയ്തു. അവിടെ ഹദ്റത് മുൻശി അബ്ദുൽ വഹാബ്(റ) എന്ന സഹാബി പകർത്തെഴുത്തുകാരനായി ജോലി ചെയ്തിരുന്നു. ജോലിക്കിടയിൽ മുൻശി സാഹിബ് അദ്ദേഹത്തെ തബ്ലീഗ് ചെയ്യുമായിരുന്നു. ഹിന്ദുമതത്തിലെ ന്യൂനതകളെ കുറിച്ച് അദ്ദേഹത്തോട് വിശദമായി സംസാരിക്കുമായിരുന്നു. അങ്ങനെ സാവധാനം സാവധാനം അദ്ദേഹം ഇസ്‌ലാമിലേക്ക് ആകർഷിക്കപ്പെടാൻ തുടങ്ങി. അൽഹക്കമിലും ബദ്റിലും വരുന്ന ഇൽഹാമുകൾ വായിക്കുകയും അങ്ങനെ ദുആയിലേക്കും മറ്റും ആകർഷിക്കപ്പെടാൻ തുടങ്ങി.

**ദൃഷ്ടാന്തം വെളിപ്പെടുന്നു.**

അദ്ദേഹത്തിന്റെ ദുആകൾ സ്വീകര്യമാകാൻ തുടങ്ങി. അദ്ദേഹം ഒരിക്കലും ചിന്തിച്ചിട്ട് പോലുമില്ലാത്ത നിലയിൽ അല്ലാഹുവിന്റെ സഹായസഹകരണങ്ങൾ വെളിപ്പെടാൻ തുടങ്ങി. അദ്ദേഹത്തിന്റെ സഹോദരിയുടെ വിവാഹത്തിനായി മാതാവ് മറന്നു കഴിഞ്ഞൊരു നിധി അദ്ദേഹത്തിന് ലഭിച്ചു. മഴയത്ത് വീടിന്റെ വരാന്തയിലുണ്ടായിരുന്ന ചെറുമതിലിന്റെ ഭിത്തി മറിഞ്ഞു വീഴുകയും അതിൽ നിക്ഷേപിച്ചിരുന്ന പണം ലഭിക്കുകയും ചെയ്തു.

**ജോലിക്കയറ്റം**

അദ്ദേഹം ജോലി ചെയ്തിരുന്ന ചുങ്കം പിരിക്കുന്ന ഓഫീസിലെ മറ്റെല്ലാ ജീവനക്കാരും അദ്ദേഹത്തേക്കാൾ സീനിയറായിരുന്നു. എന്നാൽ ആ ഓഫീസിലെ സൂപ്രണ്ട് മറ്റൊരു ഓഫീസിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച് പോയപ്പോൾ ഏറ്റവും ജൂനിയറായിരുന്നിട്ടും അദ്ദേഹത്തിനാണ് സൂപ്രണ്ടായി നിയമനം ലഭിച്ചത്.

**കാലത്തിന്റെ ഇമാമിന്റെ ദർശനം**

ഹദ്റത് മുൻശി അബ്ദുൽ വഹാബ് സാഹിബ് (റ) ഖാദിയാനിൽ പോകാനായി തീരുമാനിച്ചപ്പോൾ അദ്ദേഹത്തെയും ക്ഷണിച്ചു. നേരത്തേ തന്നെ മനസ്സിൽ ആഗ്രഹം ഉണ്ടായിരുന്ന അദ്ദേഹം ഉടൻ തയ്യാറായി. അങ്ങനെ 1904 ജൂണിലോ ജൂലൈയിലോ ഒരു വെള്ളിയാഴ്ച ദിവസം അവർ ഖാദിയാനിൽ എത്തി. മസ്ജിദ് മുബാറക്കിൽ നമസ്കാരത്തിനായി ഇരുന്ന സമയത്ത് മസീഹ് മൗഊദ് (അ) നെ കാണുകയും ഹസ്തദാനം നൽകുകയും ചെയ്തു. മസീഹ് മൗഊദ് (അ) നെ കണ്ട മാത്രയിൽ അദ്ദേഹത്തിന് അഹ്മദിയ്യത്തിലേക്ക് പ്രത്യേകമായ ആകർഷണം തോന്നി.

**ബയ്അത്ത് ചെയ്യുന്നു**

വീട്ടിൽ നിന്ന് പുറപ്പെടുമ്പോൾ ബയ്അത്തിനുള്ള ചിന്തയേ ഉണ്ടായിരുന്നില്ല എന്നാൽ അവിടെ വെച്ച് മഗ്‌രിബ് നമസ്കാരനാന്തരം നടന്ന ബയ്അത്തിൽ അദ്ദേഹവും പങ്കാളിയായി. ബയ്അത്തിന് ശേഷം പേര് രേഖപ്പെടുത്തുവാനായി ചോദിച്ചപ്പോൾ റഹീം ബഖ്ശ് എന്നാണ് അദ്ദേഹം എഴുതിച്ചത്. പിന്നീട് ഖലീഫ സാനി (റ) ന്റെ കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ പേര് അബ്ദുർ റഹീം എന്നാക്കി. ഏഴ് ദിവസത്തോളം അദ്ദേഹം ഖാദിയാനിൽ തങ്ങി.

**നാട്ടിലേക്ക്**

കലഹങ്ങളും കുഴപ്പങ്ങളും ഭയന്ന് അദ്ദേഹത്തോട് തൽക്കാലം അഹ്മദിയ്യത്ത് സ്വീകരിച്ചത് വെളിപ്പെടുത്തേണ്ട എന്ന് പറഞ്ഞിരുന്നു. അങ്ങനെ അദ്ദേഹം ഒളിച്ചും പാത്തും നമസ്കാരങ്ങളും മറ്റും അനുഷ്ഠിക്കാൻ

തുടങ്ങി. മടങ്ങി വന്നതിനു ശേഷവും അദ്ദേഹം മസീഹ് മൗഊദ്(അ) മായി കത്തിലൂടെ ബന്ധം സ്ഥാപിച്ചു കൊണ്ടിരുന്നു. തന്റെ അവസ്ഥയെ കുറിച്ചും മറ്റും എഴുതിക്കൊണ്ടിരുന്നു. അതിന് മറുപടിയും അദ്ദേഹത്തിന് ലഭിച്ചിരുന്നു. എന്നാൽ രണ്ടാമതൊരിക്കൽ കൂടി മസീഹ് മൗഊദ് (അ) കാണാനുള്ള തൗഫീഖ് അദ്ദേഹത്തിന് ലഭിച്ചില്ല.

**അഹ്മദിയ്യത്ത് വെളിപ്പെടുത്തുന്നു**

അല്പകാലത്തിന് ശേഷം അദ്ദേഹം അഹ്മദിയ്യത്ത് വെളിപ്പെടുത്താൻ തന്നെ തീരുമാനിച്ചു. അതിനു കാരണമിതാണ്. മസീഹ് മൗഊദ് (അ) ന്റെ വഫാത്തിന് ശേഷം ഒന്നാം ഖിലാഫത്ത് കാലത്ത് ഒരിക്കൽ ഓഫീസിൽ നിന്നും വീട്ടിലെത്തിയ അദ്ദേഹം രോഗബാധിതനായി. ഹൃദയം വല്ലാതെ പരിഭ്രമിക്കാൻ തുടങ്ങി. ഈ അവസ്ഥയിൽ താൻ മരിക്കുകയാണെങ്കിൽ തന്റെ ഭൗതീക ശരീരത്തെ ഹിന്ദുക്കൾ കൊണ്ടുപോയി ദഹിപ്പിക്കുന്നതാണെന്നും അത്തരം അവസ്ഥയിൽ അല്ലാഹുവിനോട് താനെന്താണ് പറയുക എന്നും അദ്ദേഹം ഭയപ്പെട്ടു. തനിക്ക് അഹ്മദിയ്യത്തിനെ വെളിപ്പെടുത്തുന്നത് വരെ സാവകാശം നൽകുവാൻ അദ്ദേഹം ദുആ ചെയ്തു. ആ അവസ്ഥയിൽ തന്നെ അദ്ദേഹത്തിന് സൗഖ്യം ലഭിച്ചു. പിന്നീട് അദ്ദേഹം എല്ലാ വിവരങ്ങളും ഖലീഫ അവ്വൽ (റ) ന് എഴുതി അറിയിച്ചു. ഹുസൂർ(റ) അദ്ദേഹത്തോട് അല്പം കൂടി കാത്തിരിക്കാനും ഭാര്യയെ ബയ്അത്തിനായി പ്രേരിപ്പിക്കാനും പറഞ്ഞു.

**ഭാര്യയുടെ ദുർപര്യവസാനം**

എന്നാൽ ഭാര്യ അല്പം പോലും അതിന് തയ്യറായില്ല. മാത്രമല്ല, മകനെയും കൊണ്ട് അവിടെ നിന്നും ഇറങ്ങി പോകുകയാണ് ചെയ്തത്. പിതാവിന്റെ സ്വത്തിൽ കണ്ണുണ്ടായിരുന്ന അവർ അവസാനം പ്ലേഗ് പിടിപെട്ട് മരിക്കുകയാണ് ചെയ്ത്.

**ബഹിഷ്കരണം**

അവസാനം അദ്ദേഹം താൻ സ്വേഛയാൽ ഇസ്‌ലാം സ്വീകരിച്ചിരിക്കുന്നു എന്ന് എഴുതിയ ഏതാനും നോട്ടീസുകൾ തയ്യാറാക്കുകയും രാത്രിയിൽ അത് പ്രദേശത്തെ വിവിധ സ്ഥലങ്ങളിൽ ഒട്ടിക്കുകയും ചെയ്തു. അടുത്ത ദിവസം അതിന്റെ പ്രതിക്രിയയെന്നോണം അദ്ദേഹത്തിന്റെ കുടുംബത്തെ സാമൂഹികമായി ബഹിഷ്കരിച്ചു. അല്പ കാലത്തിനു ശേഷം അദ്ദേഹവുമായി കാണരുത് എന്ന നിബന്ധനയിൽ ബഹിഷ്കരണം പിൻവലിച്ചു.

**ഖാദിയാനിൽ സ്ഥിരതാമസം**

പിന്നീട് അദ്ദേഹത്തിന് ഖാദിയാനിലേക്ക് ഹിജ്റത് ചെയ്യുന്നതിനുള്ള ആഗ്രഹം ഉടലെടുത്തു. ദുആ ചെയ്യാനും തുടങ്ങി. ആ നാളുകളിൽ ഹദ്റത് മീർസാ ബശീറുദ്ദീൻ സാഹിബ് (റ) *തശ്ഹീസുൽ അദ്ഹാൻ* എന്ന മാസികയിലേക്ക് കണക്കുകൾ സൂക്ഷിക്കാനറിയുന്ന ഒരാളുടെ ആവശ്യമുണ്ടെന്ന പരസ്യം നൽകി. അങ്ങനെ അദ്ദേഹം അപേക്ഷിക്കുകയും അദ്ദേഹത്തിന് അനുമതി ലഭിക്കുകയും ചെയ്തു. പിന്നീട് അദ്ദേഹത്തിന് പല നിലയിലും ജമാഅത്തിനെ സേവനം ചെയ്യുന്നതിനുള്ള അവസരം ലഭിക്കുകയുണ്ടായി.

**രണ്ടാം വിവാഹം**

1914 ൽ രണ്ടാം ഖലീഫയുടെ ഓദാര്യത്താൽ രണ്ടാം വിവാഹത്തിനുള്ള അവസരം വന്നു ചേർന്നു. പ്രസ്തുത വിവാഹത്തിലൂടെ അദ്ദേഹത്തിന് അഞ്ച് ആൺമക്കളും നാല് പെൺമക്കളും ജനിക്കുകയുണ്ടായി.

**(സമ്പാ: അബൂ അബ്ദുൽ ബാരി)**

**വാഗ്ദത്ത മസീഹിന്റെ കത്തുകൾ**

സമ്പാ: ഇബ്നു അശ്റഫ്

# സംശയം സർവ ദുഖങ്ങൾക്കും ഹേതു

بسم الله الرحمن الرحيم

نحمده ونصلي علي رسوله الكريم

മഖ്ദൂമീ മുക്കർറമീ അഖ്വീം സേഠ് സാഹിബ് സല്ലമഹു

السلام علیکم ورحمة الله وبركاته

കത്ത് കിട്ടി. കാര്യങ്ങൾ അവതാളത്തിലുമ്പോഴും ജീവിത സൗകര്യങ്ങൾ കുറയുകയോ ഇല്ലാതാകുകയോ ചെയ്യുമ്പോഴും മനുഷ്യന് ദു:ഖം ഉണ്ടാകുന്നു എന്നത് വാസ്തവം തന്നെയാണ്. എന്നാൽ അവതാളത്തിലാക്കുന്നവന് തന്നെ അത് നേരെയാക്കുന്നതിനുള്ള കഴിവുമുണ്ട്. അതിനാൽ ലോകത്ത് ഭഗ്നഹൃദയർക്കും നാശം ഭവിച്ചവർക്കും സന്തോഷിക്കാൻ ഒരേയൊരു മാർഗമേ ഉള്ളു. മഹാപ്രതാപവാനായ ആ അല്ലാഹുവിനെ സ്മരിക്കുക. അവൻ നിമിഷ നേരം കൊണ്ട് സിംഹാസനത്തിൽ നിന്ന് അപമാനത്തിന്റെ ഗർത്തത്തിലേക്ക് താഴ്ത്തുന്നവനാണെന്നത് പോലെ തന്നെ ഒന്നും ഇല്ലാത്ത അവസ്ഥയിൽ നിന്ന് നിമിഷ നേരം കൊണ്ട് സിംഹാസനത്തിലും ഇരുത്തുന്നു. എങ്ങനെ? എന്തുകൊണ്ട്? എന്ന് ഇതിനെ സംബന്ധിച്ച് ഇവിടെ പറയുന്നത് കുഫ്റായിരിക്കും. അത്തരത്തിലുള്ള സംശയങ്ങൾക്കുള്ള മറുപടി ഒരു തുള്ളി രേതസ്കരണത്തിൽ നിന്ന് മനുഷ്യനെ സൃഷ്ടിച്ചത് പോലെ എന്നാകുന്നു. **അലം തഅ്ലം അന്നല്ലാഹ അലാ കുല്ലി ശയ്ഇൻ ഖദീർ.** അന്ധതയും, സംശയവും, ദുർധാരണയുമാണ് സർവ ദു:ഖങ്ങൾക്കും ഹേതു. അല്ലായെങ്കിൽ നമ്മുടെ ദൈവം അദ്ഭുതകരമായ കഴിവുകളുള്ള രാജാധിരാജനാകുന്നു. ആഗ്രഹിക്കുന്നതെന്തും ചെയ്യാൻ കഴിവുള്ളവനാണ്. അവനു മുന്നിൽ ഒന്നും തന്നെ അസാധ്യമായിട്ടില്ല. അഥവാ ദൃഢ വിശ്വാസത്തിന്റെ ആനന്ദം കരസ്ഥമാകുകയാണെങ്കിൽ ഒരു പക്ഷേ മനുഷ്യൻ ഭൗതികത അന്വേഷിക്കുന്ന ആഗ്രഹത്തെ സ്വയം ഉപേക്ഷിക്കുമായിരുന്നു. കാരണം യഥാർഥത്തിൽ അല്ലാഹു ഉണ്ടോ, യഥാർഥത്തിൽ അവൻ കഴിവുള്ളവനാണോ, ആഗ്രഹിക്കുന്നതെന്തും ചെയ്യാൻ കഴിവുള്ളവനാണോ എന്ന് പരീക്ഷിച്ചറിയുന്നതിനേക്കാൾ വലിയ മറ്റൊരാനന്ദമില്ല തന്നെ. അവൻ ദയാലുവും കാരുണ്യവാനുമാകുന്നു. തന്റെ സവിധത്തിൽ വീഴുന്നവരെ അവൻ പാഴാക്കി കളയുന്നതല്ല.

വസ്സലാം

1902 ജൂലൈ 7

വിനീതൻ

മിർസാ ഗുലാം അഹ്മദ്

# കർമം വിശ്വാസത്തിന്റെ ഉടയാട

അഹ്മദിയ്യത്തിൽ പ്രവേശിച്ചതിന് ശേഷം കർമമാണ് ഒരു വ്യക്തി തന്നിൽ സംജാതമാക്കേണ്ട രണ്ടാമത്തെ സവിശേഷത. വിശ്വസത്തിന് ശേഷം കർമത്തിനാണ് സ്ഥാനം. ഈ സ്ഥാനത്ത് നിന്നുള്ള ഗമനത്തിന്റെ ഫലമായി പ്രവർത്തനം ഉണ്ടാകുന്നു.

ഉദാഹരണമായി ഒരു ജ്യൂസ്മേക്കർ എടുക്കുക. അതിൽ കരിമ്പ് ഇടുക. ഇത് ചലന ശക്തിയുടെ പ്രതീകമാണ്. ജ്യൂസ്മേക്കർ ചലിക്കുമ്പാൾ അതിൽ നിന്നും നീര് വരവ് തുടങ്ങുന്നു. അതേപോലെ മനുഷ്യന്റെ അന്തരാണത്തിൽ വിശ്വാസം ഉടലെടുക്കുമ്പോൾ അതോടൊപ്പം തന്നെ ചലന ശേഷിയും ഉടലെടുക്കുന്നു. ചലന ശേഷി ലക്ഷ്യത്തോടൊപ്പം ചേരുമ്പോൾ അതിൽ നിന്ന് ഫലം ലഭിക്കാൻ തുടങ്ങുന്നു. ജ്യൂസ്മേക്കറിൽ കരിമ്പ് ഇടാതെ അത് ചലിപ്പിച്ചാൽ നീര് ലഭിക്കില്ല എന്നത് പോലെ തന്നെ കർമശേഷി ഇല്ലാതെയുള്ള വിശ്വാസത്താൽ മാത്രം മനുഷ്യന് യാതൊരു ഗുണവും കരസ്ഥമാക്കാൻ സാധിക്കില്ല.

അതേപോലെ ജ്യൂസ് മേക്കർ ചലിപ്പിക്കാതെ അതിൽ കരിമ്പ് ഇട്ടത് കൊണ്ട് മാത്രം നീര് ലഭിക്കുന്നതല്ല. മനുഷ്യന് ഒരു വ്യക്തമായ ലക്ഷ്യം ഉണ്ടാകുകയും, പ്രസ്തുത ലക്ഷ്യത്തെ സാർഥമാക്കുന്നതിനായി അവന്റെയുള്ളിൽ ഒരാവേശം ഉടലെടുക്കുകയും ചെയ്യേണ്ടതാണ്. അത്തരക്കാരനായ ഒരു വ്യക്തി മുന്നോട്ട് ഗമിക്കാൻ തുടങ്ങുമ്പോൾ അതിനെ അമൽ അഥവാ കർമം എന്ന് പറയുന്നു. കർമമില്ലാതെ കണ്ട് മനുഷ്യന് ശരിയായ ഫലം കരസ്ഥമാക്കാൻ സാധ്യമല്ല. ഞാൻ ആദ്യം പറഞ്ഞത് പോലെ കരിമ്പ് ഇടാതെ കേവലം ജ്യൂസ്മേക്കർ ചലിപ്പിച്ചത് കൊണ്ട് മാത്രം അതിൽ നിന്ന് നീര് ലഭിക്കുന്നതല്ല. അതേപോലെ തന്നെ വിശ്വാസം ഉണ്ട്. എന്നാൽ പ്രവർത്തനക്ഷമത ശരിയായ നിലയിൽ ചലിക്കുന്നില്ലായെങ്കിൽ ആ വിശ്വാസം വ്യഥാവിലാണ്. അത്പോലെ പ്രവർത്തനം ഉണ്ട്. എന്നാൽ വിശ്വാസം ഇല്ലായെങ്കിലും ആ പ്രവർത്തനം വ്യഥാവിലാണ്. അതിൽ നിന്ന് ഗുണദായകമായ ഫലം ഉടലെടുക്കില്ല. യൂറോപ്യൻ ജനത എത്രമാത്രം പരിശ്രമിക്കുണ്ട്, എന്നാൽ അവരുടെ പ്രവർത്തനങ്ങൾ വിശ്വാസത്തിന്റെ തണലിൽ അല്ലാത്തതു കാരണത്താൽ അവർ ആത്മീയതയിൽ നിന്ന് വിദൂരസ്ഥരാണ്.

യഥാർഥത്തിൽ കർമം വിശ്വാസത്തിന്റെ വസ്ത്രമാണ്. വിശ്വാസമാകട്ടെ ഗുപ്തവുമാണ്. വസ്ത്രം കാണുമ്പോൾ അതിന് പിന്നിൽ ഒരാൾ ഉണ്ട് എന്ന് നാം മനസ്സിലാക്കുന്നു. ദൂരത്ത് നിന്നും ഒരാൾ വരികയാണെന്ന് കരുതുക. അയാളുടെ വസ്ത്രം ദൃശ്യമാകുമ്പോൾ തന്നെ ആരോ വരുന്നുണ്ട് എന്ന് മനസ്സിലാകുന്നതാണ്. എന്നാൽ ചില സന്ദർഭങ്ങളിൽ വസ്ത്രം മാത്രമേ കാണുകയുള്ളു. അതിൽ ആളുണ്ടാകില്ല.

ഒരാൾ വസ്ത്രം കഴുകി ഉണങ്ങാനായി അതിനെ മതിലിന്മേലോ മരത്തിലോ ഇടുന്നു. ദൂരെ നിന്ന് വരുന്ന ഒരു വ്യക്തിക്ക് ആ വസ്ത്രം ദൃശ്യമാകുമ്പോൾ പൊതുവിൽ ആ വസ്ത്രത്തിന് പിന്നിൽ ഒരാളുണ്ടായിരിക്കും എന്നാണ് ധരിക്കുക. ഒരു ഷർട്ട് ആടിക്കൊണ്ടിരിക്കുമ്പോൾ ദൂരത്ത് നിന്ന് അത് കാണുന്ന വ്യക്തി ഒരാൾ വരുന്നുണ്ട് എന്ന് പറഞ്ഞാൽ അത് കളവ് തന്നെയാണ് എന്ന് ഒരിക്കലും പറയാൻ സാധിക്കില്ല. നീ കള്ളമാണ് പറഞ്ഞത് എന്ന് പറയാൻ സാധിക്കില്ല. കാരണം പത്ത് ലക്ഷത്തിൽ ഒൻപത് ലക്ഷത്തി തൊണ്ണൂറ്റി ഒൻപതിനായിരത്തി തൊണ്ണൂറ്റി ഒൻപത് ശതാമാനവും അത്തരം അവസരങ്ങളിൽ അത് ഒരാൾ തന്നെയായിരിക്കും. കേവലം ഷർട്ട് മാത്രം ആയിരിക്കില്ല. എന്നാൽ ചില സന്ദർഭങ്ങളിൽ വെറും ഷർട്ട് മാത്രം തൂക്കിയിട്ടിരിക്കയാകാം. ഇത് അത്യപൂർവമായ സംഭവമാണ്. കാരണം പൊതുവിൽ ഷർട്ടും ആളും ഒരുമിച്ച് തന്നെയാണ് കാണപ്പെടുന്നത്.

അത്പോലെ നമ്മൾ വിശ്വാസത്തേയും അംഗീകരിക്കില്ല. പ്രവർത്തനം വിശ്വാസമില്ലാതെ കണ്ട് ഉണ്ടാകുകയുമില്ല. പ്രവർത്തനം വിശ്വാസത്തിന്റെ സാക്ഷിയാകുന്നു. വിശ്വാസം പ്രവർത്തനത്തെ ഉദ്ഭവിപ്പിക്കുകയും ചെയ്യുന്നു.

മശ്അലെ രാഹ് വാല്യം 1

സമ്പാ: ടി. അമീറുദ്ദീൻ സാജിദ്, മൂവാറ്റുപുഴ

## ഖാദിംകളോട്

ഹദ്റത് മുസ്‌ലിഹ് മൗഊദ് (റ)



## ലുഫാളാത്തുൽ മവാഇദി കാൻ ഉകുലി വസിർത്തുൽ യൗമ മിത്ആമുൽ അഹാലി

ഒരു കാലത്ത് ഞാൻ തീൻ മേശയിലെ കഷ്ണങ്ങൾ ഭക്ഷിക്കുന്നവനായിരുന്നു. ഇന്ന് ഞാൻ സുഹൃത്തുക്കൾക്ക് ഭക്ഷണം ലഭിക്കാനുള്ള നിമിത്തമായിത്തീർന്നിരിക്കുന്നു

*ഹദ്റത് അഹ്മദ് (അ)*



## വിജ്ഞാനവേദി

**ഹ:ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)**

### ◆തബ്‌ലീഗ് ചെയ്യുമ്പോൾ ചെയ്യാവുന്ന ദുആകളുണ്ടോ?

അതെ, മൂസ(അ) ന്റെ ദുആയ്ക്ക് ഈ സാഹചര്യവുമായി പ്രത്യേക ബന്ധമുണ്ട്. 'റബ്ബിശ്ഹലീ സദ്‌രീ വയസ്സിർലീ അംരീ വഹ് ലുൽ ഉഖ്ദത്തൻ മില്ലസാനീ യഫ്ഖഹൂ ഖൗലീ', 'റബ്ബനഫ്തഹ് ബൈനനാ വ ബൈന ഖൗമിനാ ബിൽ ഹഖ് വ അൻത ഹൈറുൽ ഫാതിഹീൻ' തുടങ്ങിയ ദുആകൾ ചൊല്ലാം. ഇവയെല്ലാം ജിഹാദുമായി ബന്ധപ്പെട്ടവയാണ് (പ്രാഥമികമായി തബ്‌ലീഗുമായി ബന്ധപ്പെട്ടതാണ്) നിർബന്ധാവസ്ഥയിലുള്ള പ്രതിരോധയുദ്ധം ജിഹാദിന്റെ ദ്വതീയ മാനം മാത്രമാണ്. ജിഹാദിന്റെ ശരിയായ വിവക്ഷ മറ്റുള്ളവർക്ക് സന്ദേശം എത്തിക്കലാണ്

### ◆ഷൂ ധരിച്ച് നമസ്കരിക്കാമോ?

നമസ്കരിക്കാവുന്നതാണ്. പള്ളിയിലേക്ക് ഷൂ കൊണ്ടു പോകാറില്ല. പള്ളി വൃത്തിയായിരിക്കാൻ പള്ളിക്കകത്ത് ഷൂ ധരിച്ച് നമസ്കരിക്കാറില്ല. എന്നാൽ യാത്രാവേളയിൽ നമസ്കരിക്കാൻ നിൽക്കുന്ന പ്രതലം മുള്ളും കല്ലും നിറഞ്ഞ് നമസ്കാരത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ സാധിക്കാത്ത അവസ്ഥയിലാണെങ്കിൽ ഷൂ ധരിക്കും. ഖുർആനോ സുന്നത്തോ ഇത് വിലക്കുന്നില്ല. റസൂൽ തിരുമേനിയും സഹാബത്തും സവാരി നടത്തുന്ന വേളയിൽ (ഒട്ടകപ്പുറത്ത്) ഇങ്ങനെ ചെയ്തിരുന്നു

*സമ്പാ: ഡോ. സി. സലാഹുദ്ദീൻ,കോഴിക്കോട്*

---

**അൻസാർ കോളം**

# അയൽവാസിയുടെ സമുദ്ധാരണത്തിനായി ശ്രമിക്കുക

**ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ)**

പരിപൂർണ ഊർജസ്വലതയും ഉണർവും ഇല്ലാതെ സമൂഹം ഒരിക്കലും പുരോഗതി കൈവരിക്കുന്നതല്ല. അയൽവാസിയുടെ സമുദ്ധാരണത്തിൽ തന്നെയാണ് മനുഷ്യന്റെ സ്വന്തം സമുദ്ധാരണവും ഉള്ളത്. അയൽവാസിയുടെ പ്രഭാവം മനുഷ്യനിൽ ഉണ്ടാകുന്ന നിലയിലാണ് അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്. മനുഷ്യൻ മാത്രമല്ല ലോകത്തിലെ എല്ലാ വസ്തുക്കളും തന്റെ സമീപത്തുള്ള വസ്തുക്കളാൽ സ്വാധീനിക്കപ്പെടുന്നു. അടുത്തു കിടക്കുന്നവ പരസ്പരം സ്വാധീനിക്കപ്പെടുന്നതായി നാം കാണുന്നു. ആധുനിക ശാസ്ത്രം തെളിയിക്കുന്നത്, മൃഗങ്ങളെയും പക്ഷികളെയും അവ താമസിക്കുന്നതിനടുത്തുള്ള വസ്തുക്കളുടെ നിറം സ്വാധീനിക്കുന്നു എന്നാണ്. വെള്ളത്തിൽ ജീവിക്കുന്ന മത്സ്യങ്ങളുടെ നിറം വെള്ളവും വെള്ളത്തിൽ പതിക്കുന്ന സൂര്യകിരണങ്ങളും കാരണത്താൽ വെളുത്തതും തിളങ്ങുന്നതും ആകുന്നു. കരയിൽ ജീവിക്കുന്ന തവളകളുടെ നിറം കരയിലുള്ള പച്ചപ്പുല്ല് കാരണത്താൽ പച്ച നിറമാകുന്നു................

ചുരുക്കത്തിൽ മൃഗങ്ങളുടെയും പക്ഷികളുടെയും നിറം സമീപ വസ്തുക്കളാൽ പ്രഭാവിതമാകുമ്പോൾ ബുദ്ധിശക്തിയുള്ള മനുഷ്യൻ തന്റെ സമീപസ്ഥരിൽ നിന്ന് എന്തുകൊണ്ട് പ്രഭാവിതരാകില്ല. അക്കാരണം കൊണ്ടാണ് അല്ലാഹു വിശുദ്ധഖുർആനിൽ *കൂനൂ മഅസ്സ്വാദിഖീൻ* എന്ന് പറഞ്ഞത്. അതായത് അഥവാ നിങ്ങൾ ഭയഭക്തിയുള്ളവരാകാൻ ആഗ്രഹിക്കുന്നുവെങ്കിൽ സദ്‌വൃത്തരുടെ സഹവാസം കരസ്ഥമാക്കുക. തൽഫലമായി നിങ്ങളിൽ നിങ്ങളുടെ സമീപസ്ഥരുടെ ഭയഭക്തിയുടെ നിറം ഉടലെടുക്കുന്നതാണ്.

അതിനാൽ ജമാഅത്തിന്റെ സംഘടനയിലും ജമാഅത്തിലും ദീനീ ആത്മാവിനെ സ്ഥാപിക്കാനും അതിനെ സജീവമാക്കി നിലനിർത്തുന്നതിനുമായി ഓരോ വ്യക്തിയും തന്റെ അയൽവാസിയുടെ സമുദ്ധാരണത്തിനായി ശ്രമിക്കേണ്ടതാണ്. കാരണം അയൽവാസിയുടെ സമുദ്ധാരണത്തിൽ സ്വയം അയാളുടെ സമുദ്ധാരണമാണ് നടക്കുന്നത്. സ്വയം തന്നെ അതിനുപരിയായി കണക്കാക്കുന്നവർ സ്വയം തന്റെ ആത്മീയ വളർച്ചയുടെ മാർഗത്തിൽ വിഘ്നമായി ത്തീരുകയാണ് ചെയ്യുക. എത്ര വലിയ മനുഷ്യനാണെങ്കിലും കൂടുതൽ വളർച്ച ആവശ്യമാണ്. നബി തിരുമേനി (സ) അവസാന നിമിഷം വരെ *ഇഹ്ദിന സ്വിറാത്തൽ മുസ്തഖീം സ്വാറാത്തല്ലദീന അൻഅംത അലൈഹിം* എന്ന ദുആ ഉരുവിട്ട് കൊണ്ടിരുന്നു. നബി (സ) തിരുമേനി ഭാവിയിൽ വരാനിരിക്കുന്നവരുടെയും പൂർവികരുടെയും നേതാവാകുന്നു. ആ മഹാത്മാവ് കൈവരിച്ച ആത്മീയ നിലവാരത്തിനൊത്ത് കൈവരിക്കാൻ പിൻതലമുറയിലെ ആർക്കും കഴിഞ്ഞിട്ടില്ല ഇനി ആരും ജനിക്കുകയുമില്ല. ആ മഹാത്മാവ് സമാനതകളില്ലാത്ത ദൈവസാമീപ്യമാണ് കരസ്ഥമാക്കിയിരുന്നത്. അങ്ങനെയുള്ള അല്ലാഹുവിന്റെ ആ നബി (സ) യും ഒന്നിനു ശേഷം മറ്റൊരു പദവിക്കായി *ഇഹ്ദിന സ്വിറാത്തൽ മുസ്തഖീം സ്വാറാത്തല്ലദീന അൻഅംത അലൈഹിം* എന്ന് ഉരുവിടുകയും സഹചരന്മാരെ കൂടെ ചേർത്ത് കൊണ്ട് ഉരുവിടുകയും ചെയ്തിരുന്നപ്പോൾ ഇന്ന് അല്ലാഹുവിന്റെ മുന്നിൽ നിന്നുകൊണ്ട് *ഇഹ്ദിനസ്വിറാത്തൽ മുസ്തഖീം* എന്ന് പറയുന്നതിൽ നിന്ന്, ജമാഅത്തിൽ നിന്നുകൊണ്ട് പറയുന്നതിൽ നിന്ന് സ്വയം തന്നെ ആർക്കാണ് ഒഴിച്ചു നിർത്താൻ സാധിക്കുക. അങ്ങനെയുള്ളവർ സ്വയം തങ്ങൾക്കായി അല്ലാഹു മനുഷ്യന് നിർണയിച്ചിട്ടില്ലാത്ത സ്ഥാനമാണ് തെരഞ്ഞെടുക്കുന്നത്.

(പ്രഭാഷണം മജ്‌ലിസ് അൻസാറുല്ലാഹ് ഇജ്തിമ: 6.8.1945)



Meeting with Huzur

# സിംഗപ്പൂരിൽ മജ്‌ലിസ് ഖുദ്ദാമുൽ അഹ്‌മദിയ്യ നാഷണൽ മജ്‌ലിസെ ആമിലയുമായി മീറ്റിങ്ങ്



*സിംഗപ്പൂർ, ഇന്തോനേഷ്യ, മലേഷ്യ, ബർമ, തായ്‌ലാന്റ് എന്നിവിടങ്ങളിലെ നാഷണൽ മജ്‌ലിസ് ആമില അംഗങ്ങൾ പങ്കെടുത്തിരുന്നു.*

• ബർമയുടെ നാഇബ് സദ്റിനോട് ഹുസൂർ പറഞ്ഞു, തിരിച്ച് ചെന്ന ശേഷം സദ്ർ സാഹിബിനോട് ഖുദ്ദാമുൽ അഹ്‌മദിയ്യായുടെ ഭരണഘടന സ്വയം വായിച്ച് പഠിക്കുകയും തന്റെ പ്രവർത്തക സമിതി അംഗങ്ങളെ കൊണ്ട് വായിപ്പിക്കുകയും ചെയ്യുക. ഓരോ പ്രവർത്തക സമിതി അംഗങ്ങളും അവരുടെ ഉത്തരവാദിത്വവും കടമകളും എന്താണെന്നത് അറിഞ്ഞിരിക്കേണ്ടതാണ്.

• ഓരോ മജ്‌ലിസ് ആമില അംഗങ്ങളും ഭരണഘടന വായിച്ചതാണെന്നും അവർക്ക് തങ്ങളുടെ വിഭാഗങ്ങളിൽ എന്താണ് ചെയ്യേണ്ടത് എന്ന ബോധ്യമുണ്ടെന്നും ഉറപ്പിക്കേണ്ടതാണ്.

• ഏതെങ്കിലും പ്രദേശത്ത് മൂന്നോ നാലോ അംഗങ്ങൾ മാത്രമാണ് ഉള്ളത്, കൂടാതെ അവർ ഏതെങ്കിലും വലിയ മജ്‌ലിസിൽ നിന്ന് ദൂരത്താണുള്ളതെങ്കിൽ അവരുടെ പ്രത്യേക മജ്‌ലിസ് തന്നെ ഉണ്ടാക്കുക. ഒരു ഖാഇദിനെ മാത്രം നിയമിക്കുക. മറ്റ് ആമില അംഗങ്ങളുടെ ആവശ്യമില്ല. ഇനി ഇവർ ഏതെങ്കിലും വലിയ മജ്‌ലിസിന് സമീപത്താണെങ്കിൽ പിന്നെ അവരുടെ പ്രത്യേക ആമില ഉണ്ടാക്കേണ്ട ആവശ്യമില്ല. അടുത്തുള്ള മജ്‌ലിസിനോട് ചേരേണ്ടതാണ്.

• സദ്ർ മജ്‌ലിസ് മലേഷ്യ ചോദിച്ചു, ഞങ്ങളുടെ പക്കൽ അല്പം പണം ഉണ്ട്. അത് ഏതെങ്കിലും കച്ചവടത്തിനായി ഉപയോഗിക്കാൻ പറ്റുമോ?

ഹുസൂർ പറഞ്ഞു, കച്ചവടത്തിനായി ഉപയോഗിക്കാൻ പാടില്ല. ജമാഅത്തിന്റെ സ്വന്തം പരിപാടികളും പദ്ധതികളും ആസൂത്രണങ്ങളും ഉണ്ട്, അതിനായി ഉപയോഗിക്കാവുന്നതാണ്. ക്ഷേമകാര്യങ്ങൾക്കും, സഹായങ്ങൾ നൽകുന്നതിനുമായി ഉപയോഗിക്കാവുന്നതാണ്. ജമാഅത്തിന്റെ വ്യവസ്ഥിതിക്കു കീഴിൽ നിന്നുകൊണ്ട് അത്യാവശ്യക്കാർക്ക് സഹായമായി കടമെന്ന നിലയിൽ നൽകാവുന്നതാണ്. എന്ത് പദ്ധതിയാണെങ്കിലും തൽസംബന്ധമായി എന്നെ അറിയിക്കേണ്ടതാണ്.

• ഫേസ്ബുക്ക് തയ്യാറാക്കി തബ്‌ലീഗിനായി ഉപയോഗപ്പെടുത്താവുന്നതാണോ എന്ന ചോദ്യത്തിന് മറുപടിയായി ഹുസൂർ പറഞ്ഞു, ജമാഅത്തിന്റെ ഫേസ്ബുക്കിനെ തന്നെ തബ്‌ലീഗിനായി ഉപയോഗപ്പെടുത്തുക. വ്യവസ്ഥാപിതമായ നിലയിൽ തന്നെ അതിനെ ഉപയോഗപ്പെടുത്തുക. സ്വകാര്യ ഫേസ്ബുക്കിന്റെ ആവശ്യമില്ല. സ്വന്തം ഫേസ്ബുക്ക് ഉണ്ടാക്കുകയാണെങ്കിൽ പിന്നെ അതിനെ ദുരുപയോഗപ്പെടുത്തുന്നതാണ്.

ഇസ്‌ലാമിനെതിരിലും ജമാഅത്തിനെതിരിലും പത്രമാധ്യമങ്ങളിൽ വന്നുകൊണ്ടിരിക്കുന്നതിനെതിരിൽ മറുപടിക്കായി നല്ല മത പരിജ്ഞാനമുള്ള ഖാദിമുകളെ ഉപയോഗപ്പെടുത്തേണ്ടതാണ്. വ്യവസ്ഥാപിതമായ നിലയിൽ ഒരു 'മജ്‌ലിസ് സുൽത്താനുൽ ഖലം' തന്നെ സ്ഥാപിക്കേണ്ടതാണ്. അതിൽ ഖാദിമുകളായ നല്ല എഴുത്തുകാരെയും, ഇസ്‌ലാമിക പരിജ്ഞാനമുള്ളവരെയും, തെളിവുകളിലൂടെ മറുപടി പറയാൻ സാധിക്കുന്നവരെയും ഉൾപ്പെടുത്തുക. അവർ പത്രങ്ങളിൽ വരുന്ന ഇസ്‌ലാമിക വിരുദ്ധ വാർത്തകൾക്ക് മറുപടി തയ്യാറാക്കുക. എന്നാൽ ആ മറുപടികൾ വ്യക്തിപരമായ നിലയിലല്ല മറിച്ച്, പരസ്പരം ചർച്ച ചെയ്ത് തയ്യാറാക്കുക. വ്യക്തിപരമായിട്ടാണ് തയ്യാറാക്കുന്നതെങ്കിൽ പിന്നെ അതിൽ വ്യക്തിപരമായ ചിന്തകളും സ്ഥാനം പിടിക്കുന്നതാണ്.

• ജന്മദിനം നാം എന്ത്കൊണ്ട് ആഘോഷിക്കുന്നില്ല എന്നുള്ള ചോദ്യത്തിന് മറുപടിയായി ഹുസൂർ പറഞ്ഞു, നാം ജന്മദിനം ആഘോഷിക്കാറില്ല. നാം നബി (സ) തിരുമേനിയുടെ ജന്മദിനവും ആഘോഷിക്കാറില്ല. നാം സീറത്തുന്നബി (സ) യുടെ യോഗങ്ങളാണ് നടത്താറുള്ളത്.

ഹുസൂർ പറഞ്ഞു, അരെങ്കിലും എന്നെ ഇന്ന് എന്റെ ജന്മദിനമാണെന്ന് ഓർമപ്പെടുത്തിയാൽ ഞാൻ രണ്ട് റകഅത്ത് നഫൽ നമസ്കരിക്കും, സദഖ നൽകും, അല്ലാഹു എനിക്ക് ജീവിതം നൽകുകയും അവന്റെ കല്പനകളെ അനുസരിക്കുന്നതിനുള്ള അവസരങ്ങൾ നൽകിയതിലും അല്ലാഹുവിന് കൃതജ്ഞത പറയും. കൂടാതെ ഭാവിയിലും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ കൂടെയുണ്ടാകുന്നതിനായി ദുആയും ചെയ്യും.

• പാംഫ്ലെറ്റിൽ ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ ചിത്രം പ്രസിദ്ധീകരിക്കുവാൻ പറ്റുമോ എന്ന ചോദ്യത്തിന് മറുപടിയായി

നുറുങ്ങുകൾ
ടി.എം

# ശത്രുവിനോട് അനുകമ്പ

ഇരുപത് വർഷങ്ങൾക്ക് മുമ്പ് അഹ്മദിയ്യാ ജമാഅത്ത് ഘാനയുടെ ഹെഡ് ക്വാർട്ടർ സാൾട്ട് പാണ്ഡിലായിരുന്നു. അന്ന് മിഷൻ ഹൗസിൽ വേലക്ക് നിന്നിരുന്ന ഒരു സ്ത്രീയുടെ പിഴവ് കാരണത്താൽ അടുക്കളയിൽ തീ പിടിച്ചു. അടുക്കളയിൽ രണ്ട് സിലിണ്ടർ കത്തുന്നുണ്ടായിരുന്നു. അടുക്കള മരം കൊണ്ടുള്ളതായിരുന്നു. മിഷനോട് ചേർന്ന് ഒരു പെട്രോൾ പമ്പും ഉണ്ടായിരുന്നു. എന്നാൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ഭുതകരമായ നിലയിൽ തീ പടർന്ന് പിടിച്ചില്ല. എന്നാൽ ആ സ്ത്രീയുടെ ശരീരത്തിൽ പൊള്ളലേറ്റിരുന്നു. ഉടൻ തന്നെ അവരെ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചികിൽസയ്ക്ക് ശേഷം തയ്യൽ മെഷീനും പണവും നൽകി അയക്കുകയും ചെയ്തു.

പിന്നീട് ഇരുപത് വർഷങ്ങൾക്കു ശേഷം അതായത് 2000ൽ അവർ ജമാഅത്തിനെതിരിൽ നഷ്ടപരിഹാരത്തിനായി കേസ് കൊടുത്തു. അതിനു പിന്നിൽ ഒരു പക്ഷേ അവരുടെ പണത്തോടുള്ള അ ത്യാർത്തി ആയിരിക്കാം അല്ലെങ്കിൽ മറ്റാരുടെയെങ്കിലും സമ്മർദ്ദം ആയിരിക്കാം. എന്തായാലും കേസ് കൊടുക്കുകയും കോടതി കേസ് എടുത്ത ദിവസം ആ സ്ത്രീയ്ക്കായി കേസ് വാദിക്കുന്ന വക്കീൽ പുറപ്പെടാൻ ഒരുങ്ങിയപ്പോൾ അല്ലാഹുവിന്റെ വിചിത്രമായ ഒരു ശക്തിപ്രഭാവം വെളിപ്പെട്ടു. വക്കീലിന്റെ കാറിന് തീ പിടിക്കുകയും അത് കത്തിച്ചാമ്പലായിത്തീരുകയും ചെയ്തു. വളരെ പ്രയാസപ്പെട്ട് അയാൾ കോടതിയിൽ എത്തുകയും ഈ സംഭവം തന്നിൽ വളരെ സ്വാധീനം ചെലുത്തിയെന്നും അതിനാൽ കേസ് മറ്റൊരു ദിവസത്തേക്ക് മാറ്റിവെക്കണമെന്നും അഭ്യർഥിച്ചു.

ഏതാനും ആഴ്ചകൾക്ക് ശേഷം കോടതി ജമാഅത്തിന് അനുകൂലമായ വിധി പറഞ്ഞു. കൂടാതെ ആ സ്ത്രീയോട് ഒരു ലക്ഷം സീഡ്സ് പിഴയായി അഹ്മദിയ്യാ ജമാഅത്തിന് നൽകാൻ കല്പിക്കുകയും ചെയ്തു.

പ്രസ്തുത കേസിന്റെ വിശദ വിവരങ്ങൾ ഹദ്റത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) നെ അറിയിച്ചു. അപ്പോൾ അദ്ദേഹം അനുകമ്പയോടു കൂടി പറഞ്ഞു, ആ പെൺകുട്ടിയോട് നല്ല നിലയിൽ പെരുമാറുക. സാധുവായ അവർക്ക് മുമ്പ് പൊള്ളലേറ്റിരുന്നു. ഇപ്പോൾ ഇതാ കേസിൽ പരാജയപ്പെട്ടിരിക്കുന്നു. അതിനാൽ അവരുടെ പിഴ അവരിൽ നിന്നും വാങ്ങേണ്ടതില്ല. അത് ജമാഅത്തിന്റെ വകയിൽ സദഖയായിരിക്കട്ടെ.

(അൽഫദ്ൽ ഇന്റർനാഷണൽ: 9.2.2001)

---

ഹുസൂർ പറഞ്ഞു, അഥവാ ഈ പാംഫ്ലെറ്റ്സുകൾ വിദ്യാസമ്പന്നരായ വിവേകികളായവർക്കാണ് നൽകുന്നതെങ്കിൽ അതിൽ പ്രസിദ്ധീകരിക്കാവുന്നതാണ്. കാരണം ഹദ്റത് മസീഹ് മൗഊദ് (അ) പറഞ്ഞത് എന്റെ ചിത്രം കണ്ടുകൊണ്ട് ജനങ്ങൾക്ക് ഇത് വാഗ്ദത്ത നിയോഗിതന്റെ ചിത്രമാണെന്ന് തിരിച്ചറിയാൻ കഴിയും എന്നാണ്.എന്നാൽ സാധാരണക്കാർക്കായി നൽകുന്നതിൽ ചിത്രം പ്രസിദ്ധീകരിക്കരുത്. കാരണം പൊതുവിൽ അവരത് വലിച്ചെറിയുകയാണ് ചെയ്യാറ്.

• ലൈഫ് ഇൻഷുറൻസിനെ സംബന്ധിച്ചുള്ള ചോദ്യത്തിന് മറുപടിയായി ഹുസൂർ പറഞ്ഞു, ചില വിഭാഗങ്ങളിൽ ജോലി ചെയ്യുന്നവർക്ക് അത് ചെയ്യേണ്ടത് നിർബന്ധമായിത്തീരുന്നു. ചിലയിടങ്ങളിൽ നിയമപരമായ നിബന്ധനയുണ്ട്. മെഡിക്കൽ ഇൻഷുറൻസിനെ സംബന്ധിച്ചിടത്തോളം അതിന് അനുവാദമുണ്ട്. രോഗിയാവുകയോ അല്ലെങ്കിൽ അവിചാരിതമായി എന്തെങ്കിലും അപകടം സംഭവിക്കുകയോ ചെയ്താൽ അവർ ചെലവ് നൽകുന്നതാണ്. അന്നേരം നിങ്ങൾ നിങ്ങളുടെ ജീവിതത്തിനെ ഇൻഷുറൻസ് ചെയ്യുകയല്ല പ്രത്യുത, ചികിൽസിക്കുകയാണ് ചെയ്യുന്നത്.

• വിവാഹ സംബന്ധമായി ഹുസൂർ തിരുമനസ് പറഞ്ഞു, ഖുദ്ദാം അഹ്മദി പെൺകുട്ടിയുമായി മാത്രം വിവാഹം ചെയ്യുക. ചില സന്ദർഭങ്ങളിൽ പ്രത്യേക സാഹചര്യങ്ങളിൽ അനഹ്മദി പെൺകുട്ടിയെ വിവാഹം ചെയ്യാനുള്ള അനുമതി നൽകാവുന്നതാണ്.

• ഞങ്ങൾക്കെങ്ങിനെയാണ് കൂടുതൽ ഉത്തമമായ നിലയിൽ പ്രവർത്തിക്കാൻ കഴിയുക എന്ന ചോദ്യത്തിന് മറുപടിയായി പറഞ്ഞു, ഒന്നാമതായി പ്രവർത്തക സമിതി അംഗങ്ങൾ സ്വയം ഊർജസ്വലരാകുക. രണ്ടാമതായി മൃദുലമായും സ്നേഹത്തോടും കൂടി നിരന്തരമായി ഓർമപ്പെടുത്തിക്കൊണ്ടിരിക്കുക. മൂന്നാമതായി തനിക്ക് വേണ്ടിയും ഖാദിമുകൾക്ക് വേണ്ടിയും ദുആ ചെയ്യുക.

മീറ്റിങ്ങിന്റെ അവസാനത്തിൽ സിംഗപ്പൂർ സദ്ർ സാഹിബിനോട് പറഞ്ഞു, ജന്മദിനത്തെ കുറിച്ച് പറഞ്ഞപ്പോൾ ഇന്ന് എന്റെ ജന്മദിനമാണെന്ന് എനിക്ക് ഓർമ വന്നു. അതിനാൽ രണ്ട് നഫൽ നമസ്കരിക്കുക, സദഖ നൽകുക, നിങ്ങളുടെ പ്രവർത്തക സമിതി അംഗങ്ങളുമായി എന്നോടൊത്ത് ഫോട്ടോ എടുത്തു കൊള്ളുക.

(ബദ്ർ വാരിക, 31.10.13)

---

ശതാബ്ദം
1913 ഡിസംബർ
ടി.എം


• ക്രിസ്തുമതത്തിനെതിരായി ലേഖനം പ്രസിദ്ധീകരിച്ച കാരണത്താൽ പ്രസ്സ് ആക്ടിനു കീഴിൽ പബ്ലിഷറുടെ പേരിൽ മുവ്വായിരം രൂപ ജാമ്യം ആവശ്യപ്പെടുകയും അത് കൊടുക്കാൻ സാധിക്കാഞ്ഞതിനാൽ ബദ്ർ ദിനപത്രം നിർത്തലാക്കുകയും ചെയ്തു.

• ജൽസാ സംഘാടകർ 1913 ലെ ജൽസാ രണ്ടു ദിവസമായിരിക്കുമെന്ന് തീരുമാനിച്ചെങ്കിലും ഹദ്റത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) ആ തീരുമാനത്തെ റദ്ദാക്കുകയും ജൽസ 26,27,28 തീയതികളിൽ തന്നെ മൂന്ന് ദിവസങ്ങളായി നടക്കുന്നതാണെന്നും അറിയിച്ചു.

നമസ്കാര പാഠങ്ങൾ




ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)



# അത്തഹിയ്യാത്ത്

സുജൂദിൽ മൂന്ന് തവണ **സുബ്ഹാന റബ്ബിയൽ അഅ്ലാ** എന്ന് പറഞ്ഞുകൊണ്ട് (തല ഉയർത്തിതിന് ശേഷം) നാം എന്താണ് പറയുന്നത്? **അത്തഹിയ്യാത്തു ലില്ലാഹി വസ്സ്വലവാത്തു വത്വയ്യിബാത്തു..** ……… **തഹിയ്യത്ത്** എന്താണ്? പാരിതോഷികം. അതായത് സർവ വിധത്തിലുമുള്ള പാരിതോഷികങ്ങളും അല്ലാഹുവിനാണ്. പാരിതോഷികങ്ങൾ എന്തിനാണ് നൽകാറുള്ളത്? നിങ്ങൾ പാരിതോഷികം നൽകുമ്പോൾ പ്രത്യേക കാരണമുണ്ടാകും.

അത്തഹിയ്യാത്തിനു മുമ്പ് **സുബ്ഹാന റബ്ബിയൽ അഅ്ലാ** എന്നാണ് പറഞ്ഞത്. അപ്പോൾ അല്ലാഹു നിങ്ങളിൽ ധാരാളം കരുണ ചൊരിഞ്ഞെന്നും, നിങ്ങളെ വളരെ പ്രശംസിച്ചിരിക്കുന്നുവെന്നും, നിങ്ങൾക്ക് വളരെ വലിയ പദവി നൽകിയിരിക്കുന്നുവെന്നും പ്രതീക്ഷിക്കാവുന്നതാണ്. ഏതെങ്കിലും രാജാവിന്റെ മുന്നിൽ ഹാജരാകുമ്പോൾ ഇതെന്റെ ഉപഹാരം എന്ന് പറഞ്ഞ് എന്തെങ്കിലും നൽകുന്നു. **അത്തഹിയ്യാത്തു ലില്ലാഹി** എന്നതിന്റെ അർത്ഥം ആർക്കെങ്കിലും പാരിതോഷികം നൽകണമെങ്കിൽ അല്ലാഹുവിന് തന്നെ നൽകുക.

**വസ്സ്വലവാത്തു വത്വയ്യിബാത്തു.** സ്വലവാത്തിലും ത്വയ്യിബാത്തിലുള്ള വിത്യാസം എന്താണ്? ശാരീരിക ത്യാഗങ്ങൾക്കാണ് **സ്വലവാത്ത്** എന്ന് പറയുന്നത്. അതായത് നിങ്ങളുടെ ശരീരം പ്രയാസം അനുഭവിക്കുന്നു. നിന്നും ഇരുന്നും നമസ്കരിക്കുന്നു……. നമസ്കാരവും ഉൾപ്പെടുന്ന എല്ലാ ശാരീരിക ത്യാഗങ്ങളും. അല്ലാഹുവിന് വേണ്ടി മനുഷ്യർ ഓടിനടക്കുന്നു. ധാരാളം പ്രയത്നിക്കുന്നു. നിങ്ങളും ഇവിടെ വന്നിട്ടുള്ളത് അല്ലാഹുവിന് വേണ്ടിയാണ്. ഇതെല്ലാം ശാരീരിക ത്യാഗങ്ങളാകുന്നു. നിങ്ങളുടെ ശരീരം ത്യാഗം ചെയ്യുന്നു. അപ്പോൾ ഇത്തരത്തിലുള്ള എല്ലാ ശാരീരിക ത്യാഗങ്ങളും അല്ലാഹുവിന് വേണ്ടിയാകുന്നു.

വത്വയ്യിബാത്തു. എന്താണ് ത്വയ്യിബാത്ത്? എന്തിനെയാണ് ത്വയ്യിബ് എന്നു പറയുന്നത്? പരിശുദ്ധമായതിനെയാണ് ത്വയ്യിബ് എന്നു പറയുന്നത്. അപ്പോൾ ത്വയ്യിബാത്ത് എന്നാൽ പരിശുദ്ധമായവ. അതിനും പാരിതോഷികവുമായി ബന്ധമുണ്ട്. അല്ലാഹുവിനായി നാം പാരിതോഷികങ്ങൾ നൽകുമ്പോൾ എപ്പോഴും ഏറ്റവും ഉത്തമമായതാണ് നൽകുന്നത്. ആർക്കെങ്കിലും ഉപഹാരങ്ങൾ നൽകുമ്പോൾ പഴയത് നൽകാറുണ്ടോ? ഉപഹാരം നൽകുമ്പോൾ നല്ലതും ആകർഷകവുമായതാകേണ്ടതാണ്. നിങ്ങൾക്കും ഇഷ്ടപ്പെടണം. സ്നേഹവും ഇഷ്ടവും കൂടുന്നതിനനുസരിച്ച് ഉപഹാരത്തിന്റെ മേന്മയും കൂടുന്നു. ഏറ്റവും പ്രിയപ്പെട്ടവർക്ക് ഏറ്റവും ഉത്തമമായത് തന്നെ നൽകണമെന്ന് ചിന്തിക്കുന്നു.

ചുരുക്കത്തിൽ അല്ലാഹുവിന്റെ സമക്ഷത്തിൽ **അത്തഹിയ്യാത്ത്** എന്നതിന്റെ അർഥം, നമസ്കാരങ്ങളും ഹൃദ്യമായിരിക്കണം, ശാരീരിക ത്യാഗങ്ങളും യാതൊരു ന്യൂനതയില്ലാത്തതുമായിരിക്കണം.

**ത്വയ്യിബാത്ത്** എന്നതിൽ നിങ്ങളുടെ ധനവും ഉൾപ്പെടുന്നു, നിങ്ങളുടെ വസ്ത്രങ്ങളും ഉൾപ്പെടുന്നു, നിങ്ങളുടെ എല്ലാം തന്നെ ഉൾപ്പെടുന്നു. അതെല്ലാം ഏറ്റവും ഉത്തമമായിരിക്കണം. അത് നിഷിദ്ധകാര്യങ്ങളിലൂടെയല്ല മറിച്ച്, അനുവദനീയ മാർഗത്തിലൂടെ സമ്പാദിച്ചതായിരിക്കണം. നിഷിദ്ധമാർഗത്തിലൂടെ സമ്പാദിച്ചത് പരിശുദ്ധമായിരിക്കില്ല. എന്താണ് പരിശുദ്ധം? അനുവദനീയമായതിനെ മാത്രമല്ല പരിശുദ്ധം എന്നു പറയുന്നത് മറിച്ച്, അനുവദനീയമായതിൽ നിന്നും ഏറ്റവും ഉത്തമമായതിനെയാണ് ത്വയ്യിബ് എന്നു പറയുന്നത്. ഉദാഹരണമായി ഞാൻ നിങ്ങൾക്ക് സമോസ തരികയാണ്. അത് ദുർഗന്ധം വമിക്കുന്ന ഇറച്ചിയുടേതാണെങ്കിൽ അനുവദനീയമായതാണെങ്കിലും അതിനെ നിങ്ങൾ ഉപേക്ഷിക്കുന്നതാണ്. എന്നാൽ അതിൽ നിന്നും ഇറച്ചിയുടെ സുഗന്ധമാണ് വരുന്നതെങ്കിൽ അതിനെ **ത്വയ്യിബ്** എന്ന് പറയാം.

ചുരുക്കത്തിൽ അല്ലാഹുവിന് മുന്നിൽ അനുവദനീയമായത് മാത്രമല്ല സമർപ്പിക്കേണ്ടത് മറിച്ച്, സുഗന്ധം നൽകുന്ന അനുവദനീയമായതായിരിക്കണം സമർപ്പിക്കേണ്ടതാണ്. കാണുമ്പോൾ തന്നെ മനം കുളിർക്കുന്നതായിരിക്കണം സമർപ്പിക്കേണ്ടത്.

**വസ്സ്വലവാത്തു വ ത്വയ്യിബാത്തു** എന്ന് പറഞ്ഞ് കഴിയുമ്പോൾ എന്താണ് കൊണ്ടു വന്നിരിക്കുന്നത് എന്ന ചിന്ത മനസ്സിൽ ഉടലെടുക്കുന്നു. നാം സമർപ്പിക്കുന്നത് ഒഴിഞ്ഞ പാത്രമാണ്. അതിൽ ഒന്നും തന്നെയില്ല. സ്വീകരിക്കുക എന്നത് അവന്റെ ഇഷ്ടം.

**വസ്സ്വലവാത്തു വത്വയ്യിബാത്തു** എന്നതിൽ ചിന്തിക്കുമ്പോൾ നിത്യവും എന്തെങ്കിലും ശാരീരിക ത്യാഗങ്ങൾ നാം സമർപ്പിക്കേണ്ടതാണ് എന്ന് മനസിലാകുന്നു. നിത്യവും അല്ലാഹുവിന്റെ സവിധത്തിൽ എന്തെങ്കിലും പരിശുദ്ധമായത് സമർപ്പിക്കേണ്ടതാണ്. അങ്ങനെ ചെയ്യുകയാണെങ്കിൽ അല്പമാണെങ്കിലും നിനക്ക് സമർപിക്കാൻ അനുയോജ്യമായത് ഇതേ ഉള്ളു അത് സമർപ്പിക്കുകയാണ് എന്ന് നിങ്ങൾക്ക് പറയാൻ കഴിയുമല്ലോ?

ചുരുക്കത്തിൽ നമസ്കാരം ഓരോ ചുവടിലും നിങ്ങളെ ചിന്തിക്കാൻ പ്രേരിപ്പിക്കുന്നു. ഒരു നമസ്കാരത്തിൽ തന്നെ എല്ലാം അസാധ്യവുമാണ്. അത്കൊണ്ടാണ് അഞ്ച് നേര നമസ്കാരം വെച്ചിരിക്കുന്നത്. രാവിലെ നമസ്കാരം, രാത്രി നമസ്കാരം. എന്നാൽ നിങ്ങൾക്ക് മടുപ്പ് തോന്നില്ല. കാരണം ഓരോ നമസ്കാരത്തിലും നിങ്ങളുടെ ചിന്തകൾ വ്യത്യസ്തങ്ങളായിരിക്കും. എല്ലാ കാര്യങ്ങളും ഒരു നമസ്കാരത്തിൽ തന്നെ ചിന്തിക്കാൻ സാധ്യമല്ല. എന്നാൽ നിങ്ങ ളുടെ മനസ്സിൽ ഒരു സമയത്ത് ഒരു കാര്യം വരും മറ്റൊരു സമയത്ത് വേറൊരു കാര്യം. ആയുസ്സ് തീർ ന്നേക്കാം എന്നാൽ നമസ്കാരം അവസാനിക്കില്ല.

അത്തഹിയ്യാത്തിന് ശേഷം അടുത്തതായി നാം എന്താണ് ചെയ്യുന്നത്? ഉത്തമമായ ഈ കാര്യങ്ങളെല്ലാം തന്നെ ആരാണ് നമുക്ക് പഠിപ്പിച്ചു തന്നത്? ഹദ്റത് നബി തിരുമേനി (സ). അല്ലാഹുവിന് പാരിതോഷികം നൽകി. നബി തിരുമേനിക്ക് വേണ്ടി നാം എന്താണ് കൊണ്ടു വന്നത്? നബിതിരുമേനി(സ)യ്ക്കായി അല്ലാഹുവിൽ നിന്ന് നൽകപ്പെട്ട ദുആയുണ്ട്. കൂടാതെ നമ്മിൽ നിന്ന് ഒരു ഉപഹാരവും സമർപ്പിക്കപ്പെടുന്നതാണ്. അത് കൊണ്ട് പാരിതോഷികം സമർപ്പിച്ചപ്പോൾ ആദ്യം അല്ലാഹുവിനെ മറഞ്ഞിരിക്കുന്നവനായി അഭിസംബോധന ചെയ്തു. **അത്തഹിയ്യാത്തുലില്ലാഹി** പിന്നീട് മുന്നിൽ നിൽക്കുന്നവനിലേക്ക് വിഷയം മാറി. പിന്നീട് തന്നിലേക്ക് വിഷയം വന്നു. എല്ലാ ഭാഷകളിലും മൂന്ന് രീതികളാണ് ഉള്ളത്. (1) ഒരാളെ മറഞ്ഞിരിക്കുന്നവനായി പരാമർശിക്കുക. (2) നേരെ അഭിസംബോധന ചെയ്യുക. (3) സ്വയം തന്നെ ക്കുറിച്ച് പറയുക. ഈ മൂന്ന് കാര്യങ്ങളും അത്തഹിയ്യാത്തിൽ ഉൾപ്പെട്ടിരിക്കുന്നു. ഒന്നാമത്തേത് **അത്തഹിയ്യാത്തു ലില്ലാഹി** എന്നതാണ്. അതായത് എല്ലാ പാരിതോഷികങ്ങളും അല്ലാഹുവിനാകുന്നു. രണ്ടാമതായി നാം ഓർക്കേണ്ടത്, മുഹമ്മദ് നബി (സ) യാണ് ആ അല്ലാഹുവുമായി നമ്മുടെ ബന്ധം സ്ഥാപിച്ചത്. അതുകൊണ്ടിവിടെ '**റബ്ബീ**' എന്ന് പറഞ്ഞില്ല. കാരണം ഇത് മുഹമ്മദ് നബി (സ) യുടെ അല്ലാഹുവാണ്. ആ മഹാത്മാവാണ് അവനെ നമുക്ക് പരിചയപ്പെടുത്തി തന്നത്. അത് കൊണ്ട് നാം **അസ്സലാമു അലൈക അയ്യുഹന്നബിയ്യു വറഹ്മത്തുല്ലാഹി വബറക്കാത്തുഹു** എന്ന് പറയുന്നു. അതായത്, അല്ലയോ നബി (സ) നിനക്ക് സമാധാനമുണ്ടാകട്ടെ. നീ എത്ര വലിയ കാര്യമാണ് ഞങ്ങൾക്ക് നൽകിയത്. അത് പറഞ്ഞതിനു ശേഷം അവസാനത്തിൽ '**അസ്സലാമു അലയ്നാ**' എന്ന പറഞ്ഞ് സ്വയം തനിക്കായും സമാധാനം നേരുന്നു.

*സമ്പാ: ടി.എം.അബ്ദുൽ മുജീബ്, തമ്മനം.*

# ജൽസയിൽ പങ്കെടുക്കേണ്ടത് വിശ്വാസികൾക്ക് അനിവാര്യം

## ഹദ്റത് മസീഹ് മൗഊദ് (അ)

ബയ്അത്തിൽ പ്രവേശിച്ചിട്ടുള്ള ആത്മാർഥരായ ഓരോ വ്യക്തികളും അറിഞ്ഞു കൊള്ളട്ടെ, ഭൗതികതയോടുള്ള ആസക്തി തണുക്കുകയും തന്റെ യഥാർഥ നാഥനോടും നബിതിരുമേനി(സ) യോടുമുള്ള സ്നേഹം ഹൃദയത്തിൽ അങ്കുരിച്ചു കൊണ്ട് പരലോകയാത്ര വെറുക്കപ്പെട്ടതായി തീരാത്ത തരത്തിലുള്ള ഭൗതിക പരിഛേദനമാണ് ബയ്അത്തു കൊണ്ട് ഉദ്ദേശിക്കുന്നത്. എന്നാൽ ഈ ലക്ഷ്യപ്രാപ്തിക്കായി സഹവാസത്തിൽ കഴിയുകയും തന്റെ ആയുസ്സിന്റെ ഒരു ഭാഗം ഈ മാർഗത്തിൽ ചെലവഴിക്കുകയും ചെയ്യേണ്ടത് അനിവാര്യമാകുന്നു. അല്ലാഹു ഇഛിക്കുകയാണെങ്കിൽ ഏതെങ്കിലും ദൃഢമായ തെളിവുകൾ ദർശിച്ചു കൊണ്ട് അലസതയും ദൌർബല്യവും ദുരീകരിക്കപ്പെട്ടു കൊണ്ട് ദൃഢവിശ്വാസം ഉടലെടുക്കുകയും ആ അനുരാഗത്തിൽ ഉൽസാഹവും താൽപര്യവും ആവേശവും ഉണ്ടായിത്തീരുന്നതാണ്. അതിനായി എപ്പോഴും ചിന്തിച്ചു കൊണ്ടിരിക്കുകയും അതിനുള്ള തൗഫീഖ് ലഭിക്കുന്നതിനായി ദുആകളിൽ മുഴുകുകയും ചെയ്യേണ്ടതാണ്......

പ്രകൃതത്തിലുള്ള ദൗർബല്യവും പരിമിതികളും ദൂരക്കൂടുതലും കാരണത്താൽ സഹവാസത്തിൽ കഴിയുകയും അല്ലെങ്കിൽ വർഷത്തിൽ പലതവണ പ്രയാസം സഹിച്ച് എത്തിപ്പെടുക എല്ലാവരാലും സാധ്യമല്ല. മുഖാമുഖത്തിനായി വലിയ വലിയ ക്ലേശങ്ങൾ സഹിച്ച് വലിയ വലിയ ബുദ്ധിമുട്ടുകൾ തരണം ചെയ്ത് എത്തുക എന്ന ആവേശം അധിക മനസ്സുകളിലും ഇപ്പോൾ ഉടലെടുത്തിട്ടുമില്ല. അക്കാരണത്താൽ എല്ലാ ആത്മാർഥരായ അഹ്മദികൾക്കും അല്ലാഹു ഇഛിക്കുകയാണെങ്കിൽ ആവേശവും സമയവും ഉള്ളതനുസരിച്ച് മറ്റ് തടസ്സങ്ങളില്ലെങ്കിൽ നിർണിത തീയതികളിൽ സന്നിഹിതരാകുന്നതിനായി വർഷത്തിൽ മൂന്ന് ദിവസങ്ങൾ ജൽസയ്ക്കായി നിശ്ചയിക്കുന്നത് യുക്തിക്കനുഗുണമായി മനസ്സിലാക്കുന്നു. അതിനാൽ എന്റെ അഭിപ്രായത്തിൽ അതിനായിട്ട് ഡിസംബർ 27, 28, 29 തീയതികൾ ആണുത്തമം. ഇന്നേക്ക് ശേഷം അതായത് 1891 ഡിസംബർ 30 ന്ശേഷം ഭാവിയിൽ നമ്മുടെ ജീവിതത്തിൽ ഡിസംബർ 27 എന്ന തീയതി ഉണ്ടെങ്കിൽ കഴിവിന്റെ പരമാവധി എല്ലാ സുഹൃത്തുകളും കേവലം അല്ലാഹുവിന് വേണ്ടി കാര്യങ്ങൾ കേൾക്കുന്നതിനും ദുആയിൽ പങ്കാളികളാകുന്നതിനും വേണ്ടി പ്രസ്തുത തീയതികളിൽ എത്തിച്ചേരേണ്ടതാണ്. ഈ ജൽസയിൽ വിശ്വാസത്തെയും ദൃഢജ്ഞാനത്തെയും ദൈവികജ്ഞാനത്തെയും വർദ്ധിപ്പിക്കുന്നതിന് അനിവാര്യങ്ങളായ കാര്യങ്ങൾ ശ്രവിക്കുന്നതിൽ വ്യാപൃതരാകേണ്ടതാണ്.

(വിജ്ഞാപനം, 1891 ഡിസംബർ 30)

# കർമശാസ്ത്രം

സമ്പാ: അബൂ അബ്ദുൽ ബാരി

## നിക്കാഹിന്റെ സാധുതയ്ക്കുള്ള നിബന്ധനകൾ

*നിക്കാഹിന്റെ സാധുതയ്ക്ക് മൂന്ന് നിബന്ധനകളാണുള്ളത്;*

1. സ്ത്രീ വിലക്കപ്പെട്ടവളാകരുത്.
2. സ്ത്രീയുടെയും അവളുടെ രക്ഷാകർത്താവിന്റെയും സമ്മതം ഉണ്ടാകണം.
3. നിക്കാഹ് ഉടമ്പടിയിൽ കുറഞ്ഞത് രണ്ട് സാക്ഷികളെങ്കിലും ഉണ്ടായിരിക്കണം.

**വിലക്ക് രണ്ടു തരത്തിലാണുള്ളത്;**

1. ശാശ്വതമായി വിലക്കപ്പെട്ടവൾ.
2. താൽക്കാലികമായി വിലക്കപ്പെട്ടവൾ.

**ശാശ്വതമായി വിലക്കപ്പെട്ടവൾ**

1. മാതാവ്, മാതാമഹി, പിതാമഹി തുടങ്ങിയവർ
2. പുത്രി, പൗത്രി, പേരമകൾ തുടങ്ങിയവർ.
3. സഹോദരി, സഹോദരി പുത്രി, സഹോദര പുത്രി എന്നിവർ.
4. പിതൃസഹോദരി, മാതൃസഹോദരി എന്നിവർ. എന്നാൽ അവരുടെ പുത്രിമാരെ നിക്കാഹ് ചെയ്യാവുന്നതാണ്. പിതാവിന്റെ പിതൃസഹോദരിയും മാതാവിന്റെ പിതൃസഹോദരിയും അതേപോലെ പിതാവിന്റെ മാതൃസഹോദരിയും മാതാവിന്റെ മാതൃസഹോദരിയും വിലക്കപ്പെട്ടവരിൽ ഉൾപ്പെടുന്നു.
5. പിതാവിന്റെ ഭാര്യ. അതിൽ പിതാമഹന്റെ ഭാര്യയും മാതാമഹന്റെ ഭാര്യയും ഉൾപ്പെടുന്നു.
6. ഭാര്യാമാതാവ്, ഭാര്യാമാതാവിന്റെ മാതാവ്, ഭാര്യാമാതാവിന്റെ പിതാമഹി മാതാമഹി എന്നിവർ.
7. പുത്രൻ, പൗത്രൻ, പേരമകൻ എന്നിവരുടെ ഭാര്യമാർ. ദത്തു പുത്രന്റെ ഭാര്യ വിലക്കപ്പെട്ടതിൽ ഉൾപ്പെടുന്നില്ല.
8. സ്വന്തം ഭാര്യയുടെ മുൻ ഭർത്താവിൽ നിന്നുള്ള മകൾ. എന്നാൽ ആ ഭാര്യയുമായി ശാരീരിക ബന്ധം പുലർത്തിയിട്ടില്ലായെങ്കിൽ അവരുടെ പുത്രിയെ നിക്കാഹ് ചെയ്യുന്നതിൽ വിലക്കൊന്നുമില്ല.
9. മുലകുടി ബന്ധത്തിലുള്ള മേൽപറഞ്ഞ ബന്ധുക്കൾ. എന്നാൽ ഇത് മുല കുടിച്ചവർക്ക് മാത്രമാണ് ബാധകം. അവരുടെ സഹോദര സഹോദരിമാർക്ക് ബാധകമല്ല.
10. പരസ്പരം ലആൻ (ശാപപ്രാർഥന) ചെയ്ത് ബന്ധം വിഛേദിച്ച സ്ത്രീ പുരുഷന്മാർ വീണ്ടും നിക്കാഹിലൂടെ ഒന്നിക്കുന്നതും വിലക്കപ്പെട്ടിരിക്കുന്നു.

(അവലംബം: ഫിഖ്ഹ് അഹ്മദിയ്യാ, രണ്ടാം ഭാഗം)




# സ്ത്രീകളുടെ ഉത്തരവാദിത്വം

**ഹദ്റത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)**

*സ്ത്രീകൾ തങ്ങളുടെ കടമകൾ നിറവേറ്റുന്നതിൽ നീതി പാലിക്കേണ്ടതാണ്. ഒരു സ്ത്രീയുടെ പരമപ്രധാനമായ ഉത്തരവാദിത്വം വീടിന്റെ കാര്യങ്ങൾ നോക്കുക എന്നതാണ്. ഭർത്താവിനെയും ഭർത്താവിന്റെ രക്തബന്ധുക്കളെയും ആദരിക്കുക. കുട്ടികളുടെ ശിക്ഷണത്തിലും പരിപാലനത്തിലും ശ്രദ്ധിക്കുക എന്നതും സ്ത്രീകളുടെ ഉത്തരവാദിത്വമാകുന്നു.*

*(ഖുത്വുബ ജുമുഅ: 25.10.13)*

## ഫാഷൻ പ്രകടനവും വസ്ത്രധാരണവും

അനാവശ്യമായ ഫാഷൻ പ്രകടനങ്ങളെ ഒഴിവാക്കേണ്ടതാണ്. ഒരു പരിധി വരെ ഫാഷൻ അനുവദനീയമണ്. ഉദാഹരണത്തിന് വസ്ത്രങ്ങൾ ഭംഗിയുള്ളത് ആകണം എന്ന് ആഗ്രഹിക്കുന്നതിൽ തെറ്റില്ല. മേക്കപ്പും മറ്റ് അലങ്കാര വസ്തുക്കളും ഉപയോഗിക്കുന്നതിൽ തെറ്റില്ല. എന്നാൽ പരിധി ലംഘിക്കുമ്പോൾ ഭയഭക്തിയിൽ നിന്നും അകലുന്നതാണ്. ചിലർ ഇറുകിയ ജീൻസും ബ്ലൗസും ധരിക്കുന്നു. അല്ലെങ്കിൽ ബനിയനുകൾ ധരിക്കുന്നു. ഇതെല്ലാം സ്ത്രീത്വത്തിന്റെ പവിത്രതയെ കളങ്കപ്പെടുത്തുന്ന വസ്ത്രധാരണമാണ്. ഇത്തരത്തിലുള്ള വസ്ത്രധാരണം പർദ്ദ ആവശ്യമില്ലാത്ത പുരുഷന്മാരുടെ മുന്നിൽ പോലും അനുവദനീയമല്ല. അപ്പോൾ പിന്നെ പരപുരുഷന്മാരുടെ മുന്നിൽ ഇത്തരത്തിലുള്ള ഫാഷൻ പ്രകടനം എങ്ങനെയാണ് അനുവദനീയമാകുന്നത്?

വസ്ത്രധാരണവും, സമൂഹത്തിന്റെ സ്വാധീനവും യുവതലമുറയുടെ സ്വഭാവത്തിൽ പരിവർത്തനം ഉണ്ടാക്കുന്നു. ജീൻസ് ധരിക്കുന്നതിനെ ഞാൻ വിലക്കുന്നില്ല. എന്നാൽ അതിനോടൊപ്പം മുട്ട് വരെ ഇറക്കമുള്ള കുർത്തകൾ പോലുള്ള വസ്ത്രവും ധരിക്കേണ്ടതാണ്.

## പർദ്ദയുടെ നിലവാരം

പർദ്ദകൊണ്ടുദ്ദേശിക്കുന്നത് ലജ്ജയാണ്. സ്ത്രീ പുരുഷന്മാരുടെ അനാവശ്യമായ ഇടപഴകലിനെ തടയുകയും, തെറ്റായ ചിന്തകളിൽ നിന്ന് അകന്നു നിൽക്കുകയും, ഭയഭക്തിയുടെ മർഗം അവലംബിക്കുകയുമാണ് യഥാർഥ പർദ്ദ കൊണ്ടുള്ള വിവക്ഷ. അല്ലാഹു ഉദ്ദേശിക്കുന്ന തരത്തിലുള്ള ലജ്ജ തന്നിൽ ഉണ്ടോ എന്ന് ഓരോ സ്ത്രീയും ആത്മപരിശോധന നടത്തേണ്ടതാണ്. പർദ്ദയില്ലായ്മ യുവാക്കളിൽ ദുർഭാവന വളർത്തുന്നതിന് ഹേതുവായി തീരുന്നു. അല്ലാഹു നിങ്ങളെ കാണുന്നുണ്ട് എന്ന ചിന്ത നിങ്ങളിൽ ഉണ്ടായിരിക്കേണ്ടതാണ്. ഒരു അഹ്മദി സ്ത്രീ ഭയഭക്തിയിൽ മുന്നേറാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവൾക്ക് വസ്ത്രധാരണത്തെ കുറിച്ച് വ്യക്തമായ ധാരണ ഉണ്ടായിരിക്കേണ്ടതാണ്. അതിനെ നിലവാരമുള്ളതാക്കി മാറ്റുക. അല്ലെങ്കിൽ സമൂഹത്തിന്റെ അശ്ലീലത നിങ്ങളെയും അതിലേക്ക് വലിച്ചിഴക്കുന്നതാണ്.

## സന്താനങ്ങളെ ദീനിന്റെ അവകാശികളാക്കി മാറ്റുക

സന്താനങ്ങൾക്ക് മികച്ച ശിക്ഷണം നൽകുക. അവരെ ഭൗതിക ജീവികളാക്കി മാറ്റാതെ പരലോക ജീവിതത്തിനായി തയ്യാറാക്കുക. അവരെ ദീനിന്റെ അവകാശികളാക്കി മാറ്റുക. മാതാപിതാക്കൾക്കായി പ്രാർഥിക്കുന്ന സന്താനങ്ങളെ തയ്യാറാക്കുക. കാൽചുവട്ടിൽ സ്വർഗമുള്ള ഉത്തമ മാതാവായി മാറാൻ ശ്രമിക്കുക. നന്മയിൽ മുന്നേറുന്നവരായ സന്താനങ്ങളെ വാർത്തെടുക്കുക. സ്വന്തം കർമങ്ങളും അല്ലാഹുവിന്റെ തൃപ്തിക്ക് വിധേയമാക്കി കൊണ്ട് നന്മയിൽ മുന്നേറുന്നവരായി മാറുക. അഥവാ നിങ്ങൾ ഭയഭക്തിക്ക് മുൻതൂക്കം നൽകുകയാണെങ്കിൽ ഇന്ന് കാണുന്ന രീതിയിലുള്ള കുടുംബ പ്രശ്നങ്ങൾ ഉണ്ടാകുന്നതല്ല.

*(സ്ത്രീകളോടുള്ള പ്രഭാഷണം, ജൽസാ സാലാന ആസ്ത്രേലിയ, 5.10.13)*

*(സമ്പാ: അബൂആഫിയ)*

## ജൽസയിൽ പങ്കാളികളാകാനുള്ള തയ്യാറെടുപ്പ്

ഈ ആത്മീയ ജൽസയിൽ സമയാസമയങ്ങളിൽ വെളിപ്പെട്ടു കൊണ്ടിരിക്കുന്ന മറ്റ് ഫലങ്ങളുമുണ്ട്. സാമ്പത്തികശേഷി കുറഞ്ഞവർ ആദ്യം മുതൽ തന്നെ ഈ ജൽസയിൽ പങ്കാളികളാകുന്നതിനായി ആലോചിക്കുകയും ആസൂത്രണങ്ങൾ നടപ്പിലാക്കി കൊണ്ട് ചെലവ് കുറച്ച് അല്പാല്പമായി വഴിചെലവ് നിത്യേനയോ മാസാമാസമോ സ്വരുക്കൂട്ടുകയാണെങ്കിൽ യാതൊരു പ്രയാസവുമില്ലാതെ യാത്രാ ചെലവ് കരസ്ഥമാകുന്നതാണ്. (ഹദ്റത് മസീഹ് മൗഊദ് (അ): ആസ്മാനീ ഫൈസ്ല)

ചരിത്രപഥം

ഡോ: ഇഫ്തിഖാർ അഹ്മദ് അയാസ്, ലണ്ടൻ

# ധന്യനിമിഷങ്ങൾ

**ഹദ്റത് ഹാജി മുഹമ്മദ് ദീൻ സാഹിബ് തെഹൽവി** വാഗ്ദത്ത മസീഹി(അ)ന്റെ ഒരു ശിഷ്യനായിരുന്നു. വാഗ്ദത്ത മസീഹ് (അ) ജഹ്ലമിലേക്ക് യാത്ര ചെയ്തപ്പോൾ ആ മഹാത്മാവിനെ അനുഗമിച്ച അനുചരന്മാരിൽ പെടാനുള്ള സൗഭാഗ്യം അദ്ദേഹത്തിനുണ്ടായി മാത്രമല്ല, പാഗ്റീവാലാ ബൈഅത്ത് (തലപ്പാവ് ഉപയോഗിച്ചുള്ള ബൈഅത്ത്) എന്ന പേരിൽ അറിയപ്പെടുന്ന പ്രത്യേക ചടങ്ങിൽ ഭാഗഭാക്കാവാനും അദ്ദേഹത്തിന് അവസരം കിട്ടി. അത് വളരെ പ്രചോദനാത്മകമായ സംഭവമായിരുന്നു. ഒരവസരത്തിൽ വാഗ്ദത്ത മസീഹ്(അ) ഒരു കേസ്സിൽ പ്രതിചേർക്കപ്പെട്ട് കോടതിയിൽ ഹാജരാവാൻ വന്നതായിരുന്നു. വലിയ ഒരു ജനക്കൂട്ടം തന്നെ ആ സന്ദർഭത്തിൽ ആ മഹാത്മാവിൽ ബൈഅത്ത് ചെയ്യുകയുണ്ടായി. സ്ത്രീകളും പുരുഷന്മാരുമടങ്ങുന്ന ഏകദേശം 1200 പേർ ഒറ്റ ദിവസം ബൈഅത്ത് ചെയ്യുകയുണ്ടായി. അഹ്മദിയ്യത്തിന്റെ ചരിത്രത്തിൽ വിസ്മയകരമായ ഒരു സംഭവമായിരുന്നു അത്. നിരവധി ആളുകൾക്ക് ഒരേ സമയത്ത് ബൈഅത്ത് ചെയ്യാനുണ്ടായിരുന്നതിനാൽ ആളുകൾ തങ്ങളുടെ തലപ്പാവഴിച്ചു നീളത്തിൽ പിടിക്കുകയും ബൈഅത്ത് ചെയ്യുന്ന ഓരോ ആളുകളും തലപ്പാവ് പിടിക്കുകയും തലപ്പാവിന്റെ മറ്റേ അറ്റം വാഗ്ദത്ത മസീഹി(അ)ന്റെ തിരുഹസ്തങ്ങളിൽ എത്തിയിരുന്നു. ഈ സംഭവം ദർവേശുമാർക്ക് വിവരിച്ചു കൊടുക്കുമ്പോൾ ഹദ്റത് ഹാജി മുഹമ്മദ് ദീൻ സാഹിബ് (റ) പഞ്ചാബിയിൽ ഇപ്രകാരം പറയുമായിരുന്നു. "ഹദ്റത് സാഹിബ് (അ) ഇവിടെയായിരുന്നു ഇരുന്നത്" അപ്പോൾ ശ്രോതാക്കളിൽ ഉണ്ടായിരുന്ന പ്രതികരണം താഴെ കൊടുത്ത കവിതാ ശകലത്തിൽ പ്രകടിപ്പിക്കപ്പെട്ടിരിക്കുന്നു.

"പ്രിയങ്കരനെ കുറിച്ചു പറയുന്നത് പ്രിയങ്കരനുമായി കൂടിക്കാഴ്ച്ച നടത്തുന്നതിൽ നിന്ന് ഒട്ടും കുറവല്ല"

ബൈഅത്തു ചെയ്ത ശേഷം ഹദ്റത് ഹാജി മുഹമ്മദ് ദീൻ സാഹിബ് (റ) കൂടുതൽ ഭക്തനും സാത്വികനുമായി. അക്കാലത്ത് ഒരഹ്മദിയാകുകയെന്നാൽ സ്വന്തം മരണ വാറന്റിൽ ഒപ്പിട്ടു കൊടുക്കുന്നതു പോലെയായിരുന്നു. ഇവിടെ സൂചിപ്പിക്കേണ്ട ഒരു സംഭവം അദ്ദേഹത്തിന്റെ അനുഭവത്തിലുണ്ടായി. ബൈഅത്തു ചെയ്തു സ്വന്തം ഗ്രാമത്തിലേക്ക് മടങ്ങിയ അദ്ദേഹത്തോട് ആളുകൾ ചോദ്യങ്ങളുന്നയിച്ചു. അദ്ദേഹത്തിന്റെ മറുപടി കേട്ട അവർ അദ്ദേഹത്തെ വധിക്കാൻ പരിപാടിയിട്ടു. അഹ്മദിയ്യത്ത് ഉപേക്ഷിക്കുന്നില്ലെങ്കിൽ മരണത്തെ നേരിടാൻ തയ്യാറായിക്കൊള്ളണമെന്നവർ ഭീഷണി മുഴക്കി. പക്ഷേ, അദ്ദേഹം ഭയമൊന്നും പ്രകടിപ്പിക്കാതെ സ്ഥിരചിത്തനായി നിലകൊണ്ടു. അദ്ദേഹത്തെ വധിക്കുവാനുള്ള ഉദ്ദേശത്തോടെ ചുറ്റുമുള്ള പന്ത്രണ്ടു ഗ്രാമങ്ങളിലെ ജനങ്ങൾ തടിച്ചു കൂടി. യഥാർത്ഥത്തിൽ തന്നെ വധിക്കാനുദ്ദേശിക്കുന്നതെങ്കിൽ തനിക്ക് രണ്ടു റകഅത്ത് 'നവാഫിൽ' (ഐച്ഛികമായ) നമസ്കാരം അനുഷ്ഠിക്കാൻ സമയം നൽകണമെന്നപേക്ഷിച്ചു. അതനുസരിച്ച് അദ്ദേഹം അടുത്ത പള്ളിയിലേക്ക് പോയി. സമയത്തെ കുറിച്ചോർക്കാതെ അദ്ദേഹം പ്രാർത്ഥനയിൽ മുഴുകി. അദ്ദേഹം പരിഭ്രാന്തനായിരിക്കുകയാണെന്ന് ജനങ്ങൾ വിചാരിച്ചു. കുറച്ചു കഴിഞ്ഞു അദ്ദേഹം തിരിച്ചു വന്നപ്പോൾ ഒരു കുതിരസ്സവാരിക്കാരൻ തന്റെ അടുക്കലേക്ക് വരുന്നതായി അദ്ദേഹം കണ്ടു.

അയാൾ ആക്രോശിച്ചു. "ഈ മനുഷ്യനെ ആരും തൊട്ടു പോകരുത്" അയാൾ വളരെ ആകർഷണീയ വ്യക്തിത്വമുള്ളയാളായിരുന്നു. ഇതു കേട്ട ജനങ്ങൾ പിരിഞ്ഞുപോയി. അങ്ങനെ, സർവ്വോന്നതനായ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഹദ്റത് ഹാജി മുഹമ്മദ് ദീൻ സാഹിബ് (റ) രക്ഷപ്പെട്ടു.

ഈ സംഭവത്തിനു ശേഷം താൻ പല തവണ ആ ഗ്രാമങ്ങൾ സന്ദർശിച്ചിട്ടുണ്ടെങ്കിലും ആ കുതിരസ്സവാരിക്കാരനെപ്പോലെയുള്ള ഒരാളെ കാണുകയോ അയാളെപറ്റി കേൾക്കുകയോ ചെയ്തിട്ടില്ലെന്ന് ഹദ്റത് ഹാജി സാഹിബ് (റ) പറഞ്ഞു. ഗത്യന്തരമില്ലാത്ത ആ നിമിഷത്തിൽ അദ്ദേഹത്തിന്റെ ജീവൻ രക്ഷിക്കാൻ അല്ലാഹു അയച്ച ഒരു മലക്കായിരുന്നു ആ കുതിരസ്സവാരിക്കാരൻ.

ഖാദിയാനിലെ ദർവേശുമാർ അദ്ദേഹത്തിന്റെ സാമീപ്യം വിലപ്പെട്ടതായി കരുതി. ദർവേശെന്ന നിലയിലുള്ള പതിനേഴു വർഷത്തേക്കാൾ അദ്ദേഹത്തിന് നൂറുക്കണക്കിന് അനുഗ്രഹങ്ങൾക്ക് കാരണമായി. ദർവേശുമാരായ കൂട്ടുകാർക്ക് അദ്ദേഹം എന്നെന്നും വിടർന്ന പുഷ്പമായിരുന്നു. ഇക്കാലമത്രയും അദ്ദേഹത്തിന്റെ വസതി 'മുഹറ' പള്ളിയുടെ ചവിട്ടുപടികളോടു ചേർന്ന മുറിയായിരുന്നു. അതറിയപ്പെട്ടിരുന്നത് ഹദ്റത് അമ്മാജാൻ (റ) ന്റെ മുറ്റം എന്നായിരുന്നു.



രാത്രി തോറും ഉച്ചക്ക് മുമ്പുള്ള അദ്ദേഹത്തിന്റെ പ്രാർത്ഥനകളും പതിവായ അഞ്ചു നേര നമസ്കാരങ്ങളും അദ്ദേഹത്തിന്റെ പ്രകൃതമായിക്കഴിഞ്ഞിരുന്നു. ദുആകളും ദൈവസ്മരണയുമായിരുന്നു അദ്ദേഹത്തിന്റെ മുഴുസമയ ജോലിയെന്ന് അദ്ദേഹത്തെ കണ്ടിട്ടുള്ളവർ പറയുന്നു. അദ്ദേഹം ഖാദിയാനിലായിരിക്കെ ഏദനിൽ ഡോക്ടറായിരുന്ന സ്വന്തം മകന്റെ മരണ വാർത്ത കേട്ടപ്പോൾ അദ്ദേഹം ആദ്യമായി ഉരുവിട്ട വാചകം "ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ''(നാമെല്ലാവരും അവനിൽ നിന്നുള്ളവരാണ്. അവനിലേക്ക് തന്നെയാണ് നമ്മുടെയെല്ലാവരുടെയും മടക്കം.) എന്നതായിരുന്നു. പിന്നെ അദ്ദേഹം ഉരുവിട്ട വാക്കുകൾ അതായത് അല്ലാഹുവിന്റെ സംതൃപ്തി എന്നായിരുന്നു. കരച്ചിലോ വിലാപമോ ഒന്നും ഉണ്ടായിരുന്നില്ല.

( ***The Devotion of Life - Its Importance and Blessings***)

സമ്പാ: കെ.വി.ഹസ്സൻകോയ

# മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് 2013-2014 പ്രവർത്തക സമിതി

| | |
|---|---|
| **സദ്ർ** | **റഫീഖ് അഹ്മദ് സാഹിബ് ബേഗ്** |
| നാഇബ് സദ്ർ | അതാ ഇലഹി അഹ്സൻ ഗോരി സാഹിബ്. |
| നാഇബ് സദ്ർ ദാറുസ്സനഅത്ത് | അസ്ഹർ അഹ്മദ് ഖാദിം സാഹിബ് |
| നാഇബ് സദ്ർ സൗത്ത് ഇന്ത്യ | മുസവ്വിർ അഹ്മദ് സാഹിബ് ഡണ്ടോത്തി. |
| നാഇബ് സദ്ർ ഈസ്റ്റ് ഇന്ത്യ | അബ്ദുൽ വദൂദ് ഖാൻ സാഹിബ് |
| മുഅ്തമിദ് | മത്തീനുർ റഹ്മാൻ സാഹിബ്. |
| മുഹ്തമിം തഅ്ലീം | അതാഉൽ മുജീബ് ലോൺ സാഹിബ് |
| മുഹ്തമിം തർബിയ്യത്ത് | കെ. ത്വാരിഖ് അഹ്മദ്സാഹിബ് |
| മുഹ്തമിം മാൽ | മുഹമ്മദ് നൂറുദ്ദീൻ നാസിർ സാഹിബ് |
| മുഹ്തമിം ഉമൂമി | മാമൂൻ റശീദ് തബ്റേസ് സാഹിബ് |
| മുഹ്തമിം സനത്ത് വ തിജാറത് | സയ്യദ് അഅ്ജാസ് അഹ്മദ് സാഹിബ് |
| മുഹ്തമിം ഇശാഅത്ത് | ശേഖ് മുജാഹിദ് അഹ്മദ് സാഹിബ് ശാസ്ത്രി |
| മുഹ്തമിം അത്ഫാൽ | നിയാസ് അഹ്മദ് സാഹിബ് നായിക് |
| മുഹ്തമിം ഉമൂറെ തുലബാഅ് | തസ്നീം അഹ്മദ് ബട്ട് സാഹിബ് |
| മുഹ്തമിം ഖിദ്മത്തെ ഖൽഖ് | അബ്ദുൽ മുഹ്സിൻ സാഹിബ് |
| മുഹ്തമിം തബ്ലീഗ് | ശേഖ് ഫരീദ് അഹ്മദ് സാഹിബ് |
| മുഹ്തമിം മഖാമി | നാസിർ മഹ്മൂദ് സാഹിബ് |
| മുഹ്തമിം വഖാറെ അമൽ (ഖാദിയാൻ മോടിപിടിപ്പിക്കൽ) | സുബൈർ അഹ്മദ് ത്വാഹിർ സാഹിബ് |
| മുഹ്തമിം വഖാറെ അമൽ | നയീം അഹ്മദ് സാഹിബ് ഇഫ്തിഖാർ |
| മുഹ്തമിം തർബിയ്യത്ത് നൗമുബായിഈൻ | ഗുലാം ആസിമുദ്ദീൻ സാഹിബ് |
| മുഹ്തമിം തഹ്രീക് ജദീദ് | അബ്ദുൽ അലീം സാഹിബ് ആഫ്താബ് |
| മുഹ്തമിം സിഹത്തെ ജിസ്മാനി | സുൽത്വാൻ അഹ്മദ് ആദിൽ സാഹിബ് |
| മുഹ്തമിം തജ്നീദ് | ത്വാരിഖ് മഹ്മൂദ് സാഹിബ് |
| മുഹാസിബ് | ഹാഫിസ് അക്ബർ സാഹിബ് |
| അഡീ.മുഅ്തമിദ്,മുആവിൻ സദ്ർ | ശമീം അഹ്മദ് ഗോരി സാഹിബ് |
| മുആവിൻ സദ്ർ | എസ്. എം. ബശീറുദ്ദീൻ സാഹിബ് |
| അഡീ.മുഹ്തമിം തബ്ലീഗ് | മുഹമ്മദ് ത്വാഹിർ സാഹിബ് |
| അഡീ.മുഹ്തമിം മഖാമി | ലുഖ്മാൻ ഖാദിർ ഭട്ടി സാഹിബ് |
| അഡീ.മുഹ്തമിം ഇശാഅത്ത് | സയ്യദ് സുബൈർ അഹ്മദ് സാഹിബ് |
| അഡീ.മുഹ്തമിം തഅ്ലീം | സയ്യദ് അഹ്‌യാഉദ്ദീൻ സാഹിബ് |
| അഡീ.മുഹ്തമിം സിഹത്തെ ജിസ്മാനി | അത്താഉൽ മുഅ്മിൻ സാഹിബ് |
| അഡീ.മുഹ്തമിം തജ്നീദ് | ത്വയ്യിബ് അഹ്മദ് സാഹിബ് ഖാദിം |
| അഡീ.മുഹ്തമിം ഖിദ്മത്തെ ഖൽഖ് | റഫീഖ് അഹ്ദ് ഖമർ സാഹിബ് |
| അഡീ.മുഹ്തമിം ഉമൂറെ തുലബാഅ് | ഹാഫിസ് അസ്‌ലം സാഹിബ് |
| അഡീ.മുഹ്തമിം തർബിയ്യത്ത് | തൻവീർ അഹ്മദ് സാഹിബ് നാസിർ |
| അഡീ.മുഹ്തമിം അത്ഫാൽ | മുഹമ്മദ് നസർ ഗോരി സാഹിബ് |
| അഡീ.മുഹ്തമിം ഉമൂമി | നവീദ് അഹ്മദി ഫസൽ സാഹിബ് |
| അഡീ.മുഹ്തമിം വഖാറെ അമൽ | നസീം അഹ്മദ് ഡാർ സാഹിബ് |
| അഡീ.മുഹ്തമിം സനത്ത് വ തിജാറത് | സാദിഖ് അഹ്മദ് ചിമ സാഹിബ് |
| അഡീ.മുഹ്തമിം മാൽ | ആശിഖ് ഹുസൈൻ സാഹിബ് ഗനായി. |

# മുസവ്വിർ അഹ്മദ് സാഹിബ് പുതിയ നാഇബ് സദർ

**ഖാദിയാൻ :** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ ഭാരതിന്റെ പുതിയ നാഇബ് സദറായി (സൗത്ത് ഇന്ത്യ) മുസവ്വിർ അഹ്മദ് സാഹിബിനെ നിയമിച്ചു കൊണ്ടുള്ള ഉത്തരവിന് ഹുസൂർ തിരുമനസ്സ് അംഗീകാരം നൽകി. 1979 ൽ യാദ്ഗീറിലാണ് ജനനം. ഖുദ്ദാമുൽ അഹ്മദിയ്യാ യാദ്ഗീറിന്റെ അഡീഷണൽ നാസിം അത്ഫാൽ, നാസിം സിഹത്തെ ജിസ്മാനി, മുഹാസിബ് എന്നീ പദവികൾ അലങ്കരിച്ചിരുന്ന മുസവ്വിർ അഹ്മദ് സാഹിബ് 2009 - 2013 കാലയളവിൽ



മജ്‌ലിസിന്റെ ഖാഇദായി സേവനമനുഷ്ടിച്ചിരുന്നു. 2009-2013 കാലഘട്ടത്തിൽ നോർത്ത് കർണ്ണാടക ഇലാഖാ ഖാഇദായും സേവനമനുഷ്ടിക്കാനുള്ള സൗഭാഗ്യം ലഭിച്ചു. കൂടാതെ കഴിഞ്ഞ മൂന്നു വർഷമായി യാദ്ഗീർ ജമാഅത്ത് നാഇബ് അമീറായും സേവനമനുഷ്ടിച്ചു വരുന്നു.

മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് മുആവിൻ സദർ (സദറിന്റെ സഹായി) ആയി മൗലവി എസ്. എം. ബശീറുദ്ദീൻ സാഹിബിന്



ഹുസൂർ തിരുമനസ് അംഗീകാരം നൽകി. പാലക്കാട് സ്വദേശിയായ മൗലവി ബശീറുദ്ദീൻ സാഹിബ് ജാമിഅ പഠനത്തിന് ശേഷം കുറച്ചു കാലം ജാമിഅത്തുൽ മുബശ്ശിരീനിൽ അദ്ധ്യാപകനായിരുന്നു. തഹ്രീക് ജദീദ് നാഇബ് വക്കീലുൽ മാൽ ദോം സേവനം ചെയ്തു കൊണ്ടിരിക്കേയാണ് പുതിയ അംഗീകാരം. കൂടാതെ കേരള, തമിഴ്നാട് സംസ്ഥാനങ്ങളിലെ മജ്‌ലിസുകളുടെ നിഗ്‌രാൻ ആയും സദർ സാഹിബ് അദ്ദേഹത്തെ ചുമതലപ്പെടുത്തി.

അല്ലാഹു ഇവർക്ക് രണ്ടു പേർക്കും ഈ പദവികൾ അനുഗൃഹീതമാക്കട്ടെ. ഏറ്റവും ഉത്തമമായ നിലയിൽ ഉത്തരവാദിത്വം നിറവേറ്റുന്നതിനുള്ള തൗഫീഖും നൽകുമാറാകട്ടെ. ആമീൻ

## ഖുർആൻ ഖത്തം



മഞ്ചേരി ജമാഅത്തിലെ ത്വാഹാ സാഹിബിന്റെയും ബെൻശാ ത്വാഹാ സാഹിബയുടെയും മകനായ മുഹമ്മദ് ഹാനി, 7 1/2 വയസ്സ്.



*മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ കോഴിക്കോട് ബീച്ച് പരിസരത്ത് നടത്തിയ എക്സിബിഷൻ*

# ആചാര്യഅവാർഡ് കരസ്ഥമാക്കി



**വാരണാസി:** മുഹമ്മദ് നസീറുൽ ഹഖ് സാഹിബ് സമ്പൂർണ്ണാനന്ദ സംസ്കൃത യൂണിവേഴ്സിറ്റിയിൽ നിന്ന് ആചാര്യ അവാർഡ് കരസ്ഥമാക്കി. സംസ്കൃത വിഭാഗത്തിൽ ഭാരതത്തിലെ പരമോന്നത ബഹുമതി കരസ്ഥമാക്കുന്ന ആദ്യത്തെ മുസ്ലിമാണ് ഖാദിയാൻ ജമാഅത്ത് അംഗമായ നസീറുൽ ഹഖ്. ഖാദിയാനിലെ മുഹമ്മദ് അബ്ദുൽ ഹഖ് സാഹിബിന്റെ മകനാണ് ഇദ്ദേഹം.

ബഹുമാന്യ ഉത്തർപ്രദേശ് ഗവർണ്ണർ ബി.എൽ ജോഷിയിൽ നിന്ന് അവാർഡും സ്വർണ്ണപതക്കവും ഏറ്റു വാങ്ങി. സുപ്രീം കോടതി ജഡ്ജി ശ്രീ.മുകുന്ദാകം ശർമ്മയും സന്നിഹിതനായിരുന്നു.

# റെയിൽവേ സ്റ്റേഷനിൽ ശുചീകരണയജ്ഞം



**പഴയങ്ങാടി:** കാടു കയറി നിരവധി പ്രവേശന വഴികൾ പോലും അടഞ്ഞു യാത്ര ദുസ്സഹമായ റെയിൽവേ സ്റ്റേഷൻ പരിസരം അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് പ്രവർത്തകർ ശുചീകരണം നടത്തി. ഖാദിം അൻസാർ അത്ഫാൽ സഹോദരങ്ങളുടെ ദിവസങ്ങളോളം നീണ്ട പ്രവർത്തനത്തിലൂടെയാണ് മാതൃകാപരമായ ഈ വഖാറെ അമൽ നടപ്പിലാക്കിയത്. മൗലവി ഇസ്മാഈൽ, കെ.പി. മസൂദ്, റഹീം ശംസുദ്ദീൻ എന്നിവർ നേതൃത്വം നൽകി

## വഗേലയെ സന്ദർശിച്ചു



**ഗാന്ധിനഗർ:** ഗുജറാത്ത് അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് അംഗങ്ങൾ കോൺഗ്രസ് നേതാവ് ശങ്കർ സിംഗ് വഗേലയെ അദ്ദേഹത്തിന്റെ വസതിയിൽ സന്ദർശിച്ചു. ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് മുആവിൻ സദർ എസ്.എം.ബഷീർ സാഹിബും സംഘത്തിലുണ്ടായിരുന്നു.

# ജില്ലാ ഖാഇദുമാർ



റഷീദ് അഹ്മദ് സാഹിബ്
കൊട്ടാരക്കര
കൊല്ലം ജില്ല



ഇ.എച്ച്.നജീബ് സാഹിബ്
കാക്കനാട്
എറണാകുളം ജില്ല



ലിയാക്കത്ത് സാഹിബ്
പാലക്കാട്
പാലക്കാട് ജില്ല



മുഷ്താഖ് അഹ്മദ് സാഹിബ്
കരുളായി
മലപ്പുറം ജില്ല



എ.ടി.നസറുദ്ദീൻ സാഹിബ്
കോഴിക്കോട്
കോഴിക്കോട് ജില്ല



ശംഷീർ സാഹിബ്
കൂടാളി
കണ്ണൂർ ജില്ലാ

പൊതുവിജ്ഞാനം



# കാക്ക (CROW)

കാക്കകൾ പൊതുവിൽ കൗശലക്കരനാണ് എന്നുള്ളത് പ്രസിദ്ധമാണ്.
എന്നാൽ അല്ലാഹു കാക്കകൾക്ക് തങ്ങളുടെ ഉദ്ദേശ്യത്തിനും ആവശ്യകതയ്ക്കും അനുഗുണമായ നിലയിലുള്ള കല്ല് കൊണ്ടുള്ള ആയുധങ്ങൾ ഉണ്ടാക്കുന്നതിനുള്ള കഴിവും നൽകിയിട്ടുണ്ട്. അതുപയോഗിച്ച് അവ കീടങ്ങളെയും പ്രാണികളെയും എട്ടുകാലികളെയും അവയുടെ സുരക്ഷിത വാസസ്ഥലങ്ങളിൽ നിന്ന് പുറത്തെടുക്കുന്നു.





കാക്കകൾ ഈർക്കിലികൾ ഉപയോഗിച്ച് ഹുക്ക് ഉണ്ടാക്കുന്നു.
അതുപോലെ പരുപരുത്ത ഇലകൾ ഉപയോഗിച്ച് കത്തികൾ ഉണ്ടാക്കുന്നു.
ഉണ്ടാക്കിയ ആയുധങ്ങളെ അവ ഉപേക്ഷിക്കില്ല മറിച്ച് സൂക്ഷിച്ച് വെക്കുന്നു. ഇര തേടിപ്പോകുമ്പോൾ ആയുധങ്ങളും കൊണ്ടു പോകുന്നു.
ഏത് പാറയാണ് ആയുധം ഉണ്ടാക്കാനനുഗുണമയി മാർദവമുള്ളത് എന്ന് കാക്കകൾക്ക് തിരിച്ചറിയാൻ കഴിയുന്നതാണ്.







കാക്കയുടെ കൗശലത്തെ കുറിച്ച് വിശുദ്ധഖുർആനും സാക്ഷി പറയുന്നുണ്ട്. ആദം (അ) ന്റെ മകന് തന്റെ സഹോദരനെ മറവ് ചെയ്യുന്നതിനുള്ള രീതി മനസ്സിലാക്കി കൊടുത്തത് കാക്കയായിരുന്നു.

*(അൽഫദ്ൽ ഇന്റർനാഷണൽ)*

ആരോഗ്യം



# നേത്ര സംരക്ഷണം

**മിസ് ആസിഫ ശരീഫ്**
ബി.എസ്.സി (ഹോണേഴ്സ്) ലണ്ടൻ

മനുഷ്യ ശരീരത്തിലെ ഏറ്റവും വലിയ സംവേദിയായ ഒരു അവയവമാണ് കണ്ണ്. അണുബാധകൾ, മുറിവുകൾ, പ്രായസംബന്ധമായ രോഗങ്ങൾ, അലർജികൾ തുടങ്ങി കാഴ്ച ശക്തിയെ ബാധിക്കുന്ന വിവിധ പ്രശ്നങ്ങൾ ഉണ്ടെങ്കിലും ചില മുൻകരുതലുകളിലൂടെ ഒരു പരിധി വരെ ഇതിൽ നിന്ന് രക്ഷനേടാൻ സാധിക്കുന്നതാണ്.

- സ്ഥിരമായ നേത്ര പരിശോദനകളിലൂടെ (രണ്ട് വർഷത്തിൽ ഒരുക്കൽ) കാഴ്ച ശക്തിയെ ഗുരുതരമായി ബാധിച്ചേക്കാവുന്ന രോഗ നിർണയങ്ങൾ നടത്താൻ സാധിക്കുകയും അനുയോജ്യമായ ചികിൽസാ രീതികൾ നിർണയിക്കാൻ സാധിക്കുന്നതുമാണ്.

- കണ്ണുകൾക്ക് ആവശ്യത്തിന് വിശ്രമം നൽകേണ്ടതാണ്. മതിയായ ഉറക്കവും, ധാരാളം വെള്ളം കുടിക്കുന്നതും, കമ്പ്യൂട്ടർ തുടങ്ങിയവ ഉപയോഗിക്കുമ്പോൾ ഇടയ്ക്കിടെ വിശ്രമം നൽകുന്നതും കണ്ണുകളെ ആരോഗ്യമുള്ളതായി നിലനിർത്താൻ ഉപകരിക്കും.







- വ്യക്തിത്വ ശുചിത്വം കണ്ണുകളെ സംരക്ഷിക്കുന്നു. കണ്ണടകൾ ധരിക്കുന്നതിന് മുമ്പ് കൈകൾ കഴുകുന്നത് അണുബാധയിൽ നിന്ന് തടയുന്നു.

- പോഷകഗുണങ്ങൾ ധാരാളം ഉള്ള ആഹാരക്രമത്തിലൂടെ വാർദ്ധക്യ സംബന്ധിയായ നേത്രരോഗങ്ങളെ നിയന്ത്രിക്കാൻ സാധിക്കുന്നതാണ്.

- പൊടിപടലങ്ങളും മറ്റുമുള്ള സ്ഥലങ്ങളിൽ ജോലി ചെയ്യുമ്പോൾ സൺഗ്ലാസും മറ്റും ധരിക്കുന്നത് നേത്ര സംരക്ഷണത്തിന് അനുപേക്ഷണീയമാണ്.

*(അവ: ഹുവശ്ശാഫി)*






**AL HAQ** VOL :21 ISSUE: 12 DECEMBER 2013

122-ാം
**ജൽസാ സാലാനാ**
**ഖാദിയാൻ**
**ഡിസംബർ 27,28,29**



AHMADIYYA MUSLIM JAMA'AT INDIA

**122nd JALSA SALANA 2013**

**27TH, 28TH & 29TH DECEMBER**

At Darul Aman, Qadian

## ജൽസാ സാലാന പ്രഭാഷണങ്ങൾ

| | പ്രഭാഷകർ | | വിഷയം |
|---|---|---|---|
| 1. | **മൗലാനാ മുനീർ അഹ്മദ് സാഹിബ് ഖാദിം**<br>അഡീഷണൽ നാസിർ ഇസ്‌ലാഹ് വ ഇർശാദ് ഖാദിയാൻ | : | **ദൈവാസ്തിക്യം** |
| 2. | **മൗലാനാ ഹമീദ് കൗസർ സാഹിബ്**<br>നാസിർ ദഅ്‌വത്തെ ഇലല്ലാഹ് ഉത്തരേന്ത്യ | : | **സീറത്തുന്നബി (സ)** |
| 3. | **മൗലാനാ മുഹമ്മദ് ഇനാം സാഹിബ് ഗോരി**<br>നാസിർ അഅ്‌ലാ ഖാദിയാൻ | : | **സീറത്ത് മസീഹ് മൗഊദ് (അ)** |
| 4. | **ജനാബ് മുഹമ്മദ് ദീൻ സാഹിബ് നാസ്**<br>റബ്‌വ | : | **സീറത്ത് സഹാബ (ഹദ്‌റത് ഹംസ (റ),<br>ഹദ്‌റത് മിർസാ ശരീഫ് അഹ്മദ് സാഹിബ് (റ))** |
| 5. | **മൗലാനാ അതാഉൽ മുജീബ് സാഹിബ് ലോൺ**<br>മുറബ്ബി സിൽസില ഖാദിയാൻ | : | **ഹദ്‌റത് അഹ്മദ് (അ) ന്റെ സത്യസാക്ഷ്യം** |
| 6. | **മൗലാനാ ഇനായത്തുല്ലാഹ് സാഹിബ് മൻഡാശി**<br>നാസിർ ഇസ്‌ലാഹ് വ ഇർശാദ് മർക്കസിയ്യ ഖാദിയാൻ | : | **അഞ്ചാം ഖിലാഫത്തിന്റെ അനുഗ്രഹീത<br>10 വർഷങ്ങളും അതിന്റെ മധുര ഫലങ്ങളും** |
| 7. | **മൗലാനാ തൻവീർ അഹ്മദ് സാഹിബ് ഖാദിം**<br>നാഇബ് നാസിർ ദഅ്‌വത്തെ ഇലല്ലാഹ് ഉത്തരേന്ത്യ | : | **മതഗുരുക്കളോടുള്ള ആദരവ് (പഞ്ചാബി)** |
| 8. | **മൗലാനാ കരീമുദ്ദീൻ സഹിബ് ശാഹിദ്**<br>പ്രിൻസിപ്പാൾ ജാമിഅ അഹ്മദിയ്യ ഖാദിയാൻ | : | **വിശുദ്ധഖുർആൻ ഒരു സമ്പൂർണ്ണ ജീവിത പദ്ധതി,<br>വർത്തമാനകാല സമസ്യകളുടെ വെളിച്ചത്തിൽ** |
| 9. | **മൗലാനാ സഫീർ അഹ്മദ് സാഹിബ് ശമീം**<br>നാഇബ് നാസിം ഇർശാദ് വഖ്ഫെ ജദീദ് ഖാദിയാൻ | : | **വർത്തമാന കാലഘട്ടത്തിൽ<br>പ്രാർഥനയുടെ പ്രാധാന്യം** |
| 10. | **മൗലാനാ സഹീർ അഹ്മദ് സാഹിബ് ഖാദിം**<br>അഡീഷണൽ നാസിർ ദഅ്‌വത്തെ ഇലല്ലാഹ് ദക്ഷിണേന്ത്യ | : | **ദഅ്‌വത്തെ ഇലല്ലായും അഹ്മദിയ്യ ജമാഅത്തിന്റെ<br>ഉത്തരവാദിത്വങ്ങളും** |
| 11. | **മൗലാനാ മസ്ഹർ അഹ്മദ് സാഹിബ് വസീം**<br>സൂപ്രണ്ട് ജാമിഅ അഹ്മദിയ്യാ ഖാദിയാൻ | : | **ബയ്അത്ത് നിബന്ധനകളും<br>ഉത്തരവാദിത്വങ്ങളും** |
| 12. | **മൗലാനാ ഇസ്മാഈൽ ത്വാഹിർ സാഹിബ്**<br>വക്കീലുത്തബ്ശീർ തഹ്‌രീക് ജദീദ് ഖാദിയാൻ | : | **ധനത്യാഗത്തിന്റെ പ്രാധാന്യവും<br>അനുഗ്രഹങ്ങളും.** |

**കൂടാതെ സമാപന ദിവസം ലണ്ടനിൽ നിന്ന് സയ്യദ്നാ ഹദ്‌റത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹു തആലാ) **സമാപന പ്രഭാഷണത്തിന്റെ തൽസമയ പ്രക്ഷേപണവും ഉണ്ടായിരിക്കുന്നതാണ്. ഇൻശാ അല്ലാഹ് .**

all programmes will be translated into: **Arabic, English, Bangla, Malayalam, Tamil, Kannad, Telugu etc.**

**NAZIR ISLAH-O-IRSHAD, QADIAN, GURDASPUR DISTRICT, PUNJAB**

Printer & Publisher : T.K.Mushtaq Ahmad
Manager : A.T.Nasarudheen
Layout : Quraish
Chief Editor : H.Shamsuddin
Editor : T.M.Abdul Mujeeb
Members : Arif Mohammad , Ameerudheen Sajid

Not for Sale, Circulation among members only

Views expressed in the publication are not nessessarily the belief of the Ahmadiyya Muslim Community

Printed & Published by T.K.Mushtaq Ahmad, for Majlis Khuddamul Ahmadiyya Kerala at Orange, Calicut